# THE GURUNATHAN

# ഗുരുനാഥൻ

L. No. 85/15—7—26.

| | | |
|---|---|---|
| പുസ്തകം 17 | 1113 മിഥുനം, കൎക്കടകം | ലക്കം 11, 12 |


വിദ്യാദാനവിശിഷ്ടകൃത്യരതരാമദ്ധ്യാപകാനാം സദാ
വിദ്യാഽദാനഭരം വഹിച്ചുമരുവും വിദ്യാൎത്ഥിലോകത്തിനും
വിദ്യാലോലുപരായ മററു ജനസാമാന്യത്തിനും പത്ഥ്യമാം
വിദ്യാസങ്ഗ്രഹസമ്പുടോഽസ്തു ഗുരുനാഥോയം സഹായം ഭുവി.

## വിഷയവിവരം


1. വാൎദ്ധാ വിദ്യാഭ്യാസം ... 471
2. വിശ്വഭാരതി ... 481
3. ശ്രീ ചിത്രാഞ്ജലി ... 487
4. ഭഗവാൻ ശ്രീ ഹംസൻെറ കൈലാസയാത്ര ... 490
5. വിദ്യാൎത്ഥികളുടെ ആരോഗ്യസംരക്ഷണം ... 496
6. യശശ്ശരീരനായ പി. കെ. ... 499
7. രണ്ടു ശാകുന്തളങ്ങൾ ... 503
8. എങ്ങ്...മ തെണ്ടിത്തെണ്ടിയലഞ്ഞുതിരിഞ്ഞിട്ടും
എങ്ങുമേ കണ്ടില്ലല്ലോ കാണേണ്ടതിനിയും ഞാൻ ... 509
9. ഖദ്യോത...ഥനം ... 511
10. ഇററലിയ...അബ്സീനിയയും ... 514
11. സുഖ... ... 416
12. നീ...തു...ന്നറിയുക ... 519
13. ...മയു...സുവസ്ഥം ... 523
14. ...യം ... 528
15. ഇ...സ്കൂളിലെ പ്രകൃതിപഠനം ... 529
16. ...പനവിജയം ... 531
17. ...സമക്ഷം ... 541
18. ...വധം ... 543
19. ...സ്തകാഭിപ്രായം ... 547
20. തിരുവിതാംകൂർ പാഠാവലി ... 548
21. സാങ്കേതികശബ്ദങ്ങൾ ... 551

# REDUCED PRICE.

BLACKIES LARGE TYPE

**Concise English (DICTIONARY)** PAGES—888.

**CHARLES ANNANDALE** M. A., L. L. D.

**Four Rupees Only**

## ആശാന്റെ മററു ചില കൃതികൾ.

| | | | | | | | |
|---|---|---|---|---|---|---|---|
| കരുണ | 0 | 6 | 0 | കുയിൽ | 0 | 2 | 0 |
| ലീല | 0 | 10 | 0 | പുഷ്പവാടി | 0 | 6 | 0 |
| മണിമാല | 0 | 6 | 0 | ദുരവസ്ഥ | 0 | 8 | 0 |
| ചണ്ഡാലഭിക്ഷുകി | 0 | 8 | 0 | വനമാല | 0 | 12 | 0 |
| രണ്ടു ഖണ്ഡകൃതികൾ | 0 | 4 | 0 | | | | |

## അദ്ധ്യാപനസംബന്ധമായ ചില പുസ്തകങ്ങൾ.

### അദ്ധ്യാപനസാഹ്യം

ഗ്രന്ഥകർത്താ:—

എൻ. ശിവശങ്കരപ്പിള്ള B. A., L. T.

വിലഅണ 8.

### അദ്ധ്യാപനാങ്കുരം

ഗ്രന്ഥകർത്താ: —

എൻ. ശിവശങ്കരപ്പിള്ള B. A; L. T.

വില അണ 6.

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.

# ഗുരുനാഥൻ

| പുസ്തകം 17 | 1113 മിഥുനം | ലക്കം 11 |
|---|---|---|


## വാർദ്ധാവിദ്യാഭ്യാസപദ്ധതി

### I.

“വാർദ്ധാസ്കീം” എന്ന പേരിൽ അറിയുന്ന വിദ്യാഭ്യാസപദ്ധതിയെക്കുറിച്ചു മഹാത്മജി പലപ്പോഴായി എഴുതിയിട്ടുള്ള ലേഖനങ്ങളുടെ ഒരു സംഗ്രഹമാണു് താഴെ കാണുന്നതു്.

ഒരു ജനതയെന്നനിലയിൽ ഭാരതീയർ വിദ്യാഭ്യാസത്തിൽ വളരെ പിന്നിലാണു് നില്ക്കുന്നതു്. സാമ്പത്തികനിലയെ ആശ്രയിച്ചു നിർമ്മിതമാകുന്ന ഒരു പദ്ധതി അനുസരിച്ചു് ഒരു തലമുറകൊണ്ടു് ഈ വിഷയത്തിൽ നമുക്കു ജനതയോടുള്ള പൌരധർമ്മം നിറവേററാൻ സാധിക്കുന്നതല്ല. അതുകൊണ്ടു് വിദ്യാഭ്യാസം ധനപരതന്ത്രമായിരിക്കരുതെന്നു ഞാൻ വിചാരിക്കുന്നു. മനസ്സ്, ശരീരം, ആത്മാവു് ഇവയുടെ സർവ്വതോമുഖമായ വികാസമാണു് വിദ്യാഭ്യാസംകൊണ്ടു വിവക്ഷിക്കുന്നതു്. അക്ഷരാഭ്യാസം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമോ അതിന്റെ പ്രാരംഭംപോലുമോ അല്ല. വിദ്യാഭ്യാസത്തിന്റെ വിവിധമാർഗ്ഗങ്ങളിൽ ഒന്നുമാത്രമാണു് അക്ഷരാഭ്യാസം. അതു തനിയെ വിദ്യാഭ്യാസമാകുന്നതല്ല. ഉപയോഗപ്രദമായ ഏതെങ്കിലും ഒരു കൈത്തൊഴിൽ പരിശീലനംകൊണ്ടു് ശിശു വിദ്യാഭ്യാസമാരംഭിക്കണം. അതുകൊണ്ടു പരിശീലനാരംഭത്തോടുകൂടിത്തന്നെ ശിശുക്കൾ സാധനനിർമ്മാണവും പഠിക്കുന്നു. ശിശുക്കൾ നിർമ്മിക്കുന്ന സാധനങ്ങൾ സംസ്ഥാനങ്ങൾ വിലയ്ക്കെടുക്കുന്നപക്ഷം ഓരോ പാഠശാലയും ധനപരമായി സ്വതന്ത്രമായിത്തീരുന്നു.

ഈ പദ്ധതി അനുസരിച്ചു വിദ്യാഭ്യാസംകൊണ്ടു മനസ്സിനും ആത്മാവിനും അത്യുത്തമമായ വികാസം ലഭിക്കുന്നതാണു്. പക്ഷേ, ഓരോ തൊഴിലും ഇന്നത്തെപ്പോലെ യാന്ത്രികമായി പഠിപ്പിച്ചാൽ പോരാ. അ

ഭ്യസനം ശാസ്ത്രീയമായിരിക്കണം. അതായതു്, ശിശു ചെയ്യുന്ന ഓരോ പ്രവൃത്തിയും കാൎയ്യകാരണബോധത്തോടുകൂടിവേണം ചെയ്യേണ്ടതു്. ഈ നിർദ്ദേശങ്ങൾ നൽകുന്നതു് അനുഭവജന്യമായ ആത്മവിശ്വാസത്തോടുകൂടിയാണു്. വേലക്കാരനെ നൂലു നൂല്പു് പഠിപ്പിക്കുന്നതു് ഈ രീതിയിലാണു്. ഈ രീതിയിൽ പഠിപ്പിച്ചിട്ടുള്ള നൂൽനൂല്പും പാഠകനിൎമ്മാണവും സൽഫലങ്ങളെ പ്രദാനംചെയ്യുന്നുണ്ടു്. ഭൂമിശാസ്ത്രം, ചരിത്രം, മുതലായവയുടെ പഠനക്രമവും ഈ രീതിക്കു വഴങ്ങുന്നതാണു്. അവയ്ക്കു ജ്ഞാനം ഗുരുമുഖത്തിൽനിന്നു് (പുസ്തകത്തിൽനിന്നല്ല) ശിശുഹൃദയത്തിലേയ്ക്കു പകരുന്നതാണു് നല്ലതു്. എഴുത്തു വായന ഇവകൊണ്ടു ലഭിക്കുന്ന അറിവിന്റെ ഒരംശം ഈ വിധത്തിൽ സമ്പാദിക്കാവുന്നതാണു്. വിദ്യാൎത്ഥിക്കു കല്ലും നെല്ലും തിരിച്ചറിയാൻ കഴികയും സ്വാഭിരുചികൾ ഏതാണ്ടു വ്യക്തരൂപം കൈക്കൊള്ളുകയും ചെയ്യുന്നതോടുകൂടി ലിപികൾ പഠിപ്പിക്കാം. ഈ നിർദ്ദേശങ്ങൾ ഒരു പരിവൎത്തനം ഉണ്ടാക്കും. എന്നാൽ ഇതു സമയത്തേയും പ്രയത്നത്തേയും വളരെ ലാഭപ്പെടുത്തും.

ഇതു് ഒരു പുതിയ നിർദ്ദേശമാണെന്നു സമ്മതിക്കാം. എന്നാൽ പുതുമ ഒരപരാധമല്ല. ഇതിൽ അനുഭവജ്ഞാനം വളരെയില്ലെങ്കിലും വിശ്വാസപൂൎവ്വം പ്രവൎത്തിച്ചാൽ ഇതു വിജയകരമായിത്തീരുമെന്നു് ആശിക്കുന്നതിനു പരിമിതമായ അനുഭവജ്ഞാനം പ്രേരിപ്പിക്കുന്നുണ്ടു്. ഏതായാലും ഇതൊന്നു പരീക്ഷിക്കുന്നതുകൊണ്ടു് രാഷ്ട്രത്തിനു നഷ്ടമൊന്നും വരാനില്ല. അല്പമായിട്ടെങ്കിലും വിജയമുണ്ടാകുന്നപക്ഷം ലാഭം അളവററതായിരിക്കും. പ്രാഥമികവിദ്യാഭ്യാസം വ്യയഹീനവും നിർബന്ധിതവും ഫലപ്രദവും ആക്കുന്നതിനു വേറെ മാൎഗ്ഗമൊന്നും കാണുന്നില്ല. ഇപ്പോൾ നടപ്പിലിരിക്കുന്ന പ്രാഥമികവിദ്യാഭ്യാസം ഒരു കണിയും വ്യാമോഹവും ആണു്.

ഈ പദ്ധതിക്കു നിർദ്ദേശിച്ചിട്ടുള്ള ഏഴുവൎഷത്തെ ദൈൎഘ്യം അഭേദ്യമായ പ്രാധാന്യമുള്ളതല്ല. ഉദ്ദിഷ്ടമായ ബുദ്ധിവികാസം ലഭിക്കുന്നതിനു കുറെ സമയംകൂടി വേണ്ടിവന്നേക്കാം. കാലം അല്പംകൂടി നീണ്ടുപോകുന്നതുകൊണ്ടു രാഷ്ട്രത്തിനു യാതൊരു നഷ്ടവും വരുകയില്ല. പദ്ധതിയുടെ സാരാംശത്തെ ഇങ്ങനെ സംഗ്രഹിക്കാം:—

കുട്ടികളുടെ സൎവ്വതോമുഖമായ വികാസത്തിനു തൊഴിലുകളാണു് ഏററവും പററിയ മാൎഗ്ഗം; അതുകൊണ്ടു പാഠപദ്ധതി മുഴുവൻ തൊഴിൽപരിശീലനത്തെ ആശ്രയിച്ചിരിക്കണം. ഒന്നോ അഥവാ രണ്ടോ വൎഷത്തേക്കു പൂൎണ്ണമായി സാധിച്ചില്ലെങ്കിലും, വിദ്യാഭ്യാസകാലത്തെ ഒരുമിച്ചു ഗണിക്കുന്നപക്ഷം, വിദ്യാൎത്ഥികൾ തനിയെ വിദ്യാഭ്യാസച്ചെലവിനുള്ള പണം സമ്പാദിക്കണം.

പ്രാഥമികവിദ്യാഭ്യാസത്തിനാണു് ഏററവും പ്രാധാന്യം കല്പിക്കേണ്ടതു്. ഇംഗ്ലീഷ് ഒഴിച്ചാൽ അതിനു മെററ്റിക്കുലേഷൻെറ നില ഉണ്ടായിരിക്കണം. മുപ്പതുകോടി ജനങ്ങളെ വലയംചെയ്യുന്ന അന്ധകാരസമുദ്രത്താൽ രാഷ്ട്രം അനുഭവിക്കുന്ന നഷ്ടത്തോടു താരതമ്യം ചെയ്യുമ്പോൾ, കാളേജുവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ഏതാനും ലക്ഷം ആളുകൾ അവരുടെ അറിവുകളെല്ലാം പെട്ടെന്നു മറന്നുപോകുന്നാപക്ഷം ഉണ്ടാകുന്ന നഷ്ടം കേവലം നിസ്സാരമാണു്. അനേകലക്ഷം ഗ്രാമവാസികളുടെ അജ്ഞതയെ അവരുടെ അക്ഷരജ്ഞാനശൂന്യതകൊണ്ടു അളക്കാൻ കഴിയുന്നതല്ല.

കാളേജുവിദ്യാഭ്യാസത്തിലും വലിയ മാററങ്ങൾ വരുത്തി അതിനെ രാഷ്ട്രത്തിൻെറ ആവശ്യത്തോടു സംയോജിപ്പിക്കുന്നതിന്നു് എനിക്കു് ആഗ്രഹം ഉണ്ടു്. എൻജിനീയറിംഗു മുതലായ വിഷയങ്ങളിൽ ബിരുദങ്ങൾ ഉണ്ടായിരിക്കണം. അവ അതിനു യോജിച്ച വ്യവസായങ്ങളോടു് അനുബന്ധിച്ചിരിക്കണം. ഓരോ വ്യവസായവും അതിനാവശ്യമുള്ള ബിരുദധാരികളുടെ പരിശീലനത്തിനുള്ള ചെലവു വഹിക്കണം. ഉദാഹരണമായി സംസ്ഥാനത്തിൻെറ നേതൃത്വത്തിൽ, ശില്പവിദഗ്ദ്ധന്മാരെ പരിശീലിപ്പിക്കാനുള്ള ഒരു കാളേജു ടാററാക്കമ്പനിക്കാർ നടത്തുമെന്നു പ്രതീക്ഷിക്കാവുന്നതാണു്. വാണിജ്യമണ്ഡലം അതിനാവശ്യമുള്ള ഒരു കാളേജു നടത്തണം. കലകൾ, വൈദ്യശാസ്ത്രം, കൃഷി ഇവ വീണ്ടും ശേഷിക്കുന്നു. സക്കാർവകയല്ലാത്ത പല കലാപാഠശാലകളും ഇപ്പോഴും ധനപരമായി സ്വതന്ത്രമായി നടന്നുവരുന്നുണ്ടു്. അതുകൊണ്ടു സംസ്ഥാനങ്ങൾക്കു സ്വന്തം കാളേജുകൾ അടയ്ക്കാവുന്നതാണു്. വൈദ്യശാസ്ത്രമഹാപാഠശാലകൾ അംഗീകൃതങ്ങളായ ആസ്പത്രികളോടു് അനുബന്ധിച്ചുവേണം നടത്തേണ്ടതു്. ധനികന്മാർ അവയിൽ തല്പരന്മാരായി കാണുന്നതിനാൽ ആവക കാളേജുകൾ നടത്തുന്നതിനു പണക്കാരിൽനിന്നു സ്വതന്ത്രസംഭാവനകൾ പ്രതീക്ഷിക്കപ്പെടാവുന്നതാണു്. കൃഷിമഹാപാഠശാലകൾ അവയുടെ പേരിനെ അർഹിക്കണമെങ്കിൽ സാമ്പത്തികമായി സ്വതന്ത്രമായിരിക്കണം. ഇപ്പോൾ ഉള്ള കൃഷിബിരുദധാരികളുടെ ജ്ഞാനം തീരെ ആഴമുള്ളതല്ല. അവക്കു പ്രായോഗികജ്ഞാനം വളരെക്കുറവാണു്. പരസഹായം കൂടാതെ ചെലവു നിവ്വഹിക്കുകയും നാട്ടിൻെറ ആവശ്യമറിഞ്ഞു പ്രവത്തിക്കുകയും ചെയ്യുന്ന കൃഷിത്തോട്ടങ്ങളിൽ പരിശീലനം ലഭിച്ചിരുന്നെങ്കിൽ ബിരുദലബ്ധിക്കുശേഷം ഉദ്യോഗം കൊടുക്കുന്ന ആളുകളെ നഷ്ടപ്പെടുത്തി അവക്കു പ്രായോഗികജ്ഞാനം സമ്പാദിക്കേണ്ടിവരുകയില്ലായിരുന്നു. ഈ പദ്ധതി കേവലം ഭാവനാസന്താനമാണെന്നു വിചാരിക്കരുതു്. നാം നമ്മുടെ മാനസികാലസതയെ ഉപേക്ഷിച്ചാൽ ഇതു യുക്തിപൂവ്വവും പ്രായോഗികവും ആണെന്നു കാണാവുന്നതാണു്.

വ്യവസായപരിശീലനംമുഖേന കണക്ക മുതലായ വിഷയങ്ങൾ പഠിപ്പിക്കുന്നതു് എങ്ങനെയെന്നൊരു സംശയം ഉണ്ടായേക്കാം. ട്രാൻസ് വാളിൽ "ടോംസ്റ്റായിഫാറ"ത്തിൽ തൊഴിൽമുഖാന്തിരം കുട്ടികൾക്ക നാനാമുഖമായ വികാസം നൽകിയിരുന്നു. അവക്ക് എട്ടുമണിക്കൂർ തൊഴിൽ പരിശീലനവും കൂടിയതു രണ്ടുമണിക്കൂർ ഗ്രന്ഥപരിചയവും ലഭിച്ചിരുന്നു. കിളയ്ക്കുക, പാചകം ചെയ്യുക, ശുചീകരണവൃത്തി, പാദുകനിമ്മാണം, ലഘുവായ മരപ്പണി മുതലായവയായിരുന്നു ജോലികൾ. കുട്ടികൾക്ക് ആറുമുതൽ പതിനാറുവരെ വയസ്സു പ്രായമുണ്ടായിരുന്നു.

മിഷനറിമാർ നടത്തുന്ന ചില സ്ഥാപനങ്ങളിൽ കാലത്തു മാത്രമേ പഠിത്തം നടക്കുന്നുള്ളു. വൈകുന്നേരം കുട്ടികൾ കൃഷിയോ കൈത്തൊഴിലോ ചെയ്യുന്നു. അവരുടെ ജോലി അനുസരിച്ച് അവക്ക് പ്രതിഫലവും നൽകുന്നു. അങ്ങനെ വിദ്യാഭ്യാസച്ചെലവ് ഏറക്കുറെ കുട്ടികൾതന്നെ നിവ്വഹിക്കുന്നു. വിദ്യാഭ്യാസം കഴിഞ്ഞു പുറത്തുവരുമ്പോൾ കുട്ടികൾ കരയ്ക്കുവീണ മത്സ്യത്തെപ്പോലെ പരുങ്ങാറില്ല. ജീവസന്ധാരണത്തിന് ഉതകുന്ന ഒരു തൊഴിൽ അവക്ക് വശമായിരിക്കും. സാധാരണ പാഠശാലകളിലെ ഉന്മേഷഹീനമായ ജീവിതം ഇത്തരം വിദ്യാലയങ്ങളിൽ കാണാറില്ല. അവർ കുറേക്കൂടി ദൃഢഗാത്രന്മാരും ആരോഗ്യവാന്മാരും ആണ്. ഉപയോഗപ്രദമായ ജോലി ചെയ്യുന്നവരിൽ സാധാരണ കാണാറുള്ള ആനന്ദവും അവരിൽ പ്രകാശിക്കുന്നുണ്ട്.

നൂൽനൂല്പ് മുതലായവ ബുദ്ധിവികാസത്തിനുള്ള മാഗ്ഗമായിരിക്കുമെന്നുള്ള തത്വം ജനങ്ങൾ നല്ലപോലെ മനസ്സിലാക്കിയിട്ടില്ല. കൈത്തൊഴിൽ മാനസികവികാസത്തിനുപയോഗിക്കുന്ന പാഠശാലകളിൽപോലും അതിനു ദ്വിതീയസ്ഥാനമേ നൽകിയിട്ടുള്ളു. പ്രധാനസ്ഥാനം മററു വിഷയങ്ങൾക്കാണ്. ഈ രണ്ടവസ്ഥകളുടേയും വ്യത്യാസം വേണ്ടപോലെ മനസ്സിലാക്കേണ്ടതാണ്. ഒരു ആശാരി എന്നെ മരപ്പണി പഠിപ്പിക്കുന്നു എന്നു വിചാരിക്കുക. അയാൾ അതെന്നെ യാന്ത്രികമായി പഠിപ്പിക്കും. തൽഫലമായി ഉളി മുതലായ പലതരം ആയുധങ്ങൾ ഉപയോഗിയ്ക്കാൻ ഞാൻ മനസ്സിലാക്കും. എന്നാൽ അതു് എൻെറ ബുദ്ധിയെ വികസിപ്പിക്കയില്ല. എന്നാൽ മരപ്പണിയിൽ ശാസ്ത്രീയമായി പരിശീലനം ലഭിച്ച ഒരാൾ എന്നെ പഠിപ്പിക്കുകയാണെങ്കിൽ അയാൾ എൻെറ ബുദ്ധിക്കുകൂടി ഒരു പ്രചോദനം നൽകുന്നതാണ്. അങ്ങനെ ഒരേസമയത്തു ഞാൻ ഒരാശാരിയും എൻജിനീയരും ആയിത്തീരും. അയാൾ മരപ്പണിയോടുകൂടി എന്നെ കണക്കുപഠിപ്പിക്കും; പലതരം തടികളുടെ വ്യത്യാസം എന്നെ ധരിപ്പിക്കും. ഓരോജാതിത്തടിയും എവിടെ ഉണ്ടാകുന്നു, അതു വി

ഉയരുന്ന പ്രദേശത്തിൻെറ ഭൂപ്രകൃതിയെന്തു്, വളച്ച്യൂനക്രൂലമായ പരിത സ്ഥിതികഠം ഏവ, ഇത്യാദി ചോദ്യങ്ങളുടെ ഉത്തരം അയാഠം പറഞ്ഞുത രും. ഞാൻ ഉപയോഗിക്കുന്ന ഉപകരണങ്ങളുടേയും ഉണ്ടാക്കുന്ന സാധന ങ്ങളുടേയും ആകൃതി വരയ്ക്കാനും, ആവഴി കണക്ക്, ക്ഷേത്രഗണിതം മുതലാ യവയിൽ അല്പാല്പം ജ്ഞാനം സമ്പാദിക്കുവാനും അയാഠം സഹായിക്കും. ബുദ്ധിവികാസവും കൈത്തൊഴിലും ഒരുമിച്ചു സംഘടിപ്പിക്കാൻ ആരും ശ്രമിക്കുന്നില്ല. ബുദ്ധിവികാസത്തിനു് എഴുത്തും വായനയും മാത്രമാണു് മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതു്. ബുദ്ധിയെ പോഷിപ്പിക്കാൻ ഏററ വും പ്രധാനമാർഗ്ഗം കൈത്തൊഴിലായിരിക്കുമെന്നാണു് ഈ പദ്ധതി ഉപ ദേശിക്കുന്നതു്. ഇപ്പോഠം നമ്മുടെ കുട്ടികളുടെ ബുദ്ധിയെ പാഴിൽ കളയു കയാണു ചെയ്യുന്നതു്. ഇപ്പോഴത്തെ പ്രാഥമികവിദ്യാഭ്യാസം കുട്ടികളെ ഉത്തമപൗരന്മാരായി ജീവിക്കുന്നതിനു സഹായിക്കുന്നതല്ല. തൊഴിലി നെ ആശ്രയിച്ചുള്ള വിദ്യാഭ്യാസം കുട്ടികളുടെ ബുദ്ധിയെ മന്ദീഭവിപ്പിക്കു മെന്നും, വിദ്യാഭ്യാസം രസഹീനമായിത്തീരുമെന്നും വിചാരിക്കുന്നതബദ്ധമാ ണു്. സമർത്ഥന്മാരായ അദ്ധ്യാപകന്മാരുടെ നേതൃത്വത്തിൽ തൊഴിൽ പഠി ക്കുമ്പോഠം കുട്ടികളുടെ മുഖങ്ങഠം ആനന്ദംകൊണ്ടു പ്രസന്നമായിത്തീരുന്നു. അസമർത്ഥന്മാർ തെററായ രീതിയിൽ അഭ്യസിപ്പിച്ചാൽ ഏററവും രസക രമായ വിഷയവും രസഹീനമായിത്തീരാറുണ്ടെന്നുള്ളതു് നമുക്കു് അനുഭവ മാണല്ലോ.

കാര്യസ്ഥിതി ഇങ്ങനെയൊക്കെയാണെങ്കിലും ചെലവു സ്വയം സ മ്പാദിക്കണമെന്ന ലക്ഷ്യം പ്രബലമാകുമ്പോഠം വിദ്യാഭ്യാസത്തിൻെറ യ ഥാർത്ഥവില അപഹൃതമായിപ്പോകുകതന്നെ ചെയ്യുമെന്നു പലരും പരിഭ്ര മിക്കുന്നുണ്ടു്. കേവലം ധനപരമായ ഒരുദ്ദേശമേ അവർ അതിൽ കാണു ന്നുള്ളു. 'യോഗ്യന്മാരായ അദ്ധ്യാപകന്മാരെ ലഭിക്കുന്നപക്ഷം കുട്ടികഠം തൊഴിലിൻെറ അന്തസ്സു മനസ്സിലാക്കുകയും, അതു് അവരുടെ ബുദ്ധിവി കാസത്തിനു പററിയ ഒരു മാർഗ്ഗവും, വിദ്യാഭ്യാസത്തിൻെറ അപരിഹാര്യ മായ ഒരംശവും ആണെന്നു ധരിക്കുകയും, സ്വന്തം പരിശ്രമംകൊണ്ടു ത ങ്ങളുടെ പരിശീലനത്തിനുള്ള വക സമ്പാദിക്കുന്നതു് അഭിമാനകരമാണെ ന്നു ഗണിക്കുകയും ചെയ്യുന്നതാണു്. തൊഴിൽ പഠിപ്പിക്കുന്നതു കേവലം സാധനനിർമ്മാണത്തിനല്ലെന്നും ബുദ്ധിവികാസത്തിനാണെന്നുമുള്ളതാണു് പ്രധാനമായ സംഗതി. വിദഗ്ദ്ധോപദേശത്തോടും, സംഘംചേർന്നു പ്രവർത്തി ക്കുന്നതിൽ ഉത്സാഹത്തോടുംകൂടി ബുദ്ധിപൂർവ്വമായി—യാന്ത്രികമായല്ല— ബാലികാബാലന്മാർ ജോലി ചെയ്യുന്നപക്ഷം ഒരുവർഷത്തെ പരിശീലനാ നന്തരം അവർക്കു മണിക്കൂറൊന്നിനു് ഒരണ സമ്പാദിക്കാൻ കഴിയും. ദി

വസം നാലുമണിക്കൂർവീതം 26 സാദ്ധ്യായദിവസങ്ങൾകൊണ്ടു് ഓരോ കുട്ടിയും മാസം ആറരരൂപാ സമ്പാദിക്കും. അനേകലക്ഷം കുട്ടികൾക്കു് ഇങ്ങനെ ലാഭകരമായി ജോലി ചെയ്യുവാൻ കഴിയുമോ എന്നാണു് അടുത്തുണ്ടാകാവുന്ന സംശയം. ഒരുവർഷത്തെ പരിശീലനശേഷം നമ്മുടെ കുട്ടികളെക്കൊണ്ടു മണിക്കൂറൊന്നിനു് ഒരണ പ്രതിഫലം ലഭിക്കത്തക്ക ജോലി ചെയ്യിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ നാം കേവലം ബുദ്ധിശൂന്യന്മാരാണു്. ഇൻഡ്യയിലെ ഗ്രാമങ്ങളിലെങ്ങുംതന്നെ ആളുകൾ മണിക്കൂറൊന്നിനു് ഒരണവീതം സമ്പാദിക്കുന്നില്ല.

ഇതിനു വേണ്ടിവരുന്ന അദ്ധ്യാപകന്മാരുടെ കാര്യം ആലോചിക്കേണ്ടിയിരിക്കുന്നു. അഭ്യസ്തവിദ്യരായ സ്ത്രീപുരുഷന്മാരെ ഇതിലേയ്ക്കു നിയോഗിക്കണം. അവരവർക്കു വിശേഷപരിശീലനം ലഭിച്ചിട്ടുള്ള വിഷയത്തിൽ ഏതാനുംവർഷം—അഞ്ചായിരിക്കട്ടെ—പഠിപ്പിക്കാൻ അവരെ നിർബ്ബന്ധിക്കണം. അവരുടെ ശമ്പളം നാട്ടിൻെറ സാമ്പത്തികസ്ഥിതിക്കു യോജിച്ചതരത്തിലുള്ള ജീവനസ്ഥാരണത്തിനു പര്യാപ്തമായിരിക്കണം. ഉന്നതവിദ്യാശാലകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളക്രമം അവസാനിക്കുകതന്നെവേണം. ഗ്രാമാദ്ധ്യാപകന്മാരുടെ സ്ഥാനത്തു കൂടുതൽ യോഗ്യതയുള്ളവരെ നിയമിക്കണം. ഇത്തരം അദ്ധ്യാപകന്മാരെ എവിടെ കിട്ടും. എന്നൊരു ചോദ്യം ഉണ്ടാകാം. ആവശ്യം സൃഷ്ടിയുടെ മാതാവു് എന്നു മാത്രമാണതിന്നുത്തരം. വിദ്യാഭ്യാസപദ്ധതിയുടെ നവീകരണത്തിൻെറ ആവശ്യം ബോദ്ധ്യംവന്നാൽ മററുള്ളവ വലിയ പ്രയാസംകൂടാതെ ഉണ്ടായിക്കൊള്ളും. ഇപ്പോഴത്തെ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്ന സമയധനങ്ങളുടെ അംശങ്ങൾകൊണ്ടു തൊഴിൽ പഠിപ്പിക്കാൻ നമുക്കാവശ്യമുള്ള അദ്ധ്യാപകന്മാക്കു പരിശീലനം നൽകാൻ കഴിയുന്നതാണു്. പുതിയ പദ്ധതിയിൽ സജീവമായ വിശ്വാസമുണ്ടായിരിക്കണമെന്നുള്ളതാണു് സർവ്വപ്രധാനം. അങ്ങനെയുള്ള വിശ്വാസംകൂടാതെ ലോകത്തിൽ മഹത്തായ യാതൊന്നുംതന്നെ സാധിച്ചിട്ടില്ല.

ഇന്നു ഞാൻ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുവാനാഗ്രഹിക്കുന്ന ആശയങ്ങൾ ചിരപരിചിതങ്ങളെങ്കിലും അവയുടെ പ്രദർശനരീതി എന്നെ സംബന്ധിച്ചിടത്തോളമെങ്കിലും പുതിയതാണു്. നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്ന പ്രമേയം പ്രാഥമികവും ഉന്നതവുമായ വിദ്യാഭ്യാസത്തെ സംബന്ധിച്ചാണു്. ഹൈസ്കൂൾവിദ്യാഭ്യാസത്തെക്കൂടി ഞാൻ പ്രാഥമികവിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തുന്നു. 1915 മുതലുള്ള എൻെറ സഞ്ചാരകാലങ്ങളിൽ ഞാൻ കണ്ടിട്ടുള്ള നമ്മുടെ ഗ്രാമങ്ങളിലെ ജനതയുടെ ഒരു നിസ്സാ

രാംശത്തിനുമാത്രമേ ഇന്നത്തെ പ്രാഥമികവിദ്യാഭ്യാസംപോലും ലഭിക്കുന്നുള്ളു. ഈ രാജ്യത്തിലെ ഗ്രാമങ്ങളുടെ അവസ്ഥ മററാരേക്കാളും ക്രൂരതലായി ഞാൻ കണ്ടിട്ടുണ്ട്. തെക്കെ ആഫ്രിക്കയിലെ ഗ്രാമജീവിതത്തെപ്പററിയും എനിക്കു നല്ല പരിചയമുണ്ട്. ഇൻഡ്യയിലെ ഗ്രാമങ്ങളിൽ നൽകുന്ന വിദ്യാഭ്യാസരീതിയെക്കുറിച്ച് എനിക്കു നല്ലവണ്ണമറിയാം. ഇപ്പോൾ ശിവഗണിൻ(Shegaon) സ്ഥിരമായി താമസിക്കുന്നതുകൊണ്ടു ദേശീയ വിദ്യാഭ്യാസവുമായി അടുത്തു പരിചയിക്കുന്നതിനു കഴിയുന്നുണ്ട്. ഇന്നത്തെ ഗ്രാമാവസ്ഥകൾ ശരിയാകണമെങ്കിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തെക്കൂടി പ്രാഥമികത്തിൽ ഉൾപ്പെടുത്തണമെന്നുള്ളതിൽ എനിക്കു സന്ദേഹമില്ല. അതുകൊണ്ടു രാഷ്ട്രസമക്ഷം സമൎപ്പിക്കാനാഗ്രഹിക്കുന്ന വിദ്യാഭ്യാസപദ്ധതി പ്രധാനമായി ഗ്രാമത്തിനുവേണ്ടിയുള്ളതായിരിക്കണം. പ്രാഥമികവിദ്യാഭ്യാസത്തെ ശരിയായി പരിഷ്കരിച്ചുകഴിയുന്നതോടുകൂടി കാളേജുവിദ്യാഭ്യാസം നിഷ്പ്രയാസം പരിഷ്കരിക്കാവുന്നതാണ്.

ഇന്നത്തെ പ്രാഥമികവിദ്യാഭ്യാസം നിഷ്ഫലമെന്നുമാത്രമല്ല ദോഷകരമാണെന്നുകൂടി ഞാൻ വിശ്വസിക്കുന്നു. ഭൂരിപക്ഷം ബാലന്മാരും അവരുടെ മാതാപിതാക്കന്മാൎക്കു നഷ്ടമാകുന്നു. അവരുടെ കുലക്രമാഗതമായ തൊഴിലിന് അവരുടെ സേവനം ലഭിക്കുന്നുമില്ല. അവർ ദുശ്ശീലങ്ങൾ സമ്പാദിക്കുകയും നാഗരികമാൎഗ്ഗങ്ങൾ അഭിനയിക്കുകയും ചെയ്യുന്നു. അവൎക്കു ലഭിക്കുന്ന അല്പജ്ഞാനത്തെ വിദ്യാഭ്യാസമെന്നു പറഞ്ഞുകൂടാ. ആ സ്ഥിതിക്കു പ്രാഥമികവിദ്യാഭ്യാസം എന്തായിരിക്കണം. കൈത്തൊഴിൽ മാൎഗ്ഗമായി കുട്ടികൾക്കു വിദ്യാഭ്യാസം നൽകുന്നതുകൊണ്ടു ഈ ന്യൂനതകൾ പരിഹൃതങ്ങളാകുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പുത്രന്മാരേയും മററു കുട്ടികളേയും തെക്കെ ആഫ്രിക്കയിലെ ടാൾസ്റ്റോയിഫാറത്തിൽ വച്ചു ചെരുപ്പുകുത്ത്, മരപ്പണി മുതലായ കൈത്തൊഴിൽ പഠിപ്പിച്ചതിൽനിന്ന് എനിക്ക് ഈ വിഷയത്തിൽ അല്പം പരിചയമില്ലാതില്ല. ആ കുട്ടികളിലാൎക്കുംതന്നെ അതുകൊണ്ടു യാതൊരു ദോഷവും ഉണ്ടായിട്ടില്ല എന്നു് എനിക്കു ബോദ്ധ്യമുണ്ട്.

മററു വിദ്യാഭ്യാസത്തോടുകൂടി എന്തെങ്കിലും കൈത്തൊഴിൽകൂടി പഠിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയല്ല ഇന്നു നിങ്ങളുടെ മുമ്പിൽ സമൎപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നതു്. ഏതെങ്കിലും കൈത്തൊഴിലോ വ്യവ

സായമോ മുഖാന്തിരം വിദ്യാഭ്യാസം മുഴുവൻ സാധിക്കുന്നമെന്നു ഞാൻ വിചാരിക്കുന്നു. ഇക്കാലത്തു് ഓരോ തൊഴിൽക്കാരുടെയിടയിൽ ജനിച്ചവർ അവരുടെ തൊഴിൽ മറക്കുകയും ഗുമസ്താപ്പണി സ്വീകരിക്കുകയും ചെയ്കയാൽ ഗ്രാമത്തിനു് അവർ നഷ്ടപ്പെട്ടിരിക്കുന്നു. അതുകൊണ്ടു് ഒരു സാധാരണഗ്രാമത്തിൽ ഇന്നു് ഒരു സമൎത്ഥനായ ആശാരിയെയോ കൊല്ലനേയൊ കാണാൻ പ്രയാസമായിരിക്കുന്നു. കൈത്തൊഴിലാം നെയ്ത്തും ഗ്രാമങ്ങൾക്കു മിക്കവാറും നഷ്ടമായിരിക്കുന്നു.

കൈത്തൊഴിലുകളിൽ അടങ്ങിയിരിക്കുന്ന കലയും ശാസ്ത്രവും പ്രായോഗികപരിശീലനംവഴി കുട്ടികളെ പഠിപ്പിക്കുന്നതുകൊണ്ടും തദ്വാരാ വിദ്യാഭ്യാസം നിൎവ്വഹിക്കുന്നതുകൊണ്ടും ആണു് ഇതിനു പരിഹാരം നേടേണ്ടതു്. ഉദാഹരണമായി തക്ലികൊണ്ടു നൂൽനൂല്പു പഠിപ്പിക്കുന്നതിനാൽ പലതരത്തിലുള്ള പഞ്ഞികൾ, ഇൻഡ്യയിലെ ദേശഭേദമനുസരിച്ചു മണ്ണിനുണ്ടായിട്ടുള്ള ഭേദങ്ങൾ, കൈത്തൊഴിലുകളുടെ നാശത്തിന്റെ ചരിത്രം, അതിന്റെ രാഷ്ട്രീയകാരണങ്ങൾ, കണക്കു് ഇങ്ങനെ പലപല കാൎയ്യങ്ങൾ അഭ്യസിക്കുന്നതിനു സാധിക്കുന്നു. ഈ രീതിയിൽ എന്റെ പൌത്രനെ പരിശീലിപ്പിക്കുന്നതിനു ഞാൻ ശ്രമിച്ചുകൊണ്ടിരിക്കയാണു്. അവനെ പഠിപ്പിക്കുന്നതായി അവൻ അറിയാറില്ല. അവൻ അപ്പോഴെല്ലാം കളിക്കയും ചിരിക്കയും പാടുകയും ചെയ്കയാണു്. ഞാൻ തക്ലിയെ പ്രത്യേകിച്ചു നിൎദ്ദേശിക്കുന്നതു് അതിന്റെ ഫലപ്രദായകത്വവും, ശക്തിയും, അതിലെ "കവിതയും" എനിക്കു് അനുഭവബോദ്ധ്യം വന്നിട്ടുള്ളതുകൊണ്ടും, രാജ്യം മുഴുവൻ പ്രദേശഭേദമില്ലാതെ പഠിപ്പിക്കാവുന്ന ഒരു തൊഴിൽ ഇതു മാത്രമായതുകൊണ്ടും, പണച്ചെലവു കുറഞ്ഞതായതുകൊണ്ടും ആണു്. നങ്ങൾക്കു് വേറെ ഏതെങ്കിലും കൈത്തൊഴിൽ യോഗ്യമാണെന്നു തോന്നുന്നുണ്ടെങ്കിൽ, നമുക്കു് അതിനെക്കുറിച്ചാലോചിക്കുന്നതിനുവേണ്ടി, സങ്കോചം കൂടാതെ അതു് ഇവിടെ പ്രസ്താവിക്കേണ്ടതാണു്. ഈ രാജ്യത്തിലെ ദയനീയമായ സാമ്പത്തികാവസ്ഥയെ ഗണിക്കുന്നപക്ഷം നമ്മുടെ വിഷമാവസ്ഥയിലെ പ്രായോഗികമായ ഏക മോചനമാൎഗ്ഗം തക്ലി മാത്രമാണെന്നു എനിക്കു നിശ്ചയമുണ്ടു്. 1920 മുതലുള്ള ഖാദിയുടെ സൃഷ്ടിപരമായ പരിപാടിയാണു് ഏഴു പ്രാവിൻസുകളിലെ കാൺഗ്രസ്ഭരണം സ്ഥാപിച്ചതു്. അതിന്റെ അഭിവൃദ്ധിക്കനുസരിച്ചായിരിക്കും ഭരണത്തിന്റെ വിജയവും.

സചിവന്മാരുടെ സന്നിധിയിൽ ഈ പദ്ധതി സമപ്പിച്ചുകഴിഞ്ഞു. അതിനെ സ്വീകരിക്കയോ തിരസ്കരിക്കയോ ചെയ്യേണ്ടതു് അവരുടെ കൃത്യമാണ്. എൻെറ ഉപദേശം പ്രാഥമികവിദ്യാഭ്യാസം തക്ലിയെ കേന്ദ്രമാക്കി വേണമെന്നാണ്. ആദ്യത്തെ വഷം സകലവും തക്ലിമാർഗ്ഗം പഠിപ്പിക്കണം. രണ്ടാംവഷം അതിനോടുകൂടിത്തന്നെ മററു കാര്യങ്ങളും പഠിപ്പിക്കാം. ശിശുക്കൾ നിർമ്മിക്കുന്ന തുണികൾക്കു വേണ്ടിടത്തോളം ആവശ്യക്കാരുണ്ടായിരിക്കുമെന്നുള്ളതിനാൽ തക്ലിവഴിക്കു് ആവശ്യമുള്ള ചിലവു് നിർവ്വഹിക്കാനും സാധിക്കും. തങ്ങളുടെ ശിശുക്കൾ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങുന്നതിനു് അവരുടെ മാതാപിതാക്കന്മാർ ധാരാളം മതിയാകും. എൻെറ പദ്ധതിപ്രകാരമുള്ള ഏഴുവഷത്തെ പരിശീലനത്തിൽ പെട്ട തക്ലിയെസംബന്ധിച്ചുള്ള പരിശീലനം, ചായമിടൽ, ചിത്രമുദ്രകൾ മുതലായവയുൾപ്പെട്ട നെയ്ത്തിൻെറ പ്രായോഗികജ്ഞാനത്തിൽ അവസാനിക്കും.

നമ്മുടെ അനേകകോടി ശിശുക്കളുടെ വിദ്യാഭ്യാസത്തിനു മററു മാർഗ്ഗമൊന്നുമില്ലാത്തതുകൊണ്ടു് അദ്ധ്യാപകൻെറ ചെലവു കുട്ടികളുടെ കൈത്തൊഴിൽകൊണ്ടു നിർവഹിക്കണമെന്നുള്ളതിൽ എനിക്കു വളരെ നിർബ്ബന്ധമാണ്. ശുചീകരണം, ആരോഗ്യരക്ഷ, അവരവക്കാവശ്യമുള്ള കൃത്യങ്ങൾ ചെയ്യുക, വീട്ടിൽ മാതാപിതാക്കന്മാരെ സഹായിക്കുക ഇവയുടെ പ്രാഥമികതത്വങ്ങൾകൂടി ഈ വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തുന്നതാണെന്നു നിങ്ങൾ ഓർമ്മിക്കണം. ഈ തലമുറയിലെ കുട്ടികൾക്കു ശുചിത്വമില്ല, സ്വാശ്രയശക്തിയില്ല, കായികമായി അവർ ക്ഷീണന്മാരുമാണ്. അതുകൊണ്ടു സംഗീതത്തോടുകൂടിയ വ്യായാമംവഴി കായികപരിശീലനം നിർബ്ബന്ധമായി നല്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

സാഹിത്യപരിശീലനത്തിനു് എതിരാളിയാണെന്നു് എന്നെ എതിർക്കാറുണ്ടു്; അതു തീരെ തെററാണ്. അതു നല്കേണ്ട രീതി എന്താണെന്നു മാത്രം കാണിക്കുകയാണു് എൻെറ ആവശ്യം. ധനപരമായ സ്വാശ്രയപരിശീലനത്തെക്കുറിച്ചും എന്നെ കുററപ്പെടുത്താറുണ്ടു്. പ്രാഥമികവിദ്യാഭ്യാസത്തിനുവേണ്ടി ലക്ഷക്കണക്കിനു ചെലവാക്കേണ്ടതിനുപകരം നാം ശിശുക്കളെ ചൂഷണംചെയ്യാൻ തുടങ്ങുകയാണെന്നു് എതിരാളികൾ

പറയുന്നു; ഭീമമായ ദുർവ്യയം ഉണ്ടാകുമെന്നു ഭയപ്പെടുകയും ചെയ്യുന്നു. പരിചയം ഈ ഭയത്തേയും അയഥാർത്ഥമാക്കുന്നു. ആപത്തിൽനിന്നും കുട്ടികളെ രക്ഷിക്കുന്നതു് അവരെ ചൂഷണംചെയ്യുകയാണോ എന്നു് ഞാൻ ചോദിക്കുന്നു. തക്ലി കളിക്കാൻകൊള്ളാവുന്ന ഒരു കളിപ്പാട്ടമാണു്. സൃഷ്ടിനിപുണമായ ഒരു സാമഗ്രിയും ആണെന്നുള്ളതുകൊണ്ടു കളിപ്പാട്ടമെന്ന നിലയിൽ അതിൻെറ യോഗ്യത കുറയുന്നില്ല. ഇപ്പോഠം കുട്ടികഠം അവരുടെ മാതാപിതാക്കന്മാരെ ഏറെക്കുറെ സഹായിക്കുന്നുണ്ടു്. മാതാപിതാക്കന്മാരോടുകൂടി പാടങ്ങളിൽ ജോലിചെയ്തിട്ടുള്ളതുകൊണ്ടു ഷിവഗിണിലെ കുട്ടികഠംക്കു് ഏന്നേക്കാഠം കൃഷിസംബന്ധമായകാര്യങ്ങളിൽ പരിചയമുണ്ടു്. കാർഷികപരിശ്രമങ്ങളിൽ പിതാക്കളെ സഹായിക്കാനും നൂൽനൂല്ക്കാനും ശിശുക്കളെ പ്രോത്സാഹിപ്പിക്കുന്നതോടുകൂടിത്തന്നെ, അവർ പിതാക്കളുടെ മാത്രമല്ല, ഗ്രാമത്തിൻേറയും, രാഷ്ട്രത്തിൻേറയും കൂടി സ്വത്താണെന്നും അവ അവരുടെ സേവനത്തെ ഏറെക്കുറെ അർഹിക്കുന്നു എന്നുംകൂടി പഠിപ്പിക്കാനും സാധിക്കുന്നതാണു്. കുട്ടികഠംക്കു വിദ്യാഭ്യാസം ഭിക്ഷയായി നൽകുന്നതിനാൽ അവർ അവശരായിത്തീരുമെന്നു മന്ത്രിമാർ അറിയേണ്ടതാണു്. സ്വന്തംപരിശ്രമംകൊണ്ടു വിദ്യാഭ്യാസച്ചെലവു നിർവ്വഹിപ്പിക്കുന്നപക്ഷം കുട്ടികഠം സ്വാശ്രയശക്തിയും ധൈര്യവുമുള്ളവരായിത്തീരും. ഈ പദ്ധതി ഹിന്ദുക്കഠം, മുസ്ലീങ്ങഠം, പാഴ്സികഠം, ക്രിസ്ത്യാനികഠം ഇവരെ ഒരുപോലെ ബാധിക്കുന്നതാണു്. മതവിദ്യാഭ്യാസത്തിനു് ഞാൻ ഒരു പ്രാധാന്യവും കല്പിക്കാത്തതെന്തെന്നു് ആളുകഠം ചോദിക്കുന്നു. സ്വയം സംരക്ഷണമെന്ന പ്രായോഗികമതമാണു് ഞാൻ പഠിപ്പിക്കുന്നതു്.

ഈ പരിശീലനം ലഭിച്ച കുട്ടികഠംക്കെല്ലാം, വേണ്ടിവന്നാൽ, തൊഴിൽ കണ്ടുപിടിക്കുന്നതിനു സംസ്ഥാനം കടപ്പെട്ടിരിക്കുന്നു. അദ്ധ്യാപകന്മാരെസംബന്ധിച്ചിടത്തോളം നിർബന്ധിതസേവനം എന്നരീതി പ്രൊഫസർ ഷാ നിർദ്ദേശിച്ചിട്ടുണ്ടു്. ഇററലി മുതലായ രാജ്യങ്ങളെ ഉദാഹരിച്ചു് അതിൻെറ പ്രയോജനം അദ്ദേഹം തെളിയിച്ചിട്ടുമുണ്ടു്.

രാജ്യസേവനത്തിനുവേണ്ടി ഇററലിയിലെ യുവാക്കളെ മുസ്സോളിനിക്കു സംഭരിക്കാമെങ്കിൽ നമുക്കെന്തുകൊണ്ടു പാടില്ല? നമ്മുടെ യുവാക്കളെ, അവരുടെ ജീവിതവൃത്തി ആരംഭിക്കുന്നതിനുമുമ്പു് ഒരു വർഷത്തേയ്ക്കോ അതിലും നീണ്ടകാലത്തേയ്ക്കോ അവരുടെ സേവനത്തിനുവേണ്ടി നിർബന്ധിക്കുന്നതു ഭംഗിയാണോ? കഴിഞ്ഞ പതിനേഴവർഷത്തെ സ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ വിജയത്തിനുവേണ്ടി അവർ ഗണ്യമായി സഹായിച്ചിട്ടു

ണ്ടു്. രാഷ്ട്രസേവനത്തിനായി തങ്ങളുടെ ജീവിതത്തിൽ ഒരു വഷം സ്വയം നൽകണമെന്നു പ്രസംഗകൻ അവരോടു് ആവശ്യപ്പെട്ടു. ജനപ്രതിനിധികളുടെ ഭൂരിപക്ഷത്തിൻെറ സമ്മതംകൂടാതെ ഈ നിർബന്ധം നിയമമാക്കാൻ സാധിക്കയില്ല. കൈത്തൊഴിൽമാഗ്ഗം വിദ്യാഭ്യാസംനൽകുന്ന ഈ പദ്ധതി അവൎക്കു ബോദ്ധ്യമായിട്ടുണ്ടോ ഇല്ലയോ എന്നു് പറവാൻ ഞാൻ അവരോടാവശ്യപ്പെട്ടു. അതിൻെറ ചെലവു സ്വയം നിൎവ്വഹിക്കാൻ കഴിയുന്നതു കാര്യക്ഷമതയെ തെളിയിക്കുന്നതാണു്. ഏഴാംവഷത്തിൻെറ അവസാനത്തോടുകൂടി കുട്ടികൾ തങ്ങളുടെ വിദ്യാഭ്യാസച്ചെലവു നിൎവ്വഹിക്കുന്നവരും സമുദായത്തിലെ സമ്പാദകാംഗങ്ങളും ആയിരിക്കണം.

# വിശ്വഭാരതി

## II

[കെ. സി. പിള്ള.]

കഴിഞ്ഞലക്കത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ വിശ്വഭാരതിയിലെ വിവിധശാഖകളുടെ പ്രവൎത്തനങ്ങളെപ്പററി വിവരിക്കുന്നതിനുമുമ്പു് ടാഗ്രറിൻെറ വിദ്യാഭ്യാസാദശ്ത്തെ അധികരിച്ചു് അല്പം പ്രതിപാദിക്കേണ്ടതു് ആവശ്യമാകുന്നു. മതം, സമുദായം, രാഷ്ട്രം, സാഹിത്യം എന്നി തുറകളിലെപ്പോലെ തന്നെ വിദ്യാഭ്യാസകാൎയ്യത്തിലും മഹാകവി സൎവ്വസ്വാതന്ത്ര്യമായ ഒരാദശ്വും അഭിപ്രായഗതിയുമാണു് സ്വീകരിച്ചിരിക്കുന്നതു്. ബ്രഹ്മസമാജത്തിൻെറ പ്രാബല്യകാലത്തു് അതിൻെറ ചില പ്രധാനപ്രവൎത്തകരുടെ കുടുംബത്തിൽ ജനിച്ച അനുഗൃഹീതനായ ഒരു ബാലനു് മതസംബന്ധമായും, സമുദായസംബന്ധമായും ഏതേതാദശ്ങ്ങളാണു് ലഭിക്കുന്നതെന്നും ഏതന്തരീക്ഷമാണു് അയാൾ ശ്വസിക്കുന്നതെന്നും വായനക്കാൎക്കു് ഊഹിക്കാമല്ലൊ. എന്നാൽ വിദ്യാഭ്യാസസംബന്ധമായ മഹാകവിയുടെ സ്വതന്ത്രാഭിപ്രായങ്ങൾ പരിതഃസ്ഥിതികളുടെ പരിണതഫലങ്ങളോ പരപ്രേരണയുടെ സന്തതികളോ അല്ല. അവ സ്വന്തം അനുഭവത്തിലും യഥാ

ത്ഥജ്ഞാനത്തിലും അധിഷ്ഠിതമായിരിക്കുന്നു. സ്വാതന്ത്ര്യസിദ്ധമായ സൌന്ദ ര്യബോധത്തിൻേറയും ക്രമീകൃതമായ ചിന്താശക്തിയുടേയും ഫലങ്ങൾ ക ർമ്മയോഗിയായ ഒരു കവീശ്വരൻെറ അനുഭവത്തിലും പരിചയത്തിലും പരി പക്വതനേടിയ രൂപത്തിൽ ആ ആദർശങ്ങൾ ഇന്നു് പ്രത്യക്ഷപ്പെട്ടിരിക്കു ന്നു. അവ മഹാകവിയുടെ ആത്മീകപ്രേരണയിൽനിന്നു് ലഭിച്ചവയാണെ ന്നതിന്നു് സംശയമില്ല.

ടാഗ്ഗൂറിൻെറ വിദ്യാലയജീവിതം വളരെ പരിമിതമായിരുന്നു. അ ദ്ദേഹത്തിൻെറ സഹോദരരും കുടുംബത്തിലെ മററു മിക്കവാറും അംഗങ്ങളും പുതിയരീതിയിലുള്ള വിദ്യാഭ്യാസത്തിലും ഡിഗ്രി സമ്പാദനത്തിലും ഉത്സുകരാ യിരുന്നു. ടാഗ്ഗൂറിൻെറ ഒരു ജ്യേഷ്ഠസഹോദരനായിരുന്നു ഇൻഡ്യയിലെ ആ ദ്യത്തെ ഐ. സി. എസ്സ്. എന്നാൽ ഇവയൊന്നുംതന്നേ മഹാകവിയുടേ വിദ്യാലയജീവിതത്തിന്നു് പ്രേരകങ്ങളായിരുന്നില്ല. വളരെ കുട്ടിയായിരുന്ന കാലത്തു് സഹോദരർ സ്കൂളിൽ പോകുന്നതു് സ്കൂളിലും വഴിയിലുമുള്ള വി ശേഷങ്ങൾ അതിശയോക്തിപൂർണ്ണമായ ഭാഷയിൽ വർണ്ണിക്കുന്നതുകേട്ടു് അ വരെ അനുഗമിക്കുന്നതിനുള്ള ഒരാഗ്രഹം തനിക്കുമുണ്ടായി എന്നു് അദ്ദേഹം പറഞ്ഞിട്ടുണ്ടു്. അതിൽ തന്നേ, ക്ലാസ്സിലെ ജീവിതമല്ല, ബാഹ്യലോകവു മായി ബന്ധമുള്ള ഒരു ജീവിതമാണു് അദ്ദേഹം ആഗ്രഹിച്ചതെന്നകാര്യം സ്പഷ്ടമാകുന്നു. കുട്ടികളിൽ ഇത്തരം സ്വഭാവം സാധാരണയുമാണല്ലോ.

സ്കൂളിൽ പോകാനുള്ള പ്രായമായപ്പോൾ ടാഗ്ഗൂറിനെ സ്കൂളിലയ ച്ചു. പക്ഷേ അധികം ദിവസം അദ്ദേഹം ഹാജരായില്ല. അവിടത്തെ അ സ്വാതന്ത്ര്യവും അതിനിയന്ത്രണവും അദ്ദേഹത്തെ അസ്വസ്ഥനാക്കി. ക്ലാ സ്സുമുറികൾ കാരാഗൃഹങ്ങളാണെന്നു് തോന്നി. ജീവത്തും ചൈതന്യസമ്പൂ ർണ്ണവുമായ ബാഹ്യലോകത്തുനിന്നും അപഹരിച്ചുകൊണ്ടുവന്നിരിക്കുന്ന ഇളം പൈതലുകളെ കർക്കശമായ കൽമതിലുകൾക്കും കാരിരുമ്പഴികൾ നാട്ടിയ ജനാലകൾക്കും നടുവിലായി മരക്കഷണങ്ങളിൽ ബന്ധിച്ചിരുത്തി വിദ്യാഭ്യാ സത്തിൻെറ പേരിൽ നിർദ്ദയമായി എന്തോ ചില കയ്ക്കുന്ന സാധനങ്ങൾ കുത്തിവയ്ക്കുന്നുവെന്നാണു് ടാഗ്ഗൂർ പഴയ സ്കൂളുകളെപ്പററി പറഞ്ഞിരിക്കു ന്നതു്. ഈ ദുർഘടങ്ങൾ സഹിച്ചു് കുറച്ചുകാലം അദ്ദേഹം രണ്ടുമൂന്നു സ്കൂ ളുകളിൽ കഴിഞ്ഞുകൂടി. ഒടുവിൽ രക്ഷാകർത്താക്കളുടെ ശാപവും ശകാരവും സഹിച്ചാലും സ്കൂളിൽ പോകേണ്ടാ എന്നുതന്നെ തീർച്ചപ്പെടുത്തി. ഇവിട ത്തെ ശ്രമങ്ങൾ നിഷ്ഫലമായപ്പോൾ വിദ്യാഭ്യാസത്തിനുവേണ്ടി ടാഗ്ഗൂറിനെ ഇംഗ്ലണ്ടിലയച്ചു. അവിടത്തേയും സ്കൂൾജീവിതം ഏകദേശം ഇത്തരത്തി

ൽതന്നെ ആയിരുന്നു. ഒടുവിൽ അദ്ദേഹത്തിൻെറ വിദ്യാഭ്യാസകാര്യത്തിലുള്ള രക്ഷാകർത്താക്കളുടെ ആശ നിശ്ശേഷം അസ്തമിച്ചു. ഇതാണ് ടാഗ്ര്‍റിൻെറ വിദ്യാലയപരിചയം.

ശാന്തിനികേതനത്തിലെ നൂതനമായ ഒരു വിദ്യാഭ്യാസപരീക്ഷണത്തിന് പ്രധാന പ്രേരകമായിനിന്നതു് തൻെറ വിദ്യാലയപരിചയമായിരുന്നുവെന്ന് മഹാകവി പലതവണ പ്രസ്താവിച്ചിട്ടുണ്ട്. യഥാൎത്ഥമായ വിദ്യാഭ്യാസത്തിന് പ്രത്യേകിച്ചും കുട്ടികളുടെ കാര്യത്തിൽ നിർബന്ധവും ശിക്ഷണവുമല്ല പ്രയോജകീഭവിക്കുന്നതെന്ന് ഇതിനിടെ വിദ്യാഭ്യാസവിചക്ഷണന്മാർ പരക്കേ സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. അനുഭവത്തിനും പരിതഃസ്ഥിതികൾക്കും ബന്ധമില്ലാത്തരൂപത്തിൽ വിജ്ഞാനശകലങ്ങൾ വെറും വിജ്ഞാനശകലങ്ങളായി ഇപ്പോൾ കുട്ടികൾക്ക് കഴിയുന്നത്ര കുറച്ചേ കൊടുക്കാൻ ശ്രമിക്കുന്നുള്ളു. അവരുടെ പരിമിതമായ അനുഭവത്തിന് വിധേയമായവയും വിധേയമാക്കാവുന്നവയുമായ കാര്യങ്ങൾ ക്രമേണ ആ രൂപത്തിൽ തന്നെ പ്രദാനം ചെയ്യുന്നതു് കൂടുതൽ പ്രയോജനകരമാണെന്ന് ടാഗ്ര്‍ർ നേരത്തേ കണ്ടു. വാസ്തവം ആലോചിച്ചുനോക്കിയാൽ ജ്ഞാനത്തിൻെറ സ്വാഭാവികമായ സ്വായത്തീകരണമാണ്:- (Naturaligation) വിദ്യാഭ്യാസപരമായ സകലനവീനപരീക്ഷണങ്ങളുടേയും മൂലതത്വം. പ്രായോഗികലോകത്തിൽനിന്നും വിദൂരമായ പരിസരവും പരിതഃസ്ഥിതിയും പാഠനരീതിയുമാണ് മഹാകവി നിശ്ശേഷം വെറുക്കുന്നതു്.

കുഞ്ഞുങ്ങളുടെ ആഹാരം മുലപ്പാലാക്കി സൃഷ്ടിച്ചതു് ഭൗതികവും ആത്മീകവുമായ അധിഷ്ഠാനത്തിലാണെന്ന് മഹാകവി ഉപദേശിക്കുന്നു. കുട്ടിയുടെ ശാരീരികമായ വളൎച്ചയ്ക്ക് പാൽ എങ്ങനെ ഉതകുന്നോ അതുപോലെ ആത്മീകവും സ്നേഹസമ്പൂൎണ്ണവുമായ വളൎച്ചയ്ക്ക് അമ്മയുടെ കോമളകരങ്ങളും പ്രേരണ നൽകുന്നു. ജീവിതം വെറും കാര്യകാരണബന്ധത്തിൻെറ ഫലംമാത്രമല്ലെന്നും അതിനുപരിയായി സ്നേഹസമ്പൂൎണ്ണമായ വിശാലലോകവുമായി അതിന് ശാശ്വതബന്ധമുണ്ടെന്നുമുള്ള ഒരു തത്വംകൂടി നാം ഇതിൽനിന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ തത്വം നല്ലപോലെ ധരിച്ച് മനോഹരങ്ങളായ വൃക്ഷലതാദികളും പക്ഷികൾ, മൃഗങ്ങൾ, മനുഷ്യർ തുടങ്ങിയ സമസ്തജീവജാലങ്ങളും അധിവസിക്കുന്ന ഏകാന്തസുന്ദരമായ ഈ പ്രപഞ്ചത്തിൽ ഇവ ഓരോന്നിനോടുമുള്ള മനുഷ്യൻെറ ബന്ധവും കൃത്യവും പ്രായോഗികമായി മനസ്സിലാക്കി അവയെപ്പററിയുള്ള അനുഭവപൂൎണ്ണമായ ജ്ഞാനവും പരിചയവും അതിൻെറ പരിപൂൎണ്ണരൂപത്തിൽ സ്വയം സമ്പാദിക്കുന്നതിന് കുട്ടികളെ സഹായിക്കുക എന്നതാണ് ടാഗ്ര്‍റിൻെറ

ഒരു പ്രധാന വിദ്യാഭ്യാസാദർശം. അന്നത്തെ അംഗീകൃതമായ രീതികളും കൃത്രിമസമ്പ്രദായങ്ങളും അതിന് എത്രത്തോളം പ്രതിബന്ധമായിരുന്നുവെന്ന് വായനക്കാർക്ക് ഊഹിക്കാമല്ലോ? ഭിന്നരൂപികളും വിഭിന്നപ്രകൃതികളുമായ അസംഖ്യം കുട്ടികളെ ഒന്നിച്ചിരുത്തി അവരുടെ പ്രത്യേകവാസനകൾ തിരിച്ചറിയാനുള്ള സൌകര്യംപോലും ലഭിക്കാതെ ഒരേതരത്തിലും സ്വരത്തിലുമുള്ള പാഠക്രമങ്ങൾകൊണ്ട് നിശ്ചിതതോതിലുള്ള ചില പരീക്ഷകൾ പാസ്സാക്കുന്ന സമ്പ്രദായം ഒരാദർശത്തെ മുൻനിറുത്തിയ ഒന്നാണെന്ന് പറയാൻ നിവൃത്തിയില്ല. ബാഹ്യലോകവുമായി സന്തതബന്ധത്തിലും സ്നേഹത്തിലും വർത്തിക്കേണ്ടവരാണ് നാം എന്ന വിചാരം എപ്പോഴും കുട്ടികളിൽ ഉണർത്തിക്കൊണ്ടിരിക്കയും അതിനനുസരിച്ച പരിതഃസ്ഥിതിയും അന്തരീക്ഷവും വിദ്യാലയത്തിൽ സൃഷ്ടിക്കയും ചെയ്യേണ്ടതത്യാവശ്യമാകുന്നു. പ്രായോഗികജ്ഞാനമില്ലാത്ത പ്രകൃതിപാഠങ്ങൾ നിഷ്പ്രയോജനങ്ങളാകുന്നു. എല്ലാവിധ ജ്ഞാനത്തിന്റെയും പ്രയോജനം ജീവിതത്തിലുള്ള പ്രയോഗത്തിലാണ് പരിണമിക്കുന്നത്. പ്രകൃതിയുടെ വിഭവങ്ങളോ സൌന്ദര്യമോ കണ്ടറിയാൻ പോലും നിവൃത്തിയില്ലാത്ത കൃത്രിമജീവിതത്തിനിടയിൽ നടത്തുന്ന പ്രകൃതിശാസ്ത്രപാഠത്തിന് എന്തു പ്രായോഗികഫലമാണുള്ളത്. നിത്യപരിചിതങ്ങളായ വസ്തുക്കളെ ഗൌരവത്തോടെ വീക്ഷിക്കാതിരിക്കുന്ന സ്വഭാവം മനുഷ്യർക്ക് സാധാരണയാകുന്നു. അതുകൊണ്ട് ഗൃഹപരിസരങ്ങളിലെ പ്രകൃതിസൌന്ദര്യം ബാഹ്യമായ ഒരു പ്രേരണയോ, അഭ്യാസമോ കൂടാതെ നമുക്ക് ആസ്വദിക്കാൻ സാധിക്കുന്നില്ല. പ്രകൃതിയെ ബഹുമാനിക്കുന്നതിനും അതിലെ സൌന്ദര്യവിഭവാദികൾ ആസ്വദിക്കുന്നതിനും അതുൾക്കൊള്ളുന്ന ജീവജാലങ്ങളെ സ്നേഹിക്കുന്നതിന് കുട്ടികളെ പരിചയിപ്പിക്കുന്നതും അതിനനുകൂലമായി അവരിലുള്ള സംസ്കാരത്തെ ഉണർത്തുന്നതും വിദ്യാലയത്തിന്റെ കർത്തവ്യമാകുന്നു. വിദ്യാലയങ്ങളോടുചേർന്ന് തോട്ടങ്ങളുണ്ടായിരിക്കണമെന്നും പരിസരങ്ങളും മററും ചെടികൾകൊണ്ടലംകൃതമായിരിക്കണമെന്നും, ചുമരുകളിൽ ചിത്രങ്ങളും മുദ്രാവാക്യങ്ങളും മററുമുണ്ടായിരിക്കണമെന്നും, അടുത്തകാലത്ത് നമ്മുടെ വിദ്യാഭ്യാസാധികൃതർ നിർദ്ദേശിച്ചതിന്റെയും തത്വം ഇതുതന്നെ. പക്ഷെ ഇതിൽ അല്പം കൃത്രിമച്ഛായയുണ്ടെന്നും ടാഗൂർ അകൃത്രിമമായ പ്രകൃതിയാണ് ഇഷ്ടപ്പെട്ടതെന്നും മാത്രമാണ് ഒരു ഭേദമുള്ളത്.

ശാന്തിനികേതനത്തിലെ വിദ്യാർത്ഥികൾ പ്രകൃതിയുടെ യഥാർത്ഥസന്തതികളായി ജീവിക്കുന്നു. മുമ്പും പുറകും നോക്കാതെ പുസ്തകപ്പുഴുക്കളായി ജീവിച്ച് ജ്ഞാനം സമ്പാദിക്കുന്നതിന് അവരെ അനുവദിക്കുന്നില്ല. ക്ലാസ്സുമുറികളിൽ കെട്ടിയിരുത്തി നിർബന്ധിച്ച് പഠിപ്പിക്കുന്ന സമ്പ്രദായവും

അവർ സ്വീകരിച്ചിട്ടില്ല. വിശാലമായ വെളിസ്ഥലത്ത് എവിടെ വേണമെങ്കിലും കുട്ടികളുടെ സമ്മതംപോലെ ക്ലാസ്സുകൾ നടത്തപ്പെടുന്നു. ക്ലാസ്സുകൾ ഇല്ലാത്ത സമയങ്ങളിൽ കുട്ടികൾ യഥേഷ്ടം ഓടിയും ചാടിയും പ്രകൃതിയുമായി ലയിച്ചുതന്നെ കഴിക്കുന്നുവെന്ന് പറയാം. ആശ്രമത്തിൽ എവിടെ നോക്കിയാലും വൃക്ഷങ്ങളും ലതകളും പുഷ്പങ്ങളും ഫലങ്ങളുമായി ശാശ്വതബന്ധത്തിൽ കഴിയുന്ന ഉത്സാഹഭരിതരായ കുട്ടികളെ നമുക്ക് കാണാൻ കഴിയും. ഇങ്ങനെയാണ് ശാന്തിനികേതനത്തിലെ കുട്ടികളെ മഹാകവി യഥാർത്ഥപ്രകൃതിസന്താനങ്ങളായി തീർത്തിരിക്കുന്നത്. കുട്ടികൾ പ്രകൃതിജീവിതം എത്രകണ്ട് ഇഷ്ടപ്പെടുന്നുവെന്ന് ശാന്തിനികേതനം നമ്മെ സ്പഷ്ടമായി മനസ്സിലാക്കുന്നു. അകൃത്രിമവും ആഡംബരരഹിതവുമായ ജീവിതം ടാഗ്ഗൂറിന്റെ വേറൊരു വിദ്യാഭ്യാസാദർശമാകുന്നു. രാജകുടുംബത്തിലേയോ പ്രഭുകുടുംബത്തിലേയൊ, അംഗങ്ങളായിരുന്നാലും ശാന്തിനികേതനത്തിൽ വലിയ വ്യത്യാസം കാണുന്നില്ല. ഒരേതരത്തിലുള്ള ആഹാരവും ഏകദേശം ഒരേ തരത്തിലുള്ള വസ്ത്രധാരണവും കുട്ടികൾ സ്വീകരിക്കുന്നു. അതു് കഴിയുന്നതു ആഡംബരം കുറഞ്ഞതായിരിക്കണമെന്ന് നിർബന്ധവുമുണ്ട്. പ്രഭുജീവിതം വെറും കൃത്രിമജീവിതമായതുകൊണ്ട് അതു് യഥാർത്ഥജീവിതത്തിൽ നിന്നും വളരെ വിദൂരത്തിലാകുന്നു. വ്യക്തികളുടെ സുഖസൗകര്യാദികൾക്ക് പ്രഭുത്വം നല്ലതാണെങ്കിൽതന്നെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് അതു് തീരെ നന്നല്ല. പ്രഭുവിന്റെ കുമാരനും ജനിക്കുന്നതു് ദരിദ്രനായിട്ടുതന്നെ. നിർധനത അല്ലെങ്കിൽ ദാരിദ്ര്യം, പരിശീലനത്തിനും ജ്ഞാനസമ്പാദനത്തിനുമുള്ള ഒരു പ്രധാന കേന്ദ്രമാകുന്നു. ദാരിദ്ര്യം യഥാർത്ഥലോകവുമായി നമ്മെ ബന്ധിപ്പിച്ചു് നിറുത്തുമ്പോൾ പ്രഭുത്വം നമുക്ക് ഒരു പ്രത്യേകലോകം സൃഷ്ടിക്കുന്നു. കുട്ടികളുടെ പ്രകൃതിശക്തികളെ നശിപ്പിക്കാനുള്ള ഒരു സ്വർണ്ണക്കൂടാകുന്നു പ്രഭുത്വം.

സത്യദർശനമാണു വിദ്യാഭ്യാസത്തിന്റെ പരമപ്രയോജനമെന്നു ടാഗ്ഗൂർ അഭിപ്രായപ്പെടുന്നു. ജീവിതം അനാഡംബരമായി കഴിഞ്ഞിരുന്ന പൂർവ്വകാലങ്ങളിൽ മനുഷ്യന്റെ ശാരീരികവും ബുദ്ധിപരവും ആത്മീകവുമായ ജീവിതങ്ങൾക്ക തമ്മിൽ വലിയ വ്യത്യാസമുണ്ടായിരുന്നില്ല. എന്നാൽ ജീവിതരീതി മാറിയതോടുകൂടി വിദ്യാലയങ്ങളിൽ ബുദ്ധിക്കുമാത്രം പരിശീലനം ലഭിച്ചുതുടങ്ങുകയാൽ ആത്മീകജീവിതം അസ്തമിച്ചുതുടങ്ങി. ദുരവഗാഹങ്ങളായ ദർശനതത്വങ്ങൾ മനസ്സിലാക്കുന്നതിനുപകരം പ്രകൃതിയിൽ ഒട്ടാകെ കളിയാടുന്ന ആ ആത്മചൈതന്യത്തെ അനുഭവിച്ചറിയുന്നതിനു കുട്ടികളെ പരിശീലിപ്പിക്കേണ്ടതാകുന്നു. ഭാരതീയരുടെ പ്രാചീനകാലത്തെ ആശ്രമസമ്പ്രദായങ്ങൾ ഇന്നും നമ്മുടെ സ്മൃതിപഥത്തിൽ ഇരിക്കുന്നു. അ

വ വെറും സ്കൂളുകളോ അല്ലെങ്കിൽ സന്യാസാശ്രമങ്ങളോ മാത്രമായിരുന്നില്ല. ധാർമ്മികമായ ജീവിതം നയിച്ചിരുന്ന കുടുംബങ്ങൾ അത്തരം ആശ്രമങ്ങളിൽ താമസിച്ചിരുന്നു. ആ ആശ്രമങ്ങളിൽ വളർന്നിരുന്നു.

കുട്ടികൾ ജീവിതരംഗത്തിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ ശാശ്വതമായ ആത്മീകജീവിതവുമായി വേണ്ട ബന്ധം സമ്പാദിച്ചിരുന്നു. ബാഹ്യലോകവുമായി ബന്ധമില്ലാത്ത ഒരു സന്യാസിജീവിതത്തിനോ, പാണ്ഡിത്യത്തിനും പരിജ്ഞാനത്തിനുംവേണ്ടി മാത്രമുള്ള ഒരഭ്യസനരീതിയിലോ അല്ലായിരുന്നു അവരുടെ വിദ്യാഭ്യാസം. ശരീരത്തോടൊപ്പം ആത്മബുദ്ധികൾക്കും വേണ്ട പരിശീലനവും സംസ്കരണവും അവർക്ക് സിദ്ധിച്ചിരുന്നു. ആശ്രമത്തിലെ കന്നുകാലികളെ മേയ്ക്കുക, വിറകു ശേഖരിക്കുക, പുഷ്പഫലങ്ങൾ പറിച്ചുകൊണ്ടുവരിക, എല്ലാജീവജാലങ്ങളോടും സ്നേഹഭാവത്തിൽ പെരുമാറുക ഇവയെല്ലാം അവർക്ക് സാധാരണയുമായിരുന്നു.

അദ്ധ്യാപകാദ്ധ്യേതാക്കളുടെ മുൻപറഞ്ഞ ബന്ധം ഇന്നു നിശ്ശേഷം നശിച്ചിരിക്കുന്നുവെന്നു പറയാൻ നിവൃത്തിയില്ല. പ്രാചീനരീതിയിലെ ഗുരുകുലവാസം നമ്മുടെനാട്ടിൽ നശിച്ചുപോയെങ്കിലും ഉത്തരഭാരതത്തിൽ അപൂർവ്വമായി അതു കാണാറുണ്ട്. വെറും തൊഴിലാകാതെ, ജീവിതത്തിൽ പരസ്പരം ഭാഗഭാഗിത്വം വഹിക്കുന്ന ഒരു ഗുരുശിഷ്യഭാവം വാസ്തവത്തിൽ ഉത്തമംതന്നെ. അതിൻെറ ഒരു മാതൃകതന്നെയാണു മഹാകവിയുടേയും സ്ഥാപനം.

ഒരു വിദ്യാഭ്യാസപ്രവർത്തകനു് അത്യാവശ്യമായി വേണ്ടതു ശരിയായ മനഃശ്ശാസ്ത്രപരിജ്ഞാനമാകുന്നു. കുട്ടികളുടെ മനഃശ്ശാസ്ത്രം ഇത്ര ഭംഗിയായിപഠിച്ച വേറൊരു മഹാത്മാവു് ഈ അടുത്തകാലത്തെങ്ങും ഇൻഡ്യയിൽ ജീവിച്ചിരുന്നിട്ടില്ല. അദ്ദേഹത്തിൻെറ ചെറുകഥകൾ, കവിതകൾ, പ്രസംഗങ്ങൾ, ഇവയെല്ലാം ഇതിനു സാക്ഷ്യംവഹിക്കുന്നു. മനഃശ്ശാസ്ത്രപരീക്ഷിതമായ സ്വന്തം അനുഭവത്തിൽനിന്നും ലഭിച്ച വിദ്യാഭ്യാസതത്വങ്ങളുടെപരീക്ഷണത്തിനാണു ടാഗ്രർ ആരംഭിച്ചതു്.

വിദ്യാഭ്യാസപരീക്ഷണത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നു പരിതസ്ഥിതിയാകുന്നു. മനുഷ്യൻതന്നെ പരിതഃസ്ഥിതിയുടെ സന്തതിയാണെന്നു പറയാം. കലകളുടേയും, സംസ്കാരത്തിൻെറയും പരിചയത്തിനു പരിതഃസ്ഥിതിപോലെ ഉതകുന്ന വേറൊന്നുംതന്നെ ഇല്ല. സംഗീതത്തിൻെറ തരംഗലീലകളിൽ വളരുന്ന ഒരു ശിശുവിനു് അതിൽ ഒരു സംസ്കാരം

ലഭിക്കുന്നതു സാധാരണയാകുന്നു. സാഹിത്യകാരന്മാരുടെ ഇടയിൽ ജീവിക്കുന്ന ഒരുത്തൻ ക്രമേണ അതിൽ അഭിരുചിയുള്ളവനായിത്തീരുന്നു. ഇങ്ങിനെ മനുഷ്യൻ പ്രത്യേകിച്ചും കുട്ടികൾ ഏതു പരിതഃസ്ഥിതിയിൽ വളരുന്നോ ഏതന്തരീക്ഷം ശ്വസിക്കുന്നോ അതിനനുഗുണമായ സംസ്കാരങ്ങൾ സ്വീകരിക്കുന്നു. അതുകൊണ്ട് ആരോഗ്യപ്രദമായ ഒരന്തരീക്ഷം വിദ്യാലയജീവിതത്തിനത്യന്താപേക്ഷിതമാകുന്നു.

# ശ്രീ ചിത്രാഞ്ജലി

(ഗാനപ്രഹസനം.)

[വിദ്വാൻ, വൈ. നാരായണയ്യർ.]

ആറുജോടി ബാലികമാർ; ഓരോ ജോടിയുടേയും രണ്ടാമത്തെ കുട്ടിയുടെ കൈയ്യിൽ, കമ്പിനററത്തുറപ്പിച്ച വലിയ പെയിസ്റ്റ്ബോർഡുകൾ. ബോർഡുകൾ ആറും യഥാക്രമം ജയജയ, നാഥ, ക്ഷത്ര, ന, ചിത്ര, ശ്രീ എന്നിങ്ങനെ വലിയ അക്ഷരത്തിൽ എഴുതപ്പെട്ടവയാണ്. ഓരോ ജോടിയിലേയും ഒന്നാമത്തെ കുട്ടി രംഗത്തിൻെറ ഒററത്തുവന്നുനിന്നു പാടീട്ട് ഇടത്തോട്ടുതിരിഞ്ഞു മറേറ അററത്തേക്കു മാറണം. ജോടിയിലെ രണ്ടാം കുട്ടി തൻെറ ബോർഡുമായ്വന്ന് ആദ്യത്തെക്കുട്ടിയുടെ വലത്തുവശം ചേൎന്നിന്നുകൊണ്ട് അതേപാട്ടു രണ്ടുപേരുമായ് ഒത്ത് ആവൎത്തിച്ചുപാടണം; ഒന്നാംകുട്ടിയുടെ കൈയ്യിൽ ബോർഡുകൊടുത്തിട്ട് ഒന്നു പുറകിൽ മാറിനില്ക്കണം. രണ്ടാംജോടി ആദ്യത്തെക്കുട്ടി, ആദ്യം നിർദ്ദേശിച്ച രംഗാഗ്രത്തിൽ വന്നുനിന്നു തൻെറ പാട്ടുപാടിക്കഴിഞ്ഞു മുൻജോടിയിലെ ഒന്നാം കുട്ടിയുടെ വലത്തുവശം ചേൎന്നു നിന്നുകൊള്ളണം. രണ്ടാംജോടിയിലെ രണ്ടാംകുട്ടി തൻെറ ബോർഡുമായി തൻെറ ഒന്നാംകുട്ടിയുടെ വലത്തുവശം ചേൎന്നുനിന്നിട്ട് അതേപാട്ടുതന്നെ ഇരുവരും ചേൎന്നു പാടിയശേഷം ബോർഡു തൻെറ ഒന്നാംകുട്ടിയെ ഏല്പിച്ചിട്ടു പുറകിലത്തെ വരിയിൽ മാറണം. ഇങ്ങനെ ആറുജോടിയും പാടി നിരക്കട്ടെ. ബോർഡുകൾ രംഗത്തു ചേരുന്നതു് "ജയ ജയ," "നാഥ ജയ ജയ," "ക്ഷത്ര നാഥ ജയ ജയ," "നക്ഷത്ര നാഥ ജയ ജയ," "ചിത്ര നക്ഷത്ര നാഥ ജയ ജയ," "ശ്രീ ചിത്ര

നക്ഷത്ര നാഥ ജയ ജയ" എന്നിങ്ങനെ ഇടത്തുനിന്നു വലത്തോട്ടു ക്രമപ്രവൃദ്ധമായ്‌വരും. ജോടിയിലെ പാട്ടുകൾ മുറക്കു് അടിയിൽ ചേക്കാം. രംഗപ്രവേശനത്തിനുമുൻപു് 12 കുട്ടികളും ഒത്തുചേൎന്നുനിന്നു് അണിയറയിൽ "ജയ ജയ ജയ" എന്നിങ്ങനെ അന്നനടവൃത്തത്തിൽ നാലുപാദം പൂൎത്തിയാകത്തക്കവിധം ജയ ജയ ധ്വനി മുഴക്കണം. അതു് അവസാനിക്കുമ്പോൾ വേണം ആദ്യത്തെക്കുട്ടി രംഗത്തിൽ പ്രത്യക്ഷപ്പെടേണ്ടതു്. പാട്ടുതീരുമ്പോൾ വീണ്ടും അണിയറയിൽ 11 കുട്ടികൾ ചേൎന്നു മുൻപിലത്തേപ്പോലെ ജയ ജയ ധ്വനി ആവൎത്തിക്കണം. അതവസാനിക്കുമ്പോഴാണു ബോർഡുമായി രണ്ടാമത്തെ കുട്ടി വരേണ്ടതു്. ഇനി ജയ ജയ ധ്വനി അണിയറയിൽ ആവശ്യമില്ല. അണിയറഗാനങ്ങൾ അവസാനിക്കുന്നതുവരെ മൗനമായിരിക്കണം. ഗാനങ്ങൾ:—

### I. അന്നനട.

"ജയ ജയ" ഘോഷം തിരയടിക്കുന്നു
ജഗത്തിലൊക്കെയുമിതെന്തുകാരണം?
തിരുവോണാഘോഷം തുലാത്തിലുമുണ്ടോ?
പറക തോഴരേ ശരിയാമുത്തരം.

### II. പാന.

"നാഥ" നീ വഞ്ചിനാഥൻ ജയിക്കുന്നു!
ജാതിയാകും പിശാചിനെ നിൎദ്ദയം
ധൎമ്മരാജ്യം വിട്ടോട്ടിയോടിച്ചൊരു
കൎമ്മധീരൻെറ ജന്മനാളിദ്ദിനം.

### III. നതോന്നത തിരുവാതിരമട്ടിൽ.

"ക്ഷത്ര"രക്തം സിരകളിൽ പതഞ്ഞുപായുന്ന രാജ-
സത്തമൻെറ തിരുനാളേ! സ്വാഗതം ചൊല്ലാം.
പുത്തൻ പുത്തൻ പരിഷ്കാരം പൂത്തു പൂത്തു ചൊരിയുന്ന
മർത്ത്യലോകകല്പകമേ! സ്വാഗതംചൊല്ലാം.

### IV. കുറത്തിമട്ടു്.

"ന"മ്മളെന്നൊന്നുമാനന്ദിക്കുന്ന നാടഭ്യുദയമഹോത്സവം,
നാനാജാതിമതസ്ഥരുമൊരുപോലെ വാഴ്ത്തും മഹോത്സവം,

വേണാട്ടിൻ പുകൾ വിശദമെങ്ങുമേ വീശിടും വിജയോത്സവം,
വേഗമോടിതാ മുന്നിൽ നിൽക്കുന്നു! വേദകാല മഹോത്സവം!!

## V. അമ്പിളിയമ്മാവ.

“ചിത്ര”ം വിചിത്രമഹോ ജയിക്കുന്ന ചിത്തിരനക്ഷത്രമേ!
ചിത്തമേ! തുള്ളുക തുള്ളുക നീ മദമത്തമായാകുവോളം!!
ചിത്രം വിചിത്രമഹോ ജയിക്കുന്ന ചിത്തിരനക്ഷത്രമേ!
ചിത്തമേ! തുള്ളുക തുള്ളുക നീ മദമത്തമായാകുവോളം!!

## VI. മാകന്ദമഞ്ജരി.

“ശ്രീ” പത്മനാഭ കാരുണ്യ മണിഗൃഹം
താപമകററും ശശാങ്കബിംബം
ശ്രീ ബാലരാമവർമ്മാഖ്യൻ ജയിക്കട്ടെ!
ഭൂപരിപാലനം ചെയ്തുനിത്യം.

ഗാനങ്ങൾ അവസാനിച്ചു ബോർഡുകൾ നിരക്കുമ്പോൾ “ശ്രീചിത്ര നക്ഷത്ര നാഥ ജയ ജയ” എന്നു വെച്ചുപാട്ടിന്റെ ഒരു ശീല് പൂർത്തിയായി. വലത്തേ അററത്തെ ജോഡിയിൽ മുൻവശത്തെ കുട്ടി “അന്നദാതാവുതാൻ നൂറാണ്ടു വാഴണം” എന്നു വെച്ചുപാട്ടിന്റെ ഒരു വരി ചൊല്ലണം. എല്ലാവരുമായ് “ശ്രീചിത്ര നക്ഷത്ര നാഥ ജയ ജയ” എന്നുവെച്ചു പാട്ടിന്റെ പല്ലവിമുഴക്കണം. അടുത്ത പുറകിലെ കുട്ടി “ആശ്രിതവത്സലൻ നൂറാണ്ടു വാഴണം” എന്ന്; എല്ലാവരുമായി “ശ്രീ ചിത്ര നക്ഷത്ര നാഥ ജയ ജയ” ഈ വിധം പന്ത്രണ്ടുപേരും വെവ്വേറെ പന്ത്രണ്ടു വരി ചൊല്ലുക, അപ്പോഴപ്പോൾ ബോർഡിലെ പല്ലവി ആവത്തിച്ചെല്ലാവരും പാടുക. പന്ത്രണ്ടുപേർക്കുമുള്ള വെവ്വേറെ വരികൾ:-

| | | |
|---|---|---|
| അ — ന്നദാതാവുതാൻ | നൂറാണ്ടു വാഴണം. | |
| ആ — ശ്രിതപാലകൻ | — | — |
| ഇ — ന്ദുയശോധനൻ | — | — |
| ഈ — വഞ്ചിപാലകൻ | — | — |
| ഉ — ന്നത മാനസൻ | — | — |
| ഊ — ർജ്ജിതമാനവൻ | — | — |
| എ — ങ്ങടെ തമ്പുരാൻ | — | — |
| ഏ — കാവലംബനം | — | — |
| ഐ — ഹിക ദൈവതം | — | — |

ഒ — പ്പമില്ലാ നൃപൻ — —
ഓ — ജസ്സിൻ വിഗ്രഹം — —
ഔ — ദാര്യവാരിധി — —

ഒടുവിൽ എല്ലാവരുമായ് ഇടത്തുവശം തിരിഞ്ഞു്, രംഗപ്രവേശം ചെയ്ത ക്രമത്തിൽ അനുക്രമമായ് ഒററവരിയാകത്തക്കവണ്ണം നടന്നു് "ശ്രീ ചിത്ര നക്ഷത്ര നാഥ ജയ ജയ" എന്ന പല്ലവി വീണ്ടും വീണ്ടും ആവർത്തിച്ചു മുഴക്കിക്കൊണ്ടു് രംഗമദ്ധ്യത്തിൽ ഒരു വലയമായ് ചുററിനടന്നു് അണിയറയിലേയ്ക്കു് ഒരോരുത്തരായി അന്തർദ്ധാനം ചെയ്യുക. പല്ലവി രംഗം വിട്ട ശേഷവും അണിയറയിൽ മുഴങ്ങണം. നിശ്ശബ്ദം.

പരിസമാപ്തി.

# * ഭഗവാൻ ശ്രീ ഹംസൻെറ കൈലാസയാത്ര

[ടി. സുധാകരമേനോൻ എം. എസ്. സി.]

കൈലാസത്തേയും, മാനസസരസ്സിനേയും സന്ദർശിക്കണമെന്നുദ്ദേശിച്ചുകൊണ്ടു് ഭഗവാൻ ശ്രീ ഹംസൻ എന്ന യോഗി ഒരു നേപ്പാൾക്കാരനുമൊന്നിച്ചു പുറപ്പെട്ടു. ഡെറാഡൂണിലെ വനാന്തരങ്ങളിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരിക്കവെ, അവർ ഒരു കാട്ടാനയെകണ്ടുമുട്ടി. അവരെ കണ്ട മാത്രയിൽ ആ ഭയങ്കരമൃഗം അവരുടെ നേരെ പാഞ്ഞെത്തി. മററു നിവൃത്തിയൊന്നുമില്ലെന്നുകണ്ടു് അവർ ഒരു കിഴുക്കാംതൂക്കായ പാറമേൽനിന്നു കീഴ്പോട്ടു ചാടി. അല്പം ചില മുറിവുകൾ പററിയെങ്കിലും കാട്ടാനയിൽനിന്നു രക്ഷപ്രാപിക്കുവാൻ അവൎക്കു സാധിച്ചു. ഇങ്ങനെ പുലി, കരടി മുതലായ കാട്ടുമൃഗങ്ങളിൽനിന്നും അവൎക്കു് പല ആപത്തുകളും നേരിട്ടുവെങ്കിലും ദൈവഗത്യാ അവൎക്കു് യാതൊരാപത്തും സംഭവിച്ചില്ല.

* ഭഗവാൻ ശ്രീ ഹംസൻ മറാത്തി ഭാഷയിൽ എഴുതിയതും ശ്രീ പുരോഹിത്സ്വാമി ഇംഗ്ലീഷിലേയ്ക്കു തൎജ്ജിമ ചെയ്തതുമായ ഒരു പുസ്തകത്തിൽനിന്നു്.

ഭഗവാൻ ശ്രീഹംസൻ 1908 ഏപ്രിൽ നാലാംതീയതിയായിരുന്നു കൈലാസയാത്രയ്ക്കു് ബോംബയിൽനിന്നു പുറപ്പെട്ടതു്. ലക്ക്നോ, കാഥഗൊദാം എന്നീ സ്ഥലങ്ങളേക്കടന്നു് അദ്ദേഹം ഭീമതാൽ എന്ന സ്ഥലത്തെത്തി. രണ്ടരമൈൽ ചുററളവുള്ള ഒരു തടാകം ഇവിടെയുണ്ടു്. അതിനടുത്തുള്ള വനങ്ങൾ അതിമനോഹരങ്ങളാകുന്നു. ഭീമതാലിൽ ഒരു തപാലാപ്പീസും ഒരു ചെറിയ അങ്ങാടിയും സത്രങ്ങളും യൂറോപ്യന്മാരുടെ ബംഗ്ലാവുകളുമുണ്ടു്.

ഭീമതാലിൽനിന്നു് ഒരു മട്ടക്കുതിരയുടെ പുറത്തുകയറി അദ്ദേഹം മായാവടിയിലെത്തി. പോകുംവഴിക്കു് ധാരീ, മോർനോവ്ളി എന്നീ സ്ഥലങ്ങളിലും അദ്ദേഹം താമസിക്കുകയുണ്ടായി. നിബിഡവനങ്ങളിൽക്കൂടി മന്ദം മന്ദം സഞ്ചരിച്ചുകൊണ്ടിരിക്കെ പുലികളുടെ ഗർജ്ജനങ്ങളും കേഴമാൻകളുടെ കരച്ചിലുകളും അദ്ദേഹം ശ്രവിച്ചു. രാത്രിയായപ്പോൾ അദ്ദേഹവും അനുയായികളും ഒരു സത്രത്തിലെത്തിച്ചേർന്നു. മോർനോവ്ളി സമുദ്രനിരപ്പിൽനിന്നു് 8000 അടി ഉയരത്തിലാകുന്നു. യൂറോപ്യന്മാർക്കു് മൃഗയാവിനോദത്തിന്നു അതു് ഒരു നല്ല സ്ഥലമാകുന്നു. ദേവതാരവൃക്ഷങ്ങൾ അവിടെ ധാരാളമുണ്ടു്.

അനന്തരം അദ്ദേഹം ദേവീധൂരാ എന്ന സ്ഥലത്തെത്തി. അവിടെ ദേവിയെ പ്രതിഷ്ഠിച്ചിട്ടുള്ള ഒരു പുരാതന ദേവാലയമുണ്ടു്. അവിടെനിന്നു് ധുനാഘാട്ടിലേയ്ക്കു പോയി. വഴിക്കു് ഒരു വലിയ തേക്കിൻകാട്ടിൽക്കൂടി സഞ്ചരിക്കേണ്ടിവന്നു. ഈ സ്ഥലങ്ങളിലെല്ലാം സത്രങ്ങളുമുണ്ടു്. അനന്തരം അദ്ദേഹം ചമ്പാവതിവഴിയായി മായാവടിയിലെ അദ്വൈതാശ്രമത്തിലെത്തിച്ചേർന്നു. അദ്ദേഹം ഒരു മാസം മായാവടിയിൽ കഴിച്ചുകൂട്ടി.

കുമയൂൺപർഗാനയിൽ ഉൾപ്പെട്ടതും സമുദ്രനിരപ്പിൽനിന്നു് ഏഴായിരം അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നതുമായ ഒരു മനോഹരമായ സ്ഥലമാകുന്നു മായാവടി. ചുററുമുള്ള വനങ്ങളിൽ ദേവതാരം, തേക്കു് മുതലായ വൃക്ഷങ്ങൾ ധാരാളം ഉണ്ടു്. പതിനയ്യായിരം ഉറുപ്പിക ചിലവുചെയ്തു് ഇവിടെ ഒരു അദ്വൈതാശ്രമം പണികഴിപ്പിച്ചിട്ടുള്ളതു് സ്വാമി വിവേകാനന്ദനായിരുന്നു. സ്വാമിയുടെ യൂറോപ്യൻ ശിഷ്യന്മാരിലൊരാളായിരുന്ന ക്യാപ്ടൻ സേവിയർ അന്തിമശ്വാസം വലിച്ചതും ഇവിടെ വച്ചായിരുന്നു. "പ്രബുദ്ധഭാരത"മെന്ന മാസിക പ്രസിദ്ധപ്പെടുത്തുന്നതു് ഈ ആശ്രമത്തിൽ നിന്നാകുന്നു. ഇവിടെ ഒരു നല്ല ഗ്രന്ഥാലയവുമുണ്ടു്.

അനന്തരം ഭഗവാൻ ശ്രീ ഹംസൻ കൈലാസത്തേയ്ക്കു പുറപ്പെട്ടു. അദ്ദേഹത്തിൻെറ കൂടെ രണ്ടു ബ്രാഹ്മണഭൃത്യന്മാരുമുണ്ടായിരുന്നു.

ആദ്യമായി മായാവടിയിൽനിന്ന് പതിമൂന്നുമൈൽ അകലെയുള്ള ചിഡായിൽ എത്തി. അവിടെനിന്നു മൂന്നുമൈൽ നടന്നശേഷം അവർ സരയൂഗംഗയുടെ തീരത്തിലെത്തി. പിന്നെ അവർ ഗോർണ്യ എന്ന സ്ഥലത്തേയ്ക്കു തിരിച്ചു. അവിടെ വച്ച് അവർ പണ്ഡിത് കേദാർനാഥ് എന്നൊരാളുടെ ആതിഥ്യം സ്വീകരിച്ചു. ഗോർണ്യയിൽവച്ച് അവൎക്ക് ഒരു അദ്ധ്യാപകനേയും കൂടെ പോകുവാൻ കിട്ടി. അനന്തരം അവർ പിത്ഥോറാഗഢ് എന്ന ക്രിസ്ത്യൻ മിഷ്യനറി സങ്കേതത്തിലെത്തി. അവിടെനിന്നു പുറപ്പെട്ട് അവർ നാലുപേരും നവാർ എന്ന സ്ഥലത്തെത്തി. ഇവിടെ ഒരു പാഠശാലയുണ്ട്. പിന്നീട് കനാലിഛിനായേയും മിത്തൊഡായേയും കടന്ന് ആസ്കോട്ട് എന്ന സ്ഥലത്തെത്തി. ഇതു് ഒരു ചെറിയ നഗരമാകുന്നു. ഇവിടെ നെല്ല്, കോതമ്പ്, ചോളം, കരിമ്പ് മുതലായ കൃഷികൾ ചെയ്യുന്നുണ്ട്. ആൽഫോൺസൊ, ഫെർനാൻഡെസ് മുതലായ പലതരം വിശേഷപ്പെട്ട മാവുകളും ഇവിടെ കാണാം. പൂർവ്വകാലങ്ങളിൽ ഭൂപേന്ദ്രസിംഹപാലൻ എന്ന പാലരാജാവ് ഈ സ്ഥലത്തെ കീഴടക്കിയതായി ചരിത്രത്തിൽ കാണുന്നുണ്ട്. ഇവിടെവച്ച് ഭഗവാൻ ശ്രീഹംസനും അനുയായികളും ജെതാലാൽ രാജകുമാരന്റെ ആതിഥ്യം സ്വീകരിച്ചു.

അനന്തരം അവർ ഗൌരീഗംഗയേയും കാളീഗംഗയേയും തരണം ചെയ്തു ബാൽവാക്കോട്ടിൽ എത്തി. അവിടെനിന്നു ദരാചുലാ, ഖേലാ, ധവളീഗംഗ മുതലായവയും കടന്ന് ഭൂട്ടാണിൽ ഉൾപ്പെട്ട ചൌഡാസ്പത്തിയിലെത്തി. അനവധി ഭൂട്ടാൺനിവാസികൾ അവരെ കാണ്മാൻ വന്നിരുന്നു. അവിടെനിന്ന് ജയന്തിനദിയെ തരണംചെയ്ത് സോൺസാവഴിയായി അവർ ടിജായിൽ എത്തി. റുങ് എന്ന ഗ്രാമത്തിൽവച്ചു ഭൂട്ടാൺകാർ ഒരു ശവശരീരത്തെ വെട്ടിമുറിച്ചു ദഹിപ്പിക്കുന്നതും അവർ കണ്ടു. ഇതു് ഇവിടത്തെ ഒരു പ്രത്യേക ആചാരമാകുന്നു. ഇവിടെ സ്ത്രീകൾക്ക് വളരെ സ്വാതന്ത്ര്യമുണ്ട്.

പിന്നീട് അവർ മാല്പാ എന്ന സ്ഥലത്തെത്തി, കാളിഗംഗാതീരത്തിലുള്ള ഒരു സത്രത്തിൽ വിശ്രമിച്ചു. പിന്നെ അവർ ബുധി എന്ന സ്ഥലത്തെത്തി. അവിടെനിന്നും ഭൂർജ്ജതരുക്കൾ നിറഞ്ഞ വനങ്ങളിൽക്കൂടി സഞ്ചരിച്ച്, അവർ ഗാർബിയാങ് എന്ന സ്ഥലത്തെത്തി. ഈ സ്ഥലത്തിന്ന് സമുദ്രനിരപ്പിൽനിന്ന് പതിനായിരം അടി ഉയരമുണ്ട്. ഇവിടെ നൂററി

അയ്മ്പതോളം വീടുകളുണ്ടു്. തിബെത്തിലേയ്ക്കുള്ള ലിപ്പുചുരം ഹിമം കൊണ്ടു് നിറയപ്പെട്ടിരുന്നതിനാൽ അവക്കു ഗാർബിയാങ്ങിൽ ഇരുപതു ദിവസം കഴിച്ചുകൂട്ടേണ്ടിവന്നു. ഇവിടത്തെ നിവാസികൾ ഭൂട്ടാൻകാർ തന്നെയാകുന്നു. സ്ത്രീകൾക്കു് പുരുഷന്മാരുമൊന്നിച്ചു് യഥേഷ്ടം നടക്കുവാൻ പൂർണ്ണസ്വാതന്ത്ര്യമുണ്ടു്. സ്ത്രീകളും പുരുഷന്മാരും ഒന്നിച്ചു് പാടുകയും നൃത്തം ചെയ്യുകയും ചെയ്യാറുണ്ടു്. സ്ത്രീകൾ വെള്ളികൊണ്ടുള്ള ആഭരണങ്ങൾ ധരിക്കുന്നു. പുരുഷന്മാരേപ്പോലെതന്നെ അവരും പുകവലിക്കാറുണ്ടു്. ഇരുപതോ ഇരുപത്തഞ്ചോ വയസ്സാകുന്നതുവരെ സ്ത്രീകൾ വിവാഹം ചെയ്യാറില്ല. ഇവിടത്തെ ജനങ്ങൾക്കു് ഭൂതപ്രേതപിശാചുക്കളിൽ വലിയ വിശ്വാസമാണു്.

ഇങ്ങനെ ഇരുപതുദിവസം സുഖമായി ഗാർബിയാങ്ങിൽ കഴിച്ചുകൂട്ടിയശേഷം, സ്വാമിയും കൂട്ടുകാരും തിബെത്തിൽ തിൻകെർ എന്ന സ്ഥലത്തെത്തിച്ചേർന്നു. തിൻകെർചുരം സമുദ്രനിരപ്പിൽനിന്നു് 18000 അടി ഉയരത്തിലാകുന്നു. ആടുകളേയും കുതിരകളേയും "യാക്കു്" എന്നൊരുതരം മൃഗങ്ങളേയും കൂട്ടിക്കൊണ്ടു് യാത്രചെയ്തിരുന്ന ചില ഭൂട്ടാൻ വ്യാപാരികളുമൊന്നിച്ചു് അവർ ഹിമാവൃതമായിരുന്ന ആ ചുരത്തെ കടന്നു. മുട്ടോളം വരുന്ന മഞ്ഞിൽകൂടി തണുത്തു വിറച്ചുനടന്നു് അവർ തിബെത്തിൽ പ്രവേശിച്ചു.

താക്ലാക്കോട്ടു് എന്ന സ്ഥലത്തെത്തി, കണ്ണാലി നദിയെ തരണംചെയ്തു് അവർ അവിടെയുള്ള ഗുഹകളിൽ വിശ്രമിച്ചു. അവിടെവച്ചു് മദ്യപന്മാരായിരുന്ന കുറെ തിബെത്തുകാർ അവരെ ആക്രമിക്കുവാൻ ഭാവിച്ചുവെങ്കിലും, കൂടെയുണ്ടായിരുന്ന വ്യാപാരികൾ അവരെ നല്ലവാക്കു പറഞ്ഞു് അയച്ചു. അവിടത്തെ ഭരണാധികാരിയായിരുന്ന സുംപൻ, സ്വാമിയേയും അനുയായികളേയും അദ്ദേഹത്തിന്റെ കൊട്ടാരത്തിലേയ്ക്കു വരുത്തി, അവരെ സൽകരിച്ചു. തിബെത്തിൽ കൈലാസം, ഖോചർനാഥ്, തീർത്ഥപുരി, മാനസസരസ്സ് മുതലായവയെ സന്ദർശിക്കുന്നതിനു് അദ്ദേഹം സ്വാമിക്കു് അനുവാദം നൽകി. സുംപന്റെ കൊട്ടാരത്തിനടുത്തു് ഒരു വലിയ ബുദ്ധസന്യാസിമഠമുണ്ടു്. ഇവിടെ മുന്നൂറു ലാമമാർ (ബുദ്ധസന്യാസിമാർ) അധിവസിക്കുന്നു. സന്യാസിമഠത്തിൽ ഒരു വലിയ ബുദ്ധവിഗ്രഹവും ഒരു ഗ്രന്ഥശാലയും ഉണ്ടു്. താക്ലക്കോട്ടിലെ പ്രധാനകൃഷി, യവമാകുന്നു. വിറകു ചുരുക്കമായതിനാൽ, ജനങ്ങൾ യാക്കു്, കുതിര, കഴുത മുതലായവയുടെ ചാണകം ഉണക്കി കത്തിക്കുവാൻ ഉപയോഗിക്കുന്നു.

അനന്തരം അവർ ഒരു ഭൂട്ടാൺകാരനുമൊന്നിച്ചു ഗാർടോക്ക് വഴിയായി പുറപ്പെട്ടു, കർദംഖാർ ഗ്രാമത്തിലെത്തി. അവിടെ അവർ പലതരം ആടുകളേയും യാക്കുകളേയും കണ്ടു. തിബെത്തിലെ പീഠഭൂമി സമുദ്രനിരപ്പിൽനിന്നു 16000 അടി ഉയരത്തിലാകുന്നു. എവിടെ നോക്കിയാലും ഹിമാവൃതങ്ങളായ പർവ്വതശിഖരങ്ങൾ കാണാം. ഇവിടെയെങ്ങും സത്രങ്ങളില്ലെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്.

പിന്നെയും അനവധി കഷ്ടപ്പാടുകൾ അനുഭവിച്ചശേഷം, അവർ രാകസ്താൽ തടാകതീരത്തിലെത്തി. ഇവിടെനിന്നു നോക്കിയാൽ കൈലാസഗിരി കാണുവാൻ കഴിയും.

രാകസ്താൽ തടാകത്തിനും മാനസസരസ്സിനും മദ്ധ്യേ ഒരുനിര കുന്നുകളുണ്ട്. മാനസസരസ്സിന്റെ വടക്കുപടിഞ്ഞാറെ ഭാഗത്താകുന്നു കൈലാസഗിരി.

മാനസസരസ്സിന്റെ തീരത്തെത്തിയശേഷം, സ്വാമിയും അനുയായികളും ഒരു ഗുഹയിൽ താമസിച്ചു. അവർ അവിടെ പത്തുപന്ത്രണ്ടുദിവസം കഴിച്ചുകൂട്ടി. രകാസ്താൽ തടാകം മാനസസരസ്സിനേക്കാൾ വലിയതാകുന്നു. രകാസ്താലിന്റെ മദ്ധ്യത്തിൽ ഒരു ചെറിയ കുന്നും അതിൽ ഒരു ഗുഹയുമുണ്ട്. ഈ ഗുഹയിൽ രണ്ടു ലാമാമാർ തപസ്സുചെയ്തുകൊണ്ടിരിക്കുന്നു. ഈ രകാസ്താൽ തടാകത്തിൽ നിന്നാകുന്നു സത്‌ലജ് നദിയുടെ ഉത്ഭവം. ഭഗവാൻ ശ്രീ ഹംസൻ മാനസസരസ്സിൽ രണ്ടു ഹംസങ്ങൾ കളിച്ചുകൊണ്ടിരിക്കുന്നതുകണ്ടു. മാനസസരസ്സ് വൃത്താകാരത്തിലുള്ളതും കുന്നുകളാൽ ചുററപ്പെട്ടതുമാകുന്നു. അതിന്റെ തീരത്തു നാലു ബുദ്ധസന്യാസിമഠങ്ങളുണ്ട്. ചുവന്ന കൊക്കും ചുവന്ന കണ്ണുകളും ഉള്ള ഒരു വെളുത്ത പക്ഷിയായിട്ടാണ് ശ്രീ ഹംസൻ അവിടെ കണ്ട ഹംസത്തെ വർണ്ണിച്ചിരിക്കുന്നതു്. സരസ്സിന്റെ തീരത്തിൽ അനവധി കാട്ടുമുയലുകൾ കളിച്ചുനടക്കുന്നതും അദ്ദേഹം കാണുകയുണ്ടായി. മാനസസരസ്സിനെ ശരിയായി വർണ്ണിക്കുവാൻ മനുഷ്യന്നു അസാദ്ധ്യമാണെന്നാണ് സുപ്രസിദ്ധ സ്വിസ്സ് സഞ്ചാരിയായ ഡാക്ടർ സെപൻ ഹെഡിന്റെ അഭിപ്രായം. എന്തു് നിശ്ശബ്ദത!! എന്തു പ്രശാന്തത!! എന്തു പ്രകൃതിരമണീയത!!

അനന്തരം ശ്രീ ഹംസനും അനുയായികളും കൈലാസത്തേയ്ക്കു പുറപ്പെട്ടു. ആലിപ്പഴപ്പതനങ്ങൾ ഏററു് അവർ വളരെ ക്ലേശിച്ചു. പോകുംവഴിക്കു്, അനവധി തിബെത്തൻ യാചകികളെ കണ്ടുമുട്ടി. കൈ

ലാസത്തിൽ എത്താറായപ്പോഴേയ്ക്കും ആലിപ്പഴപ്പതനമെല്ലാം അവസാനിച്ച് ആകാശം സൂര്യപ്രകാശത്താൽ തെളിഞ്ഞു. അവർ അനവധി തിബെത്തൻ മാനുകളെ കണ്ടു. അനവധി തിബെത്തൻ കാട്ടുകുതിരകൾ കൂട്ടം കൂട്ടമായി പാഞ്ഞുനടക്കുന്നതും കണ്ടു. കുറെ നടന്നശേഷം അവർ ബർഖാതർജൻ ഗ്രാമത്തിലെത്തി.

തിബെത്തുകാരെ ക്രൂരന്മാരും ദുർബുദ്ധികളും വിനയവിഹീനന്മാരുമായിട്ടാണ് ശ്രീ ഹംസൻ വർണ്ണിച്ചിരിക്കുന്നത്. ജനങ്ങൾ അപരിഷ്കൃതരാണെന്നുള്ള സംഗതിയെ അവിടത്തെ പ്രകൃതിരമണീയത വിസ്മരിപ്പിക്കുന്നു. രകാസ്താലിനും മാനസസരസ്സിനും മദ്ധ്യേ സ്വർണ്ണം ധാരാളമുണ്ടത്രെ. ജനങ്ങൾ, കമ്പിളി, ഇന്തുപ്പ്, പടിക്കാരം മുതലായവകൊണ്ട് വാണിജ്യം നടത്തുന്നു. അവരുടെ തൊഴിൽ കമ്പിളി നെയ്ത്ത്, കന്നുകാലിമേയ്ക്കൽ, കൊള്ളയിടൽ എന്നിവയാണത്രെ. സ്ത്രീകൾക്ക് ബഹുഭർത്തൃത്വം അനുവദിച്ചിട്ടുണ്ട്. ശ്രീ ഹംസനെ സ്വീകരിച്ച സൂംപാനും അദ്ദേഹത്തിന്റെ അഞ്ചു സഹോദരന്മാർക്കും കൂടി ഒരു ഭാര്യമാത്രമേ ഉണ്ടായിരുന്നുള്ളുവത്രെ. ബുദ്ധമതക്കാരാണെങ്കിലും, തിബെത്തുകാർ നായാട്ടുകയും മാംസം ഭക്ഷിക്കുകയും മദ്യംകുടിക്കുകയും ഭൂതപ്രേതപിശാചുക്കളിൽ വിശ്വസിക്കുകയും ചെയ്യുന്നു. തിബെത്തിലെ സ്ത്രീകൾക്ക് സൌന്ദര്യം തീരെ ഇല്ലെന്നാണ് ശ്രീ ഹംസന്റെ അഭിപ്രായം. അവിടെ പർദ്ദാ സമ്പ്രദായമില്ല.

അവർ പിന്നീട് ദർചിൻ എന്ന സ്ഥലത്തെത്തി. വഴിക്ക് വലിയ കൊടുങ്കാറ്റുണ്ടായതുമൂലം അവർ നന്നെ വിഷമിച്ചു. ഒടുവിൽ അവർ കൈലാസത്തിൽ എത്തിച്ചേർന്നു.

കൈലാസഗിരിയെ പ്രദക്ഷിണം വയ്ക്കുവാൻ മുപ്പത്തിരണ്ടുമൈൽനടക്കണം. മാനസസരസ്സിൽനിന്നുത്ഭവിക്കുന്ന സിന്ധുനദി കൈലാസത്തിന്റെ ദക്ഷിണഭാഗത്തുകൂടി പടിഞ്ഞാട്ട് ഒഴുകുന്നു. കൈലാസത്തിന്റെ വടക്കുകിഴക്കായി സമുദ്രനിരപ്പിൽനിന്ന് 19000 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഗൌരീകുണ്ഡ് തടാകത്തിൽനിന്നാണ് ബ്രഹ്മപുത്രാനദിയുടെ ഉത്ഭവം. കൈലാസഗിരിയുടെ ഉയരം 30000 അടിയാകുന്നു. അതിനടുത്തുള്ള ഒരു ഗുഹയിൽ ഒരു ലാമയും ശിഷ്യന്മാരും കുറെ സ്ത്രീകളും വസിക്കുന്നു. ബ്രഹ്മപുത്രയുടെ ഉത്ഭവസ്ഥാനത്തിനടുത്തുള്ള ഒരു ഗുഹയിൽ ഒരു ഹിന്ദുമഹർഷി ഒരു പുലിത്തോലിന്മേൽ പത്മാസനത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. പൂർണ്ണനഗ്നനും അതികോമളനുമായിരുന്ന ആ മഹർഷിവര്യന് ഇംഗ്ലീഷിലും ഹിന്ദിയിലും മറാത്തിയിലും സംസ്കൃതത്തിലും എന്നല്ല ലോകത്തിലുള്ള

ഏതുഭാഷയിലും സംസാരിക്കുവാൻ വശമുണ്ടായിരുന്നതായി ശ്രീ ഹംസൻ മനസ്സിലാക്കി. അദ്ദേഹം മാണ്ഡൂക്യോപനിഷത്തിലെ വരികൾ ചൊല്ലാറുണ്ടായിരുന്നു. നാലുദിവസം ആ മഹർഷിയുമൊന്നിച്ച് സുഖമായി കഴിച്ചുകൂട്ടിയശേഷം മററുചില പുണ്യസ്ഥലങ്ങളേയും സന്ദർശിച്ച് ഭഗവാൻ ശ്രീ ഹംസൻ സ്വരാജ്യത്തേയ്ക്കു യാത്ര തിരിച്ചു.

# വിദ്യാർത്ഥികളുടെ ആരോഗ്യസംരക്ഷണം.

( പൊതുജനാരോഗ്യഡിപ്പാർട്ടുമെൻറിൽനിന്നും പ്രസിദ്ധം ചെയ്യുന്നത്. )

കുടുംബം, സമുദായം, രാഷ്ട്രം എന്നിവയെ എല്ലാം ഗാഢമായും, വിദൂരവ്യാപകമായും, സ്പർശിക്കുന്ന ഒരു ജീവൽപ്രശ്നമാണ് വിദ്യാർത്ഥികളുടെ ആരോഗ്യസംരക്ഷണം. ഉത്തമപൌരന്മാരായി തങ്ങളുടെ കർത്തവ്യങ്ങളെ വിജയപൂർവ്വം നിർവ്വഹിക്കത്തക്കവണ്ണം, വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ ആരോഗ്യം സംലബ്ധമാകുന്നതിനു വിദ്യാലയങ്ങൾ സർവ്വഥാ സഹായിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ ആരോഗ്യസംവർദ്ധനത്തിനു പര്യാപ്തമായ വ്യവസ്ഥകൾ ഇല്ലാത്ത ഒരു വിദ്യാഭ്യാസസമ്പ്രദായം രാഷ്ട്രം രാഷ്ട്രത്തിനോടുതന്നെ ചെയ്യുന്ന അപരാധമാണെന്നാണ് ഒരു ചിന്തകൻെറ അഭിപ്രായം. പല നിവാര്യരോഗങ്ങളും പിടിപെട്ട്, വിദ്യാർത്ഥികൾ അകാലമരണം പ്രാപിക്കാൻ ഇടയാകുന്നപക്ഷം, വിദ്യാഭ്യാസത്തിനായി ചെയ്യുന്ന ധനവ്യയം എന്തു ഭയങ്കര നഷ്ടത്തിലാണ് കലാശിക്കുന്നത്.

വിദ്യാർത്ഥിജീവിതത്തിൽ നേരിടുന്ന അനാരോഗ്യാവസ്ഥ, വിദ്യാലയപ്രവേശനത്തിനുമുമ്പുള്ള ഘട്ടത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കാത്തതുകൊണ്ടാണ് പലപ്പോഴും സംഭവിക്കുന്നത്. ഈ ഘട്ടത്തിൽത്തന്നെ ആരോഗ്യസമ്പാദനത്തിനുള്ള ബീജാവാപം നിർവ്വഹിക്കുകയും, അതിൻെറ ദൃഢീകരണം വിദ്യാലയജീവിതത്തിൽ പൂർത്തിയാക്കുകയും ചെയ്യേണ്ടതാകുന്നു. വിദ്യാലയജീവിതം തുടങ്ങുന്നതിനു മുമ്പ്, ഈ പുതിയ ചര്യയ്ക്കുള്ള പൂർണ്ണ സജ്ജീക

രണം കുട്ടികൾക്കു സിദ്ധിക്കുന്ന കാൎയ്യത്തിൽ അച്ഛനമ്മമാർ ജാഗരൂകരായിരിക്കേണ്ടതാണ്. കുട്ടികൾക്കു വല്ല വൈകല്യങ്ങളുമുണ്ടെങ്കിൽ അവയെ നേരത്തെ പരിഹരിക്കണം. ക്രമാനുഗതമായ വളർച്ചയ്ക്കും, വിജയകരമായ വിദ്യാഭ്യാസത്തിനും അവരെ പ്രാപ്തരാക്കിത്തീൎക്കേണ്ടതാകുന്നു.

വിദ്യാൎത്ഥികളെ അരോഗദൃഢഗാത്രന്മാരാക്കിത്തീൎക്കാനാണ്, ഓരോ വിദ്യാലയവും ഉദ്യമിക്കേണ്ടതു്. പ്രഭാതംമുതൽ ദിനാന്തംവരെയുള്ള പ്രവൃത്തികളെല്ലാം കൃത്യനിഷ്ഠയോടും, സുപ്രസന്നതയോടുംകൂടി നിൎവ്വഹിക്കാൻ വിദ്യാൎത്ഥികളെ സന്നദ്ധന്മാരാക്കേണ്ടതാണ് ഒരു ഉത്തമ വിദ്യാലയത്തിന്റെ പ്രധാന ധൎമ്മം. അഭിനവാശയങ്ങളുടെ അനൎഗ്ഗളമായ പ്രവാഹംകൊണ്ടു വിദ്യാഭ്യാസലോകം പല പരിവൎത്തനങ്ങളും പ്രാപിച്ചുവരുന്ന ഒരു ഘട്ടമാണല്ലോ ഇതു്. തൽഫലമായുള്ള നവീനപദ്ധതികളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്ന്, അദ്ധ്യയനത്തിന്റെ ബഹുമൂലങ്ങളായ മാൎഗ്ഗങ്ങളെ വിനിയോഗിച്ച്, ആരോഗ്യശാസ്ത്രപ്രബോധനവും, ആരോഗ്യശീലാഭ്യസനവും നിൎവ്വഹിക്കുക എന്നുള്ളതാണ്. ഇതിനു രണ്ടു വശങ്ങളുണ്ടു്:- Hygiene of Instruction and Instruction of Hygiene വിദ്യാർത്ഥികൾക്കു കുറഞ്ഞ അദ്ധ്വാനംകൊണ്ടു് എത്രയും കൂടുതൽ വിജ്ഞാനം സമ്പാദിക്കാൻ സഹായിക്കുന്ന അദ്ധ്യയനരീതിയെ ഉദ്ദേശിച്ചാണ് Hygiene of Instruction എന്നു പറയുന്നതു്. ശരീരം, മനസ്സ്, ആത്മാവ് ഇവയെ ഒരുപോലെ പോഷിപ്പിക്കാവുന്ന അദ്ധ്യയനമാണ് ആദൎശപരമായിട്ടുള്ളതു്. Instruction of Hygiene അതായതു് ആരോഗ്യശാസ്ത്രാദ്ധ്യയനം പ്രായോഗികരീതിയിലായിരിക്കുന്നതാണ് ഉത്തമം. താൻ ഉൽബോധിപ്പിക്കുന്ന ആരോഗ്യതത്വങ്ങൾക്കു താൻതന്നെ ഒരു മാതൃകയായിരിക്കണമെന്ന് അദ്ധ്യാപകനു നിർബന്ധമുണ്ടായിരിക്കണം. പ്രസംഗങ്ങളെക്കാൾ പ്രവൃത്തികളാണ് ഉച്ചഭാഷിണികൾ. വൃത്തിഹീനനായ ഒരു അദ്ധ്യാപകൻ വിദ്യാർത്ഥികളോടു ശുചിത്വമുപദേശിച്ചാൽ ഈ ഉപദേശത്തിന് എന്തു വിലയുണ്ടു് ?

ആരോഗ്യപ്രദമായ ശീലങ്ങൾ ശരിയായി അഭ്യസിക്കുന്നതിനു വിദ്യാർത്ഥികളെ പ്രേരിപ്പിക്കേണ്ടതാകുന്നു. പ്രവൃത്തികൾ ശീലങ്ങൾക്കും, ശീലങ്ങൾ സ്വഭാവരൂപീകരണത്തിനും, സ്വഭാവം ജീവിതത്തിലെ ജയാപജയങ്ങൾക്കും കാരണമാകുന്നതിൽനിന്നും നല്ല ശീലങ്ങൾ അഭ്യസിക്കേണ്ടതിന്റെ ആവശ്യകത പ്രസ്പഷ്ടമാകുന്നതാണല്ലോ. ആരോഗ്യപ്രദമായ ശീല

ങ്ങൾ അനുകരിക്കുന്നതിനും, അഭ്യസിക്കുന്നതിനും വിദ്യാലയജീവിതകാലമാണു് ഏററവും അനുയോജ്യമായിട്ടുള്ളതു്. ആരോഗ്യശീലാഭ്യസനസഹായിയായ Health Habits Score Cards ചില വിദ്യാലയങ്ങളിൽ ഉപയോഗിക്കുന്നുണ്ടു്. ഇതു് ഒരു നല്ല വ്യവസ്ഥയാകുന്നു.

വിദ്യാലയവും പരിസരങ്ങളും തുലോം ശുചിത്വമുള്ളതും ആരോഗ്യപ്രദവുമായിരിക്കണം. ക്ലാസ്സുമുറികൾ വിശാലവും, ധാരാളം ശുദ്ധവായുവും, സൂര്യപ്രകാശവും ലഭിക്കത്തക്കവയുമായിരിക്കേണ്ടതാകുന്നു. ഒരു വിദ്യാർത്ഥിക്കു ശരാശരി 15 ചതുരശ്രയടി സ്ഥലം ക്ലാസിൽ ആവശ്യമുണ്ടു്. മണിക്കൂർ ഒന്നിനു് 1800 ഘനയടിയോളം ശുദ്ധവായു ഓരോ വിദ്യാർത്ഥിക്കും വേണ്ടതാണു്. ക്ലാസിലെ വിദ്യാർത്ഥികളുടെ സംഖ്യ അപരിമിതമായി വർദ്ധിച്ചു് (overload) "ഓവർലോഡ്" ആയിത്തീർന്നാൽ തന്നിമിത്തം അദ്ധ്യയനത്തിനും, വിദ്യാർത്ഥികളുടെ ആരോഗ്യത്തിനും ഭവിക്കുന്ന ദോഷങ്ങളെപ്പററി പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ. ബഞ്ചുകൾ, ഡെസ്കുകൾ മുതലായ സാമഗ്രികളെല്ലാം വൃത്തിയായിരിക്കണമെന്നു് മാത്രമല്ല, അസുഖം കൂടാതെ ഉപയോഗിക്കത്തക്കവയുമായിരിക്കണം. ഇരിക്കുന്നതിനും മററുമുള്ള രീതിക്കും ആരോഗ്യത്തിനും തമ്മിൽ പരസ്പരബന്ധമുണ്ടു്.

വിദ്യാലയങ്ങളിൽ വ്യായാമശാലകളും കളിസ്ഥലങ്ങളും തീർച്ചയായുമുണ്ടായിരിക്കണം. കളിസ്ഥലങ്ങളിൽനിന്നും പല നല്ല ഗുണങ്ങളും സമ്പാദിക്കേണ്ടതായിട്ടുണ്ടു്. കുറെ യുവാക്കന്മാർ "ഫുട്ട്ബാൾ" കളിക്കുന്നതുകണ്ടു് ഇവർ എന്തിന്നു് ഇത്ര കഷ്ടപ്പെടുന്നു? കൂലിക്കാരെ വരുത്തി ഈ ജോലി ചെയ്യിക്കരുതേ്താ? എന്നു് ഒരു ചൈനാക്കാരൻ പറഞ്ഞതായിട്ടു് ഒരു കഥയുണ്ടു്.

വിദ്യാർത്ഥികളുടെ കായികാഭ്യാസകാര്യത്തിൽ ഈ ചൈനാക്കാരന്റെ മനസ്ഥിതി പ്രദർശിപ്പിക്കുന്നവരും കണ്ടേക്കും. വിദ്യാർത്ഥികളുടെ തൂക്കം മാസത്തിലൊരിക്കലും പൊക്കം 3 മാസത്തിലൊരിക്കലും നോക്കേണ്ടതാണു്. തൂക്കം, പൊക്കം ഇവയാണല്ലോ വളർച്ചയുടെ മാനദണ്ഡങ്ങൾ. ശരീരവൈകല്യങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയെ പരിഹരിക്കുന്നതിനും, രോഗങ്ങളുടെ ആരംഭദശയിൽതന്നെ ചികിത്സിച്ചു് ഭേദപ്പെടുത്തുന്നതിനുംവേണ്ടി വൈദ്യപരിശോധന ആണ്ടുതോറും ഉണ്ടായിരുന്നാൽ അതു വിദ്യാർത്ഥികൾക്കു് ഒരു പരമാനുഗ്രഹമായിരിക്കുന്നതാണു്. വിദ്യാർത്ഥികളിൽ വല്ലവക്കും പകർച്ചവ്യാധികളുടെ ലക്ഷണമുണ്ടോ, ക്ലാസ്സിൽ

എല്ലാവരും വൃത്തിയായിട്ടാണോ വന്നിട്ടുള്ളതു് എന്നും മററും, പാഠങ്ങൾ തുടങ്ങുന്നതിനു മുമ്പുതന്നെ അദ്ധ്യാപകൻ ഒരു തിരനോട്ടം കഴിക്കുന്നതു കൊള്ളാം. വിദ്യാൎത്ഥികളുടെ ഇടയ്ക്കു പൊക്കൻ, വില്ലൻചുമ, ചൊറി ചിരങ്ങുകൾ, നേത്രരോഗങ്ങൾ മുതലായവ ഉണ്ടാകുന്നതും പകരുന്നതും സാധാരണമാണ്. ഇവയെ നിരോധിക്കാൻ അദ്ധ്യാപകന്മാർ യഥോചിതം പ്രവൎത്തിക്കണം.

ആഹാരസംബന്ധമായ ന്യൂനതകൾകൊണ്ടുണ്ടാകുന്ന രോഗങ്ങൾ അനേകവിദ്യാൎത്ഥികൾക്കും ഉള്ളതായിട്ടാണ് വൈദ്യപരിശോധനകളിൽ നിന്നും കാണുന്നതു്. ഉച്ചപ്പട്ടിണിക്കാരായ വിദ്യാൎത്ഥികൾ അനവധിയുണ്ട്. വിദ്യാൎത്ഥിജീവിതകാലമാണ് ശരീരത്തിന്റെ ക്രമപ്രവൃദ്ധമായ വളർച്ചയ്ക്കുള്ള ഘട്ടം. ഈ സമയത്തു ശരീരത്തിനു ശരിയായ പോഷണം സിദ്ധിക്കാതെപോയാൽ അതുകൊണ്ടുള്ള അനിഷ്ടഫലങ്ങൾ അനല്പമാണ്. ഓരോ വിദ്യാലയത്തിലും ശുദ്ധജലത്തിനുള്ള ഏൎപ്പാടുകൾ ചെയ്യേണ്ടതത്യാവശ്യമാകുന്നു. വിദ്യാലയങ്ങൾക്കു സൎവ്വപ്രധാനമായ ആവശ്യങ്ങളാണ് കക്കൂസ്സുകളും മൂത്രപ്പുരകളും. വെളിസ്ഥലങ്ങളിൽ മലമൂത്രവിസൎജ്ജനം ചെയ്യുക, അങ്ങുമിങ്ങും തുപ്പുക—ഇത്യാദിദുശ്ശീലങ്ങൾക്കു വശഗതരാകാതെ, വിദ്യാൎത്ഥികളെ ആരോഗ്യപരമായ സൽപന്ഥാക്കളിൽക്കൂടി നയിപ്പിക്കേണ്ടതാണ്. വിദ്യാൎത്ഥികളെ ആരോഗ്യസമ്പന്നരും, രോഗനിവാരണതല്പരന്മാരുമായ ഉത്തമ പൌരന്മാരാക്കിത്തീൎക്കുന്നതിനു്, അദ്ധ്യാപകന്മാരും മാതാപിതാക്കന്മാരും, ഏകതാനതയോടുകൂടി യോജിച്ചു പ്രവൎത്തിക്കേണ്ടതാകുന്നു.

(ലേഖനത്തിലെ ഭാഷ മുഴുവൻ മലയാളമായിരിക്കണം—പത്രാധിപർ.)

# യശശ്ശരീരനായ പി. കെ.

ഒരു സ്മരണ.

(ആർ. ഈശ്വരപിള്ള ബി. എ.)

ഈ ലേഖനകൎത്താവ് 1059 മിഥുനം മുതൽ 1076 ഇടവം വരെ 17കൊല്ലം ആലപ്പുഴ ഇംഗ്ലീഷ് സ്കൂളിൽ പ്രധാനാദ്ധ്യാപകനായി ഇരുന്നിട്ടുണ്ട്. ഈ ദീൎഘകാലത്തിനിടയ്ക്കു് അനേകം യുവാക്കന്മാർ തന്റെ ശിക്ഷ

ണത്തിൽ കൂടി കടന്നുപോയിട്ടുമുണ്ട്. അവരിൽ പലരും ജീവിതത്തിൽ ഉന്നതസ്ഥാനം വഹിച്ചിട്ടുള്ളവരും ഇപ്പോൾ വഹിക്കുന്നവരുമാണ്. പതിനേഴുകൊല്ലം ഒരേ സ്കൂളിൽതന്നെ അദ്ധ്യാപകനായിരിക്കാൻ ഇടയായതു് ലേഖകൻെറ ഭാഗ്യമോ നിർഭാഗ്യമോ എന്നു് ഇവിടെ ചിന്തിക്കുന്നില്ല. അതു് എങ്ങിനേയും ഇരിക്കട്ടേ. ഈ ഐകരൂപ്യം പ്രതിദിനം മാറിക്കൊണ്ടിരിക്കുന്ന പരിതഃസ്ഥിതികളുടെ മദ്ധ്യത്തിലായിരുന്നുവെന്നുള്ളതു് വിചിന്തനീയമാണ്.

മുൻ സൂചിപ്പിച്ചതുപോലെ മാന്യസ്ഥാനം വഹിച്ച ഒരു പുരുഷനാണ് സുസ്മരണീയനായ മിസ്റ്റർ പി. കെ. നാരായണപിള്ള. ഏകദേശം നാല്പതു നാല്പത്തിരണ്ടു് കൊല്ലങ്ങൾക്കു മുമ്പാണെന്നുതോന്നുന്നു ഇദ്ദേഹം അമ്പലപ്പുഴ സ്കൂളിൽനിന്നു് ആലപ്പുഴ സ്കൂളിൽ വന്നുചേന്നതു്. ഈ ലേഖകൻ തൻെറ സ്കൂളിൽ ഉള്ള എല്ലാ വിദ്യാത്ഥികളുടേയും കുടുംബസ്ഥിതിയും മററും സംബന്ധിച്ചു വേണ്ട അറിവു് സമ്പാദിക്കുക പതിവായിരുന്നു. മി: നാരായണപിള്ളയുടെ പിതാവു് ദാമോദരൻ പ്ലാപ്പിള്ളിയെ കണ്ടു പരിചയമുണ്ടു്. ഇദ്ദേഹത്തിനു് തിരുവനന്തപുരത്തു് വലിയകൊട്ടാരത്തിൽ ഒരു ജോലിയുണ്ടായിരുന്നു. മാതുലൻ പപ്പുപിള്ള, കൊല്ലം ഡിവിഷൻകച്ചേരിയിൽ ഒരു "രായസ"മോ മറേറാ ആയിരുന്നു. ഇവരുടെ സംരക്ഷണയിലാണു നാരായണപിള്ള വത്തിച്ചുപോന്നതു്. നാരായണപിള്ളയുടെ അനുജൻ വാസുദേവൻപിള്ളയും ഈ സ്കൂളിൽ പിന്നീടു പഠിച്ചിരുന്നു. ഇദ്ദേഹത്തിൻെറ കുടുംബത്തിൻെറ ധനസ്ഥിതി അത്ര ആശാസ്യമായിരുന്നില്ല. അദ്ദേഹം ആലപ്പുഴ ഹൈസ്കൂളിൽ മൂന്നുകൊല്ലം പഠിച്ചുവെന്നാണ് തോന്നുന്നതു്. ആലപ്പുഴ ഹൈസ്കൂൾ കടപ്പുറത്തു് അഹിന്ദുക്കളുടെ ഇടയിലാണ് സ്ഥാപിക്കപ്പെട്ടിരുന്നതു്. ഹിന്ദുക്കൾ ഒരു നാഴികദൂരമുള്ള മുല്ലയ്ക്കലും രണ്ടും മൂന്നും നാഴികദൂരമുള്ള തിരുവമ്പാടിയിലും കളർകോട്ടും ആണ് അധികവും താമസിച്ചിരുന്നതു്. മി: നാരായണപിള്ള തിരുവമ്പാടിയിലാണ് ഇക്കാലത്തു് താമസിച്ചിരുന്നതു്. ഈ പ്രദേശത്തുനിന്നാണ് നായന്മാരായ വിദ്യാത്ഥികൾ അധികവും വന്നിരുന്നതു്. പ്രതിദിനം കുഴഞ്ഞമണലിൽ കൂടി രണ്ടുനേരവും നടക്കേണ്ട ശ്രമം അവക്കുണ്ടായിരുന്നു. അതുകൊണ്ടു് നേരത്തെ പള്ളിക്കൂടത്തിൽ വന്നാൽ ഉച്ചയ്ക്കു് ജലപാനംപോലും കൂടാതെയാണു് ഹിന്ദുവിദ്യാത്ഥികൾ കഴിച്ചുവന്നതു്. അന്നു് ഇന്നത്തെപ്പോലെ കാപ്പിക്കടകളും ഹോട്ടലുകളും അവയുടെ അഭാവംകൊണ്ടാണ് ശോഭിച്ചിരുന്നതു്. എന്നുതന്നേയുമല്ല, അക്കാലത്തു് അയിത്തത്തിനു് വളരെ പ്രചാരമുണ്ടായിരുന്നതുകൊണ്ടു് കുളിയ്ക്കാതെ യാതൊരുവിധ ആഹാരങ്ങളും കഴിച്ചു

കൂടാ എന്നുള്ള നിർബന്ധവുമുണ്ടായിരുന്നു. ഈ ലേഖകൻതന്നെ മൂന്നുകൊല്ലം ആലപ്പുഴസ്കൂളിൽ പഠിച്ചതു് ഈ പരിതഃസ്ഥിതിയിൽ ആയിരുന്നു. ഇപ്രകാരമുള്ള പ്രതികൂലപരിതഃസ്ഥിതിയിലാണ് നാരായണപിള്ളയും ആലപ്പുഴസ്കൂളിൽ വിദ്യാർത്ഥിജീവിതം നയിച്ചുപോന്നതു്. കഷ്ടോപാർജ്ജിതമായ വിദ്യാർത്ഥിജീവിതത്തിന് ഫലവും മാഹാത്മ്യവും കൂടുമെന്നാണല്ലൊ ലോകാഭിപ്രായം. നാരായണപിള്ളയെസംബന്ധിച്ചു് ഇതു് യഥാർത്ഥമാണെന്നുള്ളതു പറയേണ്ടതില്ലല്ലോ. വിദ്യാഭ്യാസകാലത്തുതന്നെ നാരായണപിള്ളയിൽ തൻെറ "ഭാവിമഹിമോചിതഗൌരവ"ത്തെ സൂചിപ്പിക്കുന്ന ചിലലക്ഷണങ്ങൾ കാണ്മാൻണ്ടായിരുന്നു. ജിജ്ഞാസ, ചിന്താശീലം, കുശാഗ്രബുദ്ധി, സാഹിത്യാഭിരുചി മുതലായവ ഏറക്കുറെ അവികസിതങ്ങളായിട്ടന്നും അദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു. അനാവശ്യമായി സംസാരിക്കുകയോ, കളിക്കുകയോ, ചിരിക്കുകയോ ഒന്നും പതിവില്ല. ഒരുവിധം "യതവാക്കായമാനസ"നായിട്ടാണ് കാണപ്പെട്ടതു്. ക്ലാസ്സുപരീക്ഷകളിലുംമററും പ്രായേണ പ്രഥമസ്ഥാനം നാരായണപിള്ളതന്നെ സമ്പാദിച്ചുവന്നു. അദ്ദേഹത്തിൻെറ സതീർത്ഥ്യന്മാർ ആരെല്ലാമായിരുന്നുവെന്നു് ഇപ്പോൾ നല്ല ഓർമ്മയില്ല. കയ്യാലം പരമേശ്വരൻപിള്ള ഉണ്ടായിരുന്നുവെന്നാണ് തോന്നുന്നതു്. അതുകൂടാതെ നാരായണപിള്ളയുടെ പിതൃവ്യനായ ജനാർദ്ദനൻപിള്ളയുടെ പുത്രന്മാരും അക്കാലത്തു് അവിടെ പഠിച്ചുവന്നിരുന്നു.

ആലപ്പുഴസ്കൂളിൽനിന്നും മട്രിക്കുലേഷൻപരീക്ഷയിൽ ജയിച്ചു് തിരുവനന്തപുരത്തു പോയതിൽ പിന്നെ നാരായണപിള്ളയേകണ്ടതു് കാളേജിൽ മുൻഷിസ്ഥാനം വഹിക്കുന്ന കാലത്താണ്. അതിൽപിന്നെ ആലപ്പുഴയും കോട്ടയത്തും അഭിഭാഷകനായിരുന്നകാലത്തു കൂടക്കൂടെ കാണുകയും ലേഖകൻെറ കുടുംബസംബന്ധമായ കേസ്സു നടത്തുകയും ഒളശയിൽ ലേഖകൻെറ ഗൃഹത്തിൽ ഒന്നുരണ്ടുതവണ വരുകയും ചെയ്തിട്ടുണ്ടു്. കോട്ടയത്തിരിക്കുമ്പോൾതന്നെ അഭിഭാഷകവൃത്തിയിൽ ഒരു ഉൽകൃഷ്ടസ്ഥാനവും പ്രശസ്തിയും മി: പി. കെ.ക്കു് സിദ്ധിച്ചിരുന്നു. പിന്നീട് ഹൈക്കോർട്ടുവക്കീലായി തിരുവനന്തപുരത്തു് ബാറിൽ സവിശേഷം പ്രശോഭിച്ചിരുന്നതു് എല്ലാവർക്കും അറിയാവുന്ന കാര്യമാണല്ലോ. അക്കാലത്തു് ലേഖകൻ തിരുവനന്തപുരത്തു് കുട്ടികളുടെ വിദ്യാഭ്യാസാന്വേഷണാർത്ഥം കൂടക്കൂടെ പൊയ്ക്കൊണ്ടിരുന്നു. അങ്ങനെയുള്ള എല്ലാ അവസരങ്ങളിലും നാരായണപിള്ള ലേഖകൻെറ വാസസ്ഥലത്തുവന്നു് അഭിവന്ദനവും കുശലപ്രശ്നവും ചെയ്തുപോവുക പതിവായിരുന്നു. എന്നാൽ നാരായണപിള്ള ഹൈക്കോർട്ടുജഡ്ജി ആയതിൽപിന്നെ ലേഖകൻ തിരുവനന്തപുരത്തേയ്ക്കുള്ള യാത്ര നിറു

ത്തിയതിനാൽ തമ്മിൽകാണുന്നതിനിടയായിട്ടില്ല. എങ്കിലും എഴുത്തുകൾ മൂലം പരസ്പരബന്ധത്തെ തുടൻകൊണ്ടിരുന്നു. മി: നാരായണപിള്ള ചരമംപ്രാപിക്കുന്നതിനു ഒരാഴ്ചമുമ്പ് അന്യകൈയ്യക്ഷരത്തിൽ ഒരു ഭക്തിസൂചകമായ എഴുത്തയയ്ക്കുകയുണ്ടായിട്ടുണ്ട്. പിന്നീട് അദ്ദേഹത്തിൻെറ വാത്സല്യപുത്രനിൽനിന്നാണ് അദ്ദേഹത്തിൻെറ ചരമവൃത്താന്തം അറിയാൻ ഇടയായത്.

അഭിഭാഷകൻ, പ്രാഡ്‌വിപാകൻ, എന്നീനിലകളിൽ മാത്രമല്ല നാരായണപിള്ള ശോഭിച്ചിരുന്നതു്. അദ്ദേഹത്തിൻെറ മേധാ നാനാമുഖമായിരുന്നതുകൊണ്ടു് അതു വ്യാപരിക്കാത്തവിഷയം അപൂൎവ്വമായിരുന്നു. ഭാഷയിലും സാഹിത്യത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യം സുപ്രസിദ്ധമാണല്ലോ. സംസ്കൃതത്തിലും അദ്ദേഹത്തിൻെറ വ്യുൽപ്പത്തി അസാധാരണമായിരുന്നു. ഒരു കവി, വിമൎശകൻ, വൈയ്യാകരണൻ, ഗവേഷകൻ, എന്നീ നിലകളിൽ നാരായണപിള്ള മലയാളസാഹിത്യത്തിനു് ചെയ്തിട്ടുള്ള സേവനങ്ങൾ സ്തുത്യൎഹങ്ങളാണ്. വിമൎശനവിഷയത്തിൽ അദ്ദേഹത്തിൻെറ തൂലികയ്ക്കു് കൎശനംക്കൂടിപ്പോയി എന്നൊരഭിപ്രായം ഇല്ലാതില്ല. അദ്ദേഹത്തിൻെറ ഉപന്യാസങ്ങളും പ്രസംഗങ്ങളും സാധാരണവായനക്കാൎക്കു മനസ്സിലാക്കുവാൻ അല്പം ശ്രമംക്കൂടാതെ സാദ്ധ്യമല്ലായിരുന്നു. അതിനുള്ള സമാധാനം

"നഹിസ്തനംധയീ ബുദ്ധിർ
ഗംഭീരം ഗാഹതേ വചഃ
തലം തോയ നിധേഃദ്രഷ്ടും
യഷ്ടി രസ്തിന വൈണവി"

എന്നുമാത്രമാണ്. ഇതെല്ലാംകൊണ്ടും ഈ അസാമാന്യപുരുഷൻെറ അകാലദേഹവിയോഗം സാഹിത്യത്തിനും, രാജ്യത്തിനും, സമുദായത്തിനും ഒരു തീരാനഷ്ടമാണെന്നുമാത്രമേ പറയാൻ നിവൃത്തിയുള്ളു.

# രണ്ടു ശാകുന്തളങ്ങൾ

## രണ്ടാമങ്കം (തുടർച്ച)

(പി. ആർ. നീലകണ്ഠൻ നായർ.)

"ചിത്രെ നിവേശ്യ പരികല്പിത സത്വയോഗാ
രൂപോച്ചയേന മനസാ വിധിനാ കൃതാ നു"

"സല്ലാവണ്യമെടുത്തെടുത്തൊരുപടം ചെമ്മെ രചിച്ചിട്ടുയിർ
ക്കൊള്ളിച്ചാനഥവാ രചിച്ചരുളിനാൻ ധാതാവു ചേതസ്സിനാൽ"
"ചിത്രം ചിന്തിച്ചെഴുതി നിഭൃതം ജീവനർപ്പിച്ചതാമോ
സദ്രൂപം ചേർത്തഥ വിധിമനംകൊണ്ടു നിർമ്മിച്ചതാമോ"

രൂപോച്ചയം ചിത്രമെഴുതാനുള്ള ഉപകരണമോ മനസാകൃതമായ ശരീരത്തിനുള്ള ഉപകരണമോ? പദപ്രയോഗസ്വഭാവവും ചിത്രകലയുടെ തത്വവും ആലോചിച്ചാൽ രൂപോച്ചയം ഒരിക്കലും ചിത്രമെഴുതുവാനുള്ളതല്ലെന്നു മനസ്സിലാകും. മി: വള്ളത്തോളിന്റെ തർജ്ജിമയിലെ "സല്ലാവണ്യമെടുത്തെടുത്ത"തു ചിത്രംവരയ്ക്കാനാണെന്നോ തോന്നു. ധാതാവു രചിച്ചരുളാനാണ് അതു് എടുത്തതു് എങ്കിൽ ഭാഷാദേവി ശപിച്ചു കണ്ണുപൊട്ടിക്കും! ചെമ്മെ "രചിച്ചു" ചെമ്മെ എന്നതിനു് വല്ല വിശേഷവുമുണ്ടോ?

മി: പിഷാരടിയുടെ തർജ്ജിമയാണു മൂലത്തോടു് അധികം യോജിക്കുന്നതു്. "ചിന്തിച്ചെഴുതി, നിഭൃതം ജീവനർപ്പിച്ചു" എന്നിങ്ങനെ സ്വന്തം കവിതയും കാണുന്നുണ്ടു്.

"സ്ത്രീരത്നസൃഷ്ടിരപരാ പ്രതിഭാതി സാ മേ
ധാതുർവിഭുത്വമനുചിന്ത്യവപുശ്ചതസ്യാഃ"

"എല്ലാംകൊണ്ടുമിതിങ്ങു മറെറാരുതരം സ്ത്രീരത്നനിർമ്മാണമെ
ന്നല്ലോ നണ്ണുവതീശ്വരന്റെ വിരുതും തന്മെയ്യുമോർത്തിട്ടു ഞാൻ"
"മറെറാന്നാണത്തരുണിമണിതൻ സൃഷ്ടിയെന്നോ നിനപ്പൻ
മുററും ധാതൃസ്ഥിതിയുമവൾതൻ മെയ്യുമോർത്തോർത്തു ചിത്തേ"

"എല്ലാംകൊണ്ടുമിതിങ്ങു"ഇതു് ഏതുഭാഗത്തിന്റെ തർജ്ജിമയാണു്. 'ഇതു്' എന്നതു് ഏതിനുപകരം നില്ക്കുന്നതാണു്. ധാതൃശബ്ദത്തിനു് ഈശ്വരൻ എന്ന തർജ്ജിമ ഉചിതമായില്ല.

ധാതുർവിഭുതപത്തിനു ധാതൃസ്ഥിതിയെന്നു തർജ്ജിമചെയ്തിരിക്കുന്നതും മതിയായി എന്നു തോന്നുന്നില്ല. "വപുശ്ചതസ്യാഃ"എന്ന ഭാഗംകൊണ്ടു വിഭുതപത്തിനു സുന്ദരികളായ പലരേയും സൃഷ്ടിച്ച പാടവം ധാതാവിനുണ്ടെന്നു വരുന്നില്ലെ. അതു "സ്ഥിതി"ശബ്ദംകൊണ്ടു സിദ്ധിക്കുമൊ?

"അനാഘ്രാതം പുഷ്പം കിസലയമലൂനം കരരുഹൈ-
രനാമുക്തം രത്നം മധുനവമനാസ്വാദിതരസം."

"മുകന്നിട്ടില്ലാപ്പൂ, വധൂതമൊരുരത്നാ പുതിയതാം
നുകന്നിട്ടില്ലാത്തേന, നഖപരിലൂനം കിസലയം."

"പുഷ്പം ഘ്രാണിച്ചിടാതുള്ളതു തളിർനഖരം തട്ടിടാതുള്ള തുദ്യ
ദ്രത്നം മെയ്യിൽ ധരിക്കാത്തതു പുതിയൊരു തേൻസ്വാദു
[നോക്കാത്തതേവം"

"അനഖപരിലൂനം കിസലയം" എന്നതു് "കിസലയമലൂനം കരരുഹൈഃ" എന്നതിൻെറ മലയാളതർജ്ജിമയാണു് "നഖൈരദലിതം ബാലപ്രവാളം" ഇതുമൊരു മലയാളംതന്നെയാണു്. അ എന്ന നഞ്ഞു വികല്പത്തിനു് അല്ല എന്നും ഇല്ല എന്നും രണ്ടത്ഥമുണ്ടു്. അഹിംസ എന്നതിനു ഹിംസ ഇല്ലാത്തതു് എന്നും ഹിംസയല്ലാത്തതെന്നും രണ്ടുവിധത്തിൽ അത്ഥംവരും. അപ്പോൾ കിസലയം നഖപരിലൂനയില്ലാത്തതെന്നും നഖപരിലൂനമല്ലാത്ത മറെറാന്നു കിസലയത്തിനു കാണ്മാനുണ്ടു് എന്നുംവരും. ഈ വൈഷമ്യം വന്നുകൂടിയതു കരരുഹൈഃ അലൂനം എന്ന രണ്ടുപദവും ഒന്നിച്ചു ചേത്തുകൊണ്ടാണു്. "തളിർനഖരം തട്ടിടാതുള്ളതു" അലൂനമെന്നതിനു എന്തെല്ലാം അത്ഥപുഷ്ടിയുണ്ടായിരിക്കട്ടെ, പിഷാരടിയുടെ "തട്ടിടാതുള്ളതു" എന്ന ഭാഷ ഒന്നാന്തരമായിയെന്നു പറയാതെ കഴികയില്ല. ശകുന്തളയുടെ സൗന്ദര്യത്തെ ലോകോത്തരമഹിമയുള്ളതായി വണ്ണിക്കുന്ന രാജാവു് ഓരോ ഗുണവണ്ണനയും കഴിഞ്ഞൊന്നു വിശ്രമിക്കുന്നുണ്ടു്. "അനാഘ്രാതം പുഷ്പം" "പുഷ്പം ഘ്രാണിച്ചിടാതുള്ളതു" "മുകന്നിട്ടില്ലാപ്പൂ" ഇവിടെ വിശ്രമിക്കാനങ്കുശം കൊണ്ടുപിടിക്കേണ്ടിവന്നു. ഇങ്ങനെ അങ്കുശസഹായം വേറേയും ഇതിൽ വന്നിട്ടുണ്ടു്. "നുകന്നിട്ടില്ലാത്തേന" ഇവിടേയും അങ്കുശമുണ്ടു്. ഈ പ്രയോഗം ഭംഗിക്കുറവിനു കാരണമായിട്ടുണ്ടു്.

"അഖണ്ഡം പുണ്യാനാം ഫലമപി ച തദ്രൂപമനഘം
നജാനെഭോക്താരംക മിഹ സമുപസ്ഥാസ്യതി വിധിഃ."
"അഖണ്ഡം പുണ്യത്തിൻഫല, മനഘമാരൂപമറിവീ
ലെവനാമോ കല്പിച്ചരുൾകനുഭവിപ്പാനിതു വിധി."

"സൽപുണ്യത്തിൻഫലം കേളവികല മിവതാൻ തമ്പിതൻ ശുദ്ധരൂപം
ഭോക്താവായേവനെച്ചേർത്തിടുമിനി വിധിയെന്നിങ്ങറിഞ്ഞീല ഞാനോ."

'അഖണ്ഡം. പുണ്യത്തിൻഫലം' 'ആരൂപമനഘം' ഈ വിധത്തിൽ തർജ്ജിമചെയ്യുന്നതായാലും ആപത്തൊന്നുമില്ല. അർത്ഥത്തേയും രസത്തേയും ഹനിക്കാതേ കഴിക്കാമല്ലോ. "സൽപുണ്യത്തിൻഫലം കേളവികലം" അഖണ്ഡശബ്ദത്തിന്ന "സൽ"എന്നായാൽ പലതും ചോൎന്നുപോകയില്ലേ? "കേളവികലം" ഇതു വെറുതെ വലിച്ചുവച്ചതല്ലേ. 'ഇവതാൻ' "ഫലമിവ ഛതദ്രൂപമനഘം" എന്ന മൂലത്തിന്ന് ഒരു പാഠഭേദമുണ്ട്. അതിലുള്ള "ഇവ"യാണൊ തൎജ്ജിമയിൽ കാണുന്നതു്? അതോ മലയാള "ഇവ"യോ ഏതായാലും പൂൎവ്വാൎദ്ധത്തിൽ കണ്ട ഭംഗി ഉത്തരാൎദ്ധത്തിൽ ഇല്ലാതേ ആയിട്ടുണ്ടു്.

"അഭിമുഖെ മയി സംഹൃതമീക്ഷണം
ഹസിത മന്യനിമിത്ത കൃതോദയം
വിനയവാരിതവൃത്തിരതസ്തയാ
നവിവൃതോ മദനോ നച സംവൃതഃ"

"നോട്ടം തിരിച്ചാളിവനങ്ങുനോക്കവേ
കൂട്ടീടിനാൾ പുഞ്ചിരി മററുഹേതുവാൽ
ശ്രേഷ്ഠസ്വഭാവേന തടുത്തമക്കയാൽ
കാട്ടീല കാമത്തെ മറച്ചുമില്ലവൾ."

"നേരിട്ടുനിന്നളവു സുന്ദരി കണ്ണെടുത്താൾ
വേറിട്ടുസംഗതി ലഭിച്ചു ചിരിച്ചുകൊണ്ടാൾ
ചേരുംവിധം വിനയമങ്ങുതടുക്കമൂലം
മാരൻതെളിഞ്ഞുവിലസീല മറഞ്ഞുമില്ല."

"പുഞ്ചിരി കൂട്ടീടിനാൾ" മന്ദസ്മിതം അവളിൽ ഉണ്ടായി എന്നാണു് അൎത്ഥം. "കൂട്ടീടിനാൾ" ഈ പ്രയോഗം നന്നായില്ല. കുറച്ചീടിനാൾ എന്നതിൻെറ വിപരീതമായി ഈ ശബ്ദത്തിന്ന് അൎത്ഥബോധം വരുവാനെളുപ്പമുണ്ടു്. സദാ ചിരിച്ചുകൊണ്ടിരിക്കുന്ന ശകുന്തള അതിൻെറ അളവിൽകൂട്ടി എന്നു തോന്നിപ്പോകും. "വിനയം" എന്നതിന്ന ശ്രേഷ്ഠസ്വഭാവമെന്നു തൎജ്ജിമചെയ്തതു കുറച്ചധികമായി. ശ്രേഷ്ഠസ്വഭാവങ്ങളിൽ ഒന്നു മാത്രമാണു് വിനയം. ആ സ്വഭാവവിശേഷങ്ങളേക്കൊണ്ടു് "തടുത്തമക്കയാൽ" "കാമത്തെ കാട്ടീല" ഇത്രയുംകൊണ്ടവസാനിച്ചെങ്കിൽ തൃപ്തിപ്പെടാമായിരുന്നു. "മറച്ചുമില്ലവൾ" തടുത്തമത്തിയകാമത്തെ ശകുന്തള മറ

ച്ചില്ല. ഈ വാക്യത്തിനു വല്ലത്ഥവുമുണ്ടോ? തട്ടത്തമത്തിയാൽ അതു മറയുകതന്നെചെയ്യും. പോര എങ്കിൽ ശ്രേഷ്ഠസ്വഭാവംകൊണ്ടാണു് ഈ കമ്മം സാധിച്ചിരിക്കുന്നതു്. ഇതങ്ങനെയിരിക്കട്ടെ. രണ്ടാമത്തെ തജ്ജിമ നോക്കുക.

"ഹസിതമന്യനിമിത്തകൃതോദയം"അന്യകാരണങ്ങളാലാണു ചിരിച്ചതു് എന്നു ശകുന്തള ഭാവിച്ചു എന്നാത്ഥം കിട്ടണം. "വേറിട്ടു സംഗതി ലഭിച്ചു ചിരിച്ചുകൊണ്ടാൾ" ദുഷ്ഷന്തവിഷയത്തിൽ അവൾ ചിരിച്ചില്ല. വേറിട്ടു സംഗതി ലഭിച്ചു. അപ്പോൾ ചിരിച്ചു. അതു മതിയായോ. "ലഭിച്ചു" എന്ന പ്രയോഗമാണീവിഷമമുണ്ടാക്കുന്നതു്. ഉത്തരാദ്ധം വ്യക്തവും ശുദ്ധവുമാണു്.

"ദർഭാങ്കുരേണ ചരണഃക്ഷത ഇത്യകാണ്ഡേ
തന്വീസ്ഥിതാ കതിചിദേവപദാനിഗത്വാ
ആസീദ്വിവൃത്തവദനാ ച വിമോചയന്തീ
ശാഖാസുവല്കല മസക്ത മപിദ്രുമാണാം."

"കാന്താംഗി നാലടിനടന്നഥ നിന്നുകൊണ്ടാൾ
കാലിൽ തറഞ്ഞിതു കുശാങ്കുരമെന്നകാണ്ഡേ
ചീരത്തെ-വൃക്ഷവിടപത്തിലുടക്കിയില്ലെ
നാലും-വിട്ടുത്തുവതിനായ് മുഖവുംതിരിച്ചാൾ."

"ചിക്കെന്നുദർഭമുനയേററിതു കാലിലെന്നായ്
മുഗ്ദ്ധാംഗി നിന്നു ചില ചോടുനടന്നകാണ്ഡേ
വക്ത്രം തിരിച്ചു തരുശാഖകളിൽതടഞ്ഞു
നില്ക്കാത്തവല്ക്കവുമഹോ വിടുവിച്ചു മന്ദം"

രണ്ടു തർജ്ജിമകളും "വൃത്താനുവൃത്തമായിട്ടാണു വിവത്തനം ചെയ്തിട്ടുള്ളതു്" എന്നതിനാൽ അഭിനന്ദിക്കുന്നുണ്ടെന്നു വള്ളത്തോളവതാരകൻ പറയുന്നുണ്ടെങ്കിലും "ചിക്കെന്നു, അഹോ, മന്ദം എന്നിങ്ങനെ മൂലത്തിലില്ലാത്ത മൂന്നൊണ്ണം കടന്നുകൂടിയിട്ടുണ്ടു്." എന്നും "വക്ത്രം തിരിച്ചു" "വിടുവിച്ചു" എന്നുള്ള രണ്ടു ക്രിയകളിൽ വല്കം വിടുവിച്ചതിനു മി: പിഷാരടി പ്രാധാന്യം കല്പിച്ചു എന്നും രണ്ടാക്ഷേപംകൊണ്ടു മി: വള്ളത്തോളിനെ ഉത്തമസ്ഥാനത്തു വാഴിച്ചു.

നമുക്കു രണ്ടും ഒന്നുകൂടി പരിശോധിക്കാം. "കതിചിദേവ, ദ്വിത്രാണ്യേവ, നതുത്രിചതുരാണി എന്നൊരു വ്യാഖ്യാതാവും, കതിചിദേവ, സപ

ല്പാന്ന്യേവ, നഹികിഞ്ചിദ്ദൂരം ഗതേപതിയാവൽ"എന്നു മററൊരാളും അത്ഥം പറഞ്ഞിരിക്കുന്നു. നാലടിനടന്നു എന്നു തജ്ജിമയും കാണുന്നുണ്ടു്. അതിനുശേഷം "അഥ"എന്ന അവ്യയം മൂലത്തിലില്ലതാനും. ഭയ്യും കശയു മൊന്നാണോ? "ശാഖാസു"എന്ന മൂലത്തിനു വിടപം എന്നാണു തജ്ജിമ ചെയ്തിരിക്കുന്നതു്. "ദ്രുമാണാം ശാഖാസ്വിതിബഹുവചനേനാപിചിരാവസ്ഥാനെ കാരണം വ്യജ്യതെ." ഇങ്ങനെ ഒരു വ്യാഖ്യാനത്തിൽ കാണുന്നതുകൊണ്ടു് ഏകവചനംപ്രയോഗിച്ച വള്ളത്തോളാണു് 'മന്ദ'ശബ്ദം പ്രയോഗിക്കേണ്ടിയിരുന്നതു്. അതു പിഷാരടി ശാഖകളിൽ എന്നുതന്നെ തജ്ജിമചെയ്തിട്ടും മന്ദം എന്നുകൂടി പ്രയോഗിച്ചു. അങ്ങിനെ വേണ്ടായിരുന്നു. മി: പിഷാരടി വല്കംവിട്ടവിക്കലിനെ പ്രധാനക്രിയ ആക്കിയിരിക്കുന്നു എന്നു എങ്ങനെയാണാവോ നിശ്ചയിച്ചതു്. മുഗ്ദ്ധാംഗി എന്ന കത്താവിനോടു് അടുത്തുനില്ക്കുന്ന "വക്ത്രം തിരിച്ചു" എന്ന പൂൎണ്ണക്രിയയെ എന്തിനങ്ങനെയല്ലാതാക്കുന്നു. സാവധാനമായി വല്കം വിടുവിച്ചുകൊണ്ടു തമ്പി വക്ത്രം തിരിച്ചു എന്നായാൽ എന്താണാക്ഷേപം.

"യദുത്തിഷ്ഠതിവൎണ്ണേഭ്യോ നൃപാണാം ക്ഷയിതൽഫലം
തപഃഷഡ്ഭാഗ മക്ഷയ്യം ദദത്യാരണ്യകാ ഹി നഃ"

"നില്പാനരാധീശനു നാട്ടുകാരിൽ നി
ന്നെല്ലാം ലഭിക്കുന്ന ഫലം നശിച്ചുപോം."

തെല്ലുംനശിക്കാത്ത തപഷ്ഷഡംശമു
ണ്ടല്ലോ നമുക്കേകിവരുന്ന താപസർ"

"നാട്ടാരിൽനിന്നു ഭൂപൎക്കുകിട്ടുമത്ഥം ക്ഷയിപ്പതാം.
അക്ഷയ്യമേകുന്നു തപഷ്ഷഷ്ഠാംശം വനവാസികൾ."

നില്പാ, എല്ലാം, തെല്ലും, ഉണ്ടല്ലോ, ഇത്രയും പ്രാസത്തിനുവേണ്ടിവന്നതല്ലാതെ മൂലാത്ഥത്തിനു് ഇവ മാററിയാലും ആപത്തില്ല. ചവിട്ടുവണ്ടി വേണ്ടെന്നുവച്ചപ്പോൾ അധികച്ചിലവിനുള്ള വകയായിരിക്കുമിവയെന്നു മി: സി. എസ്. നായർ ഓക്കുമോ?

ഇത്രയുംകഴിഞ്ഞപ്പോൾ ആശ്രമപ്രവേശനത്തിനു് ഉപായംനോക്കി വിഷമിക്കുന്ന രാജാവിനു് നിഷ്പ്രയാസം അതു സാധിക്കുന്നു. ആശ്രമരക്ഷയ്ക്കു രാജാവിനെ ക്ഷണിക്കാൻ രണ്ടു മഹൎഷിമാർ എത്തിയിരിക്കുന്നു.

അവരിൽ ഒരാൾ:— "അഹോ ദീപ്തി മതൊപിവിശ്വസനീയതാസ്യവപുഷഃ. അഥഃവാപപന്നമേത ദൃഷിഭ്യോനാതി ഭിന്നെരാജനി"

അഹോ എന്ന നിപാതത്തെ മി: വള്ളത്തോൾ ഒന്നും ചെയ്യുന്നില്ല. മി: പിഷാരടി അതു "ഹ" എന്നാക്കി. ഇവിടെ തർജ്ജിമ വേണ്ടായിരുന്നു. "ദീപ്തിമതൊപി" എന്നതിനു "തേജസ്സേറിയതെങ്കിലും" "തേജസ്സുജ്വലിക്കുന്നുണ്ടെങ്കിലും" എന്നാണു തർജ്ജിമകൾ. ഒരു കൃതി തേജസ്സുള്ളതാണെങ്കിലും അതു അവിശ്വാസത്തെ ജനിപ്പിക്കണമെന്നില്ല. തേജസ്സിൻെറ ജ്വലനമാണ് ശാന്തസ്വഭാവത്തെ ഭഞ്ജനംചെയ്യുന്നതു്. രാജാവിൽ തേജസ്സു ജ്വലിക്കുന്നുണ്ടെങ്കിലും വിശ്വാസത്തിന് അദ്ദേഹം പാത്രവുമാണ്. മൂലത്തിൽ തേജസ്സുജ്വലിക്കുക എന്നു കിട്ടുവാൻതന്നെയാണ് "ദീപ്തിമതഃ" എന്നു പ്രയോഗിച്ചിരിക്കുന്നതു്.

"അധ്യാക്രാന്താവസതിരമുനാപ്യാശ്രമേ സർവ്വഭോഗ്യേ
രക്ഷായോഗാദയമപിതപഃപ്രത്യഹം സഞ്ചിനോതി
അസ്യാപിദ്യാം സ്പൃശതിവശിനശ്ചാരണദ്വന്ദ്വഗീതഃ
പുണ്യഃശബ്ദോ മുനിരിതിമുഹുഃ കേവലം രാജപൂർവ്വം".

"വർത്തിക്കുനാവനാണുറപ്പൊടിവനും സർവ്വോപഭോഗ്യാശ്രമ
മെത്തുന്നുണ്ടു തപസ്സിവന്നുമനിശം സന്ത്രാണയോഗത്തിനാൽ
എത്തുന്നുങ്ങിണയൊത്തചാരണർ തുലോം കീർത്തിക്കയാൽ വിണ്ടല
ത്തിട്ടാന്തൻെറയുമാര്യമാമൃഷിപദം രാജാനുഗം കേവലം."

"എല്ലാവൎക്കും സുഖജനകമാമാശ്രമെ വാണിടുന്നു
ണ്ടെല്ലാനാളും തപവുമിഹനേടുന്നു സംരക്ഷയാലെ
സ്വർലോകത്തും വശിയിവനഹോ കേവലം രാജപൂർവ്വം
ചൊല്ലിക്കേൾപ്പൂ നിയതമൃഷിയെന്നുള്ള പുണ്യാഭിധാനം."

"ഉറപ്പൊട്ട്" എന്ന പദത്തിനു എന്താവശ്യമാണ്? "എത്തുന്നുണ്ട്" എന്ന കൃതിയുടെ കർത്താവ് രാജാനുഗം ഋഷിപദം എന്നാണ്. ഇണയൊത്തചാരണർ എന്ന നിർദ്ദേശിക കൃതിയെ തുടൎന്നുപോകുന്നതുകൊണ്ടു തെററിദ്ധരിച്ചേക്കുമോ? വിധേയപ്രാധാന്യമാണ് വള്ളത്തോളിൻെറ ശൈലിയെന്നു മാരാർ പറയുന്നുണ്ടല്ലോ. "തുലോം" മൂലത്തിലില്ലാത്തതാണ്. "അന്യവശിനഃ അപി" ഇട്ടാന്തൻെറയും എന്നു തർജ്ജിമ ചെയ്തിരിക്കുന്നു. അപിശബ്ദം വച്ചുകൊണ്ടായിരിക്കണം "ഉം" കൂടി ചേർത്തതു്. രണ്ടാമത്തെ ശ്ലോകത്തിൽ പൂർവ്വാർദ്ധം ഭംഗിയായിക്കഴിഞ്ഞു. ഉത്തരാർദ്ധമായപ്പോഴയ്ക്കും മൂലത്തിലുള്ളതു ചിലതെല്ലാം വേണ്ട എന്നുവച്ചു. "ചാരണദ്വന്ദ്വഗീതഃ" ഈ ഭാഗം സ്പർശിച്ചിട്ടുതന്നെയില്ല. "വശിയിവനഹോ" ഇവിടെ "വശിയിവൻ" എന്ന പദം മുറിക്കുവാൻ വളരെ എളുപ്പമാണ്. എന്നാൽ കാര്യം ഒന്നോടെ പി

ഴയ്ക്കുയും ചെയ്യും. "വശിയിവന്" എന്നു സംബന്ധികയാക്കിയില്ലെങ്കിൽ ചൊല്ലിക്കേൾപ്പൂ എന്നതിൻെറ കർത്താവായിതോന്നും. അങ്ങനെ അബദ്ധം കാണിച്ച ചില രസികന്മാരെ ഞാനറിയുന്നുമുണ്ട്. ഇങ്ങനെ ക്ലിഷ്ടതയിലുള്ള പ്രയോഗം ഒഴിക്കുന്നതല്ലേ നല്ലതു്.

"ഉദധിശ്യാമസീമാംധരിത്രീം." "അതിരുകൾക്കാഴിക്കരപ്പുറന്നഭൂവെല്ലാം." എന്നും "ആഴികൾ ചൂഴമൂഴിമുഴവൻ" എന്നും രണ്ടു തർജ്ജിമകളാണുള്ളതു്. ഭൂമിയുടെ അതിരിനു കരപ്പുറന്നു. ഇതു് ഒരു ശുദ്ധമായില്ല. ഉദധിശ്യാമസീമ എന്ന സമസ്തപദത്തെ വെട്ടിമുറിച്ച ദോഷമാണിവിടെ പററിയതു്. 'ആഴിചൂഴമൂഴി' ഇതാണു മലയാളത്തിലെ ശൈലി. "കൃത്സ്നം" എന്ന പദം രണ്ടുപേരും ഉപേക്ഷിച്ചിരിക്കയാണു്. "സുരയുവതയഃ" എന്ന പാഠമാണു് മി: വള്ളത്തോൾ സ്വീകരിച്ചിരിക്കുന്നതു്. മി: പിഷാരടി സുരസമിതയഃ എന്നും സ്വീകരിച്ചു. വിൺമങ്കമാർ എന്നും സുരസദസ്സ് എന്നും തർജ്ജിമയുംചെയ്തു. മി: പിഷാരടിയുടെ പാഠസ്വീകരണത്തെ സാധകയുക്തികൊണ്ടു സമർത്ഥിച്ച നമ്പൂരിയോടു് അല്പം അനുഭാവം കാണിക്കുന്ന മാരാർ 'വിൺനാട്ടുകാർ' എന്നു വേണമെങ്കിൽ വായിച്ചുകൊള്ളുവാൻ അനുവാദം തന്നതു ഭാഗ്യംതന്നെ. സുരസമിതിക്കു വിൺനാട്ടുകാർ എന്നായാൽ മതിയോ? 'അധിജ്യേധനുഷി' എന്നതിനു് ഒന്നിൽ 'ഉല്ലീഢജ്യം വില്ല്' എന്നും 'ധമ്പിതൻ വില്ലിലും' എന്നു മററതിലും കാണുന്നു. ഒന്നു മൂലത്തേക്കാൾ കഠിനവും മററതു് അപൂർണ്ണവുമെന്നേ പറവാനുള്ളു.

ഇങ്ങനെ രണ്ടാമങ്കം അവസാനിപ്പിക്കാം.

## എങ്ങുമേ തെണ്ടിത്തെണ്ടിയലഞ്ഞുതിരിഞ്ഞിട്ടും എങ്ങുമേ കണ്ടീലല്ലോ കാണേണ്ടതിനിയും ഞാൻ

(മിസ്റ്റിക്കുകവി.)

എങ്ങുമേ തെണ്ടിത്തെണ്ടിയലഞ്ഞുതിരിഞ്ഞിട്ടും
എങ്ങുമേ കണ്ടീലല്ലോ കാണേണ്ടതിനിയും ഞാൻ

രത്നസാനുവിൻ തുംഗശൃംഗത്തിൽ കേറിനോക്കി
പ്രത്നസാഗരത്തിന്റെ യന്തിമതലത്തിലും
അസ്തപൎവ്വതത്തിന്റെ പശ്ചിമപ്രാന്തത്തിലും
ഉച്ചൈസ്സാമുദയാദ്രി പൂൎവ്വഃമഖലയിലും
പശ്ചിമഖണ്ഡത്തിലും ദക്ഷിണാഫ്രിക്കയിലും
പക്ഷികളില്ലാത്തതാ മുത്തരധ്രുവത്തിലും
രക്ഷികൾ കാത്തുനില്ക്കും രാജധാനികളിലും
മക്ഷികപോലും കേറാക്കക്ഷികൾ തന്നിൽപോലും
അക്ഷികൾപറിയ്ക്കാതെ യക്ഷതവീര്യത്തോടും
ഭക്ഷണം വെടിഞ്ഞുഞാൻ സൂക്ഷിച്ചു നോക്കീട്ടുണ്ടു്.
അന്നൊരു നിശീഥത്തിൽ സൌധത്തിൻമുകളിൽ ഞാൻ
ഉന്നത മട്ടുപ്പാവിന്നുപരി വന്നപൊഴും
വാർമുഴത്തിങ്കൾതന്റെ കാർതൊടാത്രൂപംകണ്ടു
തേറിനേൻ കാണേണ്ടതു കണ്ടു ഞാനെന്നുതന്നെ.
ഉത്തരക്ഷണത്തിലെൻ പ്രത്യാശ കെട്ടുപോയി
സത്വരം മയിവീണ കണ്ണീരിൻ ശൈത്യത്തിനാൽ.
എങ്ങുമേ തെണ്ടിത്തെണ്ടിയേറിയകാലം ഞാനീ-
യെന്നുടെ ശരീരത്തെ വല്ലാതെ വാട്ടുന്നല്ലോ.
അമൃതം ഭക്ഷിച്ചുഞാൻ പതിനഞ്ചുനാളുകൊണ്ടു്
ക്രമമായ് പൂൎണ്ണാരോഗ്യം പ്രാപിച്ചുകഴിയുകിൽ
ഉടനെയാശയെന്നെ ഓടിച്ചു ഗൃഹംവിട്ടു്
ഉടലും പ്രാണൻപോലുമൊന്നോടെവിട്ടുംമട്ടിൽ
എന്തിനാണങ്ങിങ്ങീഞാനുഴറിനടക്കുന്നു-
സന്തതം കാണേണ്ടതു കാണുവാൻമാത്രമല്ലോ.
ഇനിയുംകണ്ടീലതു കാണുവാൻ യോഗമുണ്ടോ
ഇനിയുമെത്രനാളു കാത്തുഞാനിരിക്കണം.
ഇങ്ങനെ വിലപിച്ച ചന്ദ്രശേഖരഭൂഷാ
മംഗലമൗലിവിട്ട കണ്ണുനീർകണമത്രേ.
എന്നുടെശരീരത്തിൽ പതിച്ചെന്നാശാസൎവ്വം
ശൂന്യമായ്ത്തീൎന്നതെന്നു ഞാനപ്പോഴറിഞ്ഞു ഹാ.

# ഖദ്യോതകഥനം

(ആയാംകുടി പി. ആർ. ശങ്കരപ്പിള്ള.)

(പാന.)

സാന്ദ്രമോദം പ്രകൃതിമഹേശ്വരി
ചന്ദ്രബിംബം പണിഞ്ഞതിൽശേഷിച്ച
രേണുജാലങ്ങൾ വായുവിൽചേൎന്നിട്ടു
താണു താണു പറക്കുന്നപോലവെ,
ദേവബാലകർ "കിങ്ങിണി"പൊട്ടിച്ചു
ഭൂവിലേയ്ക്കു വിതറിയപോലവെ,
താരകാവലിവാനിൽനിന്നൊന്നിച്ചു
പാരിലേയ്ക്കു പറന്നതുപോലവെ,
ഖാണ്ഡവവന ദാഹസമയത്തു
വിണ്ണിൽവ്യാപിച്ച തീപ്പൊരിപോലവെ,
വൃത്രവൈരിതൻ വജ്രം തകൎന്നടൻ
ധാത്രിതന്നിൽ പതിയ്ക്കുന്നപോലവെ,
ഇന്ദ്രലോകത്തു കത്തിച്ച പൂവിന്റെ
സാന്ദ്രസ്വൎണ്ണഗുളികകൾപോലവെ,
ധാത്രിമണ്ഡല ദീപസമൂഹങ്ങൾ
പത്രമേന്തിപ്പറക്കുന്നപോലവെ,
യാമിനീമഹാദേവി കൊളുത്തിയ
കോമളശരറാന്തൽനിരപോലെ,
ദിവ്യനാംമൈന്ദ്രജാലികൻ രാത്രിയിൽ
ഹീരകതതി വാരിയെറിഞ്ഞപോൽ
മിന്നിമിന്നിപ്പറക്കുന്നു വാനത്തു
മിന്നൽപോലവെ മിന്നാമിനുങ്ങുകൾ.
ചിത്രപത്രം വിടൎത്തി വഴിപോലെ
ഭദ്രഭാഷണം ചെയ്തിതു ഖദ്യോതം
"പക്ഷമുള്ളതുകൊണ്ടു പതത്രികൾ
താൎക്ഷ്യവംശജരെങ്കിലും സാധുക്കൾ.
ഞങ്ങൾ ഭൂമിതൻ മംഗളതാരങ്ങൾ

ഞങ്ങളാന്ധ്യമകന്നോരു വർഗ്ഗങ്ങൾ
ഞങ്ങളേററമെളിയവരെങ്കിലും
ഞങ്ങളന്ന്യോപകാരികൾ വിശ്വത്തിൽ
ചിന്മയൻെറ വിലാസങ്ങളൊക്കവെ
നന്മയോടെ ഗ്രഹിയ്ക്കുന്നാജീവികൾ.
ദോഷഹീനരാം ഞങ്ങളീലോകത്തിൽ
ദൂഷണാസക്തിവിട്ടോരു പ്രാണികൾ.
പക്ഷിരാജൻ ഗരുഡനും ഗൃദ്ധ്റവും
ഭക്ഷണത്തിന്നു ദൂഷണംചെയ്യുന്നു.
പ്രാഭവത്തിൻക്രമത്തിനുധാത്രിയിൽ
ദൂഷണത്തിനു വൈഭവമേറുന്നു.
ഉന്നതപദപ്രാപ്തിയൊരുത്തനും
നിന്ദ്യകർമ്മങ്ങൾ ചെയ്‌വതിനല്ലല്ലോ
വിണ്ണിലോളമുയൻ്നുപറന്നാലും
മണ്ണിലല്ലയോ വന്നുചേരുന്നുനാം.
താഴ്ചയത്രേയുയർച്ചയ്ക്കുകാരണം
വീഴ്ച മുററു മുയർച്ചയിൽനിന്നുതാൻ.
ക്ഷുദ്രജീവികളത്രേപരാത്ഥമായ്
ഭദ്രകർമ്മങ്ങൾ ചെയ്‌വതുലോകത്തിൽ
മേന്മയേറുന്ന തോതിനുഭൂമിയിൽ
തിന്മ വദ്ധിച്ചുകാണുന്നു വിസ്മയം.
സൗര്യധർമ്മമീ ഞങ്ങളിൽ കാൺകയാൽ
പേരു "ഖദ്യോത"മെന്നു ലഭിച്ചപോൽ.
സൂര്യവംശത്തിൽവന്നുപിറക്കയാ-
ലാര്യധർമ്മങ്ങൾ ഞങ്ങളിൽ കാണുന്നു.
യാമിനീനടി നിത്യവും കണ്ഠത്തിൽ
ഹാരമാക്കിയണിയുന്നു ഞങ്ങളെ.
പാതിരാവിലും റാന്തലു കാണിച്ചു
പാതതോറും പറക്കുന്നു പാവങ്ങൾ
പച്ചപ്പട്ടു വിരിപ്പിൽ പരക്കവെ
പത്മരാഗം നിരത്തിയപോലവെ
പച്ചിലകളിൽ പററിപ്പിടിച്ചെങ്ങും
മെച്ചമേറുമരുണാഭചേക്കുന്നു.

കൊച്ചുപൈതങ്ങൾ പ്രീതരായ് ഞങ്ങളെ
കൊച്ചുകൈകളിൽ വെച്ചു കളിക്കുന്നു.
ചിൽപ്രകാശശകലമീ ഞങ്ങളിൽ
ചിൽസ്വരൂപൻ കലൎത്തുകകാരണം
വാനരൻപണ്ടു വ്യാമോഹവായ്പിനാൽ
വഹ്നിയെന്നോൎത്തു വാഞ്ഛിച്ചു ഞങ്ങളെ.
എത്രപാവങ്ങൾ ഞങ്ങൾ നിമിത്തമായ്
രാത്രികാലം കഴിയ്ക്കുന്നു ധാത്രിയിൽ
പൊന്മയമണിമേടകൾ തോറുമി-
ച്ചന്ദ്രകാന്തം പതിക്കുന്ന ഞങ്ങളും
സൂനഹീനലതകൾക്കു രാത്രിയിൽ
സൂനരാജിയരുളുന്നു മോദത്താൽ.
സ്വൈരസല്ലാപകേളിവിനോദങ്ങ-
ളാൎയ്യജായാപതികൾ നടത്തുമ്പോൾ
മച്ചകങ്ങളിൽ പുക്കുടൻ ഞങ്ങളു-
മിച്ഛപോലെ പ്രകാശമരുളുന്നു.
വാരിരാശിയിൽ താരകഭ്രാന്തിയാൽ
സ്ഫാരമോദം ഗഗനാഭ ചേൎക്കുന്നു.
നിമ്നഗകളിൽ സ്വൎണ്ണഗോളങ്ങൾ
നിൎമ്മലം പ്രതിച്ഛായകൾ നിൎമ്മിച്ചു,
ഭീമഹൈമനിശകളിൽ ഞങ്ങളും
ധൂമമദ്ധ്യ സ്ഫുലിംഗങ്ങൾപോലവെ
വ്യോമസീമ്നി വിളങ്ങുന്നവേളയിൽ
വ്യോമമണ്ഡലം താഴ്ന്നപോൽ തോന്നിടും
ഇന്ദ്രദിഗ്വധൂ പല്ലവഫാലത്തിൽ
ബാലഭാസ്കരചിത്രകം ചാൎത്തുമ്പോൾ
ഞങ്ങൾ ദീപംകെടുത്തി വിരവോടു
തുംഗഭക്ത്യാ പതുങ്ങി മരുവുന്നു.
വംശനാഥൻ വരുന്നതു കാണുമ്പോ-
ളംശജാതരൊതുങ്ങിവസിക്കണം.
ഉച്ചനീചത്വഭേദം ഗണിക്കാതെ
പുച്ഛഭാവം പുലൎത്തുക നന്നല്ല.
നിത്യമീ ഞങ്ങൾ നിസ്വാൎത്ഥകൎമ്മത്താൽ
ക്ഷുദ്രജീവിതം പോക്കുക കാരണം
പ്രേമവായ്പിനാലീശനരുളിനാൻ
ഹേമപത്രങ്ങൾ, സല്ക്കീൎത്തിമുദ്രകൾ.
ശിഷ്ടകൎമ്മങ്ങൾ ചെയ്യുന്നവർകളിൽ
വിഷ്ടപാധിപ തുഷ്ടി ഭവിച്ചീടും.

മർത്ത്യരേ! നിങ്ങളുൽകൃഷ്ടജീവികൾ
സ്വാർത്ഥകർമ്മങ്ങൾ ചെയ്യരുതേതുമേ.
കന്മഷാപഹ കാരുണ്യവായ്പിനു
നന്മതന്നെ തുടരണം ലോകത്തിൽ."

# ഇററലിയും അബ്സീനിയയും

(തുടർച്ച്) എൻ. എൻ.

"ആധുനികകാലത്തു വെള്ളക്കാരുടെ ഇടയിൽ ഇത്ര പരിപൂർണ്ണമായ പരാജയവും അധഃപതനവും കേട്ടുകേൾവിപോലുമില്ലെ"ന്നു് ഒരു വെള്ളക്കാരൻ അന്നു പ്രസ്താവിച്ചിരുന്നു. അബ്സീനിയയുടെ നഷ്ടപരിഹാരത്തിനു് ഇററലി 400000 പവൻ കൊടുക്കാമെന്നും, ഏതാനും ഭൂവിഭാഗങ്ങൾ അബ്സീനിയയുടെ അധികാരസീമയിൽ വിടാമെന്നും ഇററലി സമ്മതിച്ചു.

അബ്സീനിയചരിത്രത്തിൽ അതിശ്രദ്ധേയമായ ഒരു സംഭവമാണു് അഡോവ ആഹവം. പാശ്ചാത്യജനതയുടെ വീക്ഷണപഥത്തിൽ ജപ്പാൻ, റഷ്യായുദ്ധാനന്തരം എങ്ങനെ പ്രഭാവപൂർവ്വം കാണപ്പെട്ടോ അതുപോലെതന്നെ ജനതാമദ്ധ്യത്തിൽ അബ്സീനിയാ ആരാധ്യമായി. വിദേശശക്തികളുടെ പ്രതിപുരുഷന്മാർ പൂർവ്വാധികമായി അഡിസ് അബാബയിൽ സന്നിഹിതരായി. ധനലാഭലോഭത്താൽ അബ്സീനിയയുടെ ആനുകൂല്യസമ്പാദനത്തിനു് ഇവർ പരസ്പരസ്പർദ്ധികളായും തീർന്നിരുന്നു. വിദേശതാല്പര്യങ്ങളുടെ ത്വരിതഗമനം ആഫ്രിക്കയുടെ ഈ വിഭാഗത്തുണ്ടായപ്പോൾ (1906) ഇംഗ്ലണ്ടു്, ഫ്രാൻസ്, ഇററലി എന്നീ മൂന്നു ശക്തികൾ ചേർന്നു ഒരു ഉടമ്പടിയുണ്ടായി. അതിൽ അബ്സീനിയയുടെ രാജ്യവിസ്തൃതിക്കു പരിധിയും നിർണ്ണയിച്ചു. 1908-ൽ അബ്സീനിയയുടേയും ഇററാലിയൻ സോമാലിലാൻഡിൻേറയും അതിരു നിർണ്ണയിക്കുന്ന ഒരു വ്യവസ്ഥകൂടി ചെയ്തു. അതു് ഇററലി സർവ്വാത്മനാ സ്വീകരിക്കയുമുണ്ടായി. ഇന്നത്തെ കലഹത്തിനുള്ള ബീജാവാപം ഈ അതിരുകൾതന്നെയാണെന്നുള്ളതു് അത്ഭുതാവഹമല്ലേ? 1928-ൽ ഇവർതമ്മിൽ സൗഹാർദ്ദബന്ധം ദൃഢീകരിപ്പാൻ ഒരു ഉടമ്പടികൂടി ചെയ്തു. പരസ്പരമുണ്ടാകുന്ന അസ്വാരസ്യം മാദ്ധ്യസ്ഥതയിൽ പറഞ്ഞുതീർക്കേണ്ടതാണെന്നൊരു വ്യവസ്ഥയും അതിൽ കൊള്ളിച്ചിരുന്നു. ഈ ഉടമ്പടികളെല്ലാം അബ്സീനിയയോടു പകവീട്ടുവാൻ മോഹിച്ചിരുന്ന ഇററലിയുടെ സ്വാതന്ത്ര്യഹാനി വരുത്തിക്കൂട്ടി. ഈ അഹിതസ്ഥിതിയിൽനിന്നുള്ള രക്ഷയ്ക്കു് ബന്ധശൈഥില്യം വരുത്തുവാൻ ഇററലി

ഉറച്ചു. 1934 ഡിസംബരിൽ ആംഗ്ലോ എത്യോപ്യൻ കമ്മീഷൻ മുൻപേതന്നെ വ്യവസ്ഥാപിതമായ അതിരു കല്ലിട്ടു തിരിക്കുവാൻ വാൽവാലിൽ എത്തിയിരുന്നു. അനുചരരായി ഏതാനും അബ്സീനിയഭടന്മാരുമുണ്ടായിരുന്നു. യാതൊരു മുന്നറിവും കൂടാതെ ഇററാലിയൻഭടന്മാർ അവരിൽ 170 പേരെ വെടിവെച്ചു കൊന്നു. ഈ അത്യാഹിതം നടന്ന സ്ഥലം അബ്സ്നിയാക്കാരുടെ വക സ്ഥലത്തു് അറുപതുമൈൽ അകത്തോട്ടു കയറിയാണു് സ്ഥിതിചെയ്തിരുന്നതു്. എന്നിട്ടും ആ സ്ഥലം ഇററലിയുടേതെന്നു വാദിക്കയും നഷ്ടം ആവശ്യപ്പെടുകയും ചെയ്തു. ഈ കൃത്യത്തിനു് ഇടപെട്ടിട്ടുള്ള ആളുകളെ ശിക്ഷിക്കണമെന്നും ഇററലി ആവശ്യപ്പെട്ടു. അബ്സീനിയ ഇററലിയുടെ ആവശ്യത്തെ കൈക്കൊൾകയില്ലെന്നുതന്നെയല്ല തന്ത്രപരമായി ഗൗരവാവഹമായ ചില നടപടിക്കാരംഭിക്കയും ചെയ്തു. ഇററലി യുദ്ധത്തിനൊരുങ്ങി. അതിനുള്ള സാമഗ്രികളെ അത്യധികമായി അയച്ചു. അബ്സീനിയ ഈ സംഗതികളെല്ലാം ലീഗ് ആഫ് നേഷൻസിനെ അറിയിച്ചു. അബ്സീനിയ അതിലൊരു അംഗമാണല്ലോ.

അബ്സീനിയായെ കൈവശപ്പെടുത്തുന്നതിനു് ഇററലിക്കുള്ള അവകാശങ്ങളിൽ ഒന്നു സംസ്കാരപ്രചരണമെന്നു് ഇററാലിയർ അഭിമാനിക്കുന്നു. ആഭ്യന്തരസമാധാനത്തേയും ക്രമീകൃതഭരണത്തേയും നിയന്ത്രിക്കുന്നതിനു് അബ്സീനിയ അശക്തമാണു്. അതിനാൽ പലവിധ അസുഖങ്ങളും അയൽനാടുകളിൽ ഉണ്ടാകുന്നു. ഉടമ്പടിവ്യവസ്ഥകളിൽ ചിലതെല്ലാം ഇപ്പോഴും നിർവ്വഹിച്ചിട്ടില്ല. അടിമവ്യാപാരം ഇക്കാലത്തും നിലനിറുത്തിപ്പോരുന്നു. ലോകത്തോടു് അനുവർത്തിക്കേണ്ട സാമാന്യമായ ഒരു ഉത്കൃഷ്ടകർമ്മമായും അബ്സീനിയയ്ക്കു പ്രത്യേകമായ ഒരനുഗ്രഹമായും ഇററലി വിശ്വസിക്കുന്നതുകൊണ്ടു് അബ്സീനിയയെ ഭരിപ്പാനുറച്ചു. മനുഷ്യബുദ്ധിയുള്ള എല്ലാവർക്കും ഈ ന്യായങ്ങളെല്ലാം യുക്ത്യാഭാസങ്ങളെന്നോ തോന്നുകയുള്ളു എന്നിരിക്കട്ടെ. സംസ്കൃതചിത്തനായ ഇന്നത്തെ അബ്സീനിയാചക്രവർത്തിയുടെ ശ്രമഫലമായി അവിടെ പ്രസരിച്ചിരുന്ന പലവിധ അഭിവൃദ്ധികളോടും അസൂയപ്പെടുന്ന ഒരന്യായകർമ്മമെന്നേ ഇതിനെ ചിന്തിപ്പാൻ തരമുള്ളു. 1916-ൽ ആണു് റാസ്ടഫ്ഫാറി അബ്സീനിയൻ സിംഹാസനത്തിനവകാശിയെന്നനിലയിൽ ഉയർന്നതു്. ജർമ്മനിയോടു് അക്കാലത്തു് അല്പം അനുഭാവം കാണിച്ച ചക്രവർത്തിയെ ഭ്രഷ്ടനാക്കി ആ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുത്ത ഒരു രാജ്ഞിയുടെ പ്രതിപുരുഷനായും റാസ്ടഫ്ഫാറി വാണിരുന്നു. ഈ കാലത്തുണ്ടായ അവിടത്തെ സകലാഭിവൃദ്ധിയും ഇദ്ദേഹത്തിന്റെ ശ്രമഫലമാണു്. സൂക്ഷ്മദൃഷ്ടിയും ഭാവിയെ നിഗമനം ചെയ്വാൻ ശക്തനുമായ ഇദ്ദേഹം 1923-ൽ ലീഗിൽ ഒരംഗമായി. 1924-ൽ ഇദ്ദേഹം യൂറോപ്പിൽ പല പ്രധാന രാജ്യങ്ങളേയും സന്ദർശിച്ചു് അവിടത്തെ ഭരണം, സമുദായഘടന, അഭിവൃദ്ധിപ്രദമായ മററു വ്യാപാരങ്ങൾ എന്നിവയെ സവിശേഷം പഠിച്ചു. അഞ്ചുമാസക്കാലത്തെ പര്യടനശേഷം തിരിച്ചെത്തി സ്വരാജ്യ

ത്തെ ആധുനികരീതിയിൽ രൂപീകരിപ്പാൻ ശ്രമിച്ചുതുടങ്ങി. ഉൽകൃഷ്ടവിദ്യാഭ്യാസത്തിനു ബുദ്ധിമാന്മാരായ യുവാക്കന്മാരെ യൂറോപ്പിലേയ്ക്കും അമേരിക്കയിലേയ്ക്കും അയച്ചു. ഭരണകൂടത്തെ വിശാലവും ജനഹിതാനുകൂലവുമാക്കിതീർത്തു.

വിദേശികളെ ധാരാളമായി ഉദ്യോഗത്തിൽ നിയമിച്ചുതുടങ്ങി. വിദേശ രാഷ്ട്രങ്ങളുമായി ഇടപെടുന്ന വിഷയത്തിലാണു് റാസ്ടഫാറി തന്റെ ശ്രദ്ധ സവിശേഷം പതിപ്പിച്ചിരുന്നതു്. രാജ്യതൃഷ്ണയിൽ നിമഗ്നരായ യൂറോപ്യൻശക്തികളെ കഴിയുന്നതും അകററിനിറുത്തുന്നതായി കാണാൻ കഴിയും. ആശുപത്രികൾ സ്ഥാപിച്ചു് അവിടെ നർവീജിയൻഡാക്ടറന്മാരേയും നേഴ്സുകളേയും നിയമിച്ചു. പാഠശാലകൾ സ്ഥാപിച്ചു് അവിടത്തെ പ്രധാന ഉപദേഷ്ടാവായി ഒരു അമേരിക്കനെ നിയമിച്ചു. സൈന്യത്തെ നവീകരിച്ചു ബെൽജിയം സ്വീഡർ എന്നീ രാജ്യങ്ങളിൽനിന്നും ആളുകളെ വരുത്തി അവരുടെ സഹായം വരിച്ചു. അവിടത്തെ നിയമസമിതിയെ പരിഷ്ക്കരിച്ചു. സ്വിററ്സർലണ്ടിൽനിന്നും നിയമോപദേഷ്ടാക്കളെ വരുത്തി. ഇററലിക്കാരോടു് ഇദ്ദേഹത്തിനു് ഒരുവിധ മൈത്രിയുണ്ടായിരുന്നില്ലെന്നു കാണാം. ജപ്പാൻകാരോടു് അതിയായ ബഹുമാനം പ്രദർശിപ്പിച്ചിരുന്നു. വ്യാവസായികമായും വാണിജ്യപരമായും ജപ്പാൻകാക്കു പല ആനുകൂല്യങ്ങളും അബ്സീനിയ ചെയ്തു.

ഇംഗ്ലണ്ടു്, ഫ്രാൻസ് എന്നീ മഹാശക്തികൾ ഉടമ്പടിമൂലം അബ്സീനിയയോടു കടപ്പെട്ടിരിക്കുന്നു. ജപ്പാനും, ഐക്യരാജ്യവും ഇററലിയുടെ അക്രമണബുദ്ധിയോടു് അനുഭാവമുള്ളവരല്ല. ലീഗിന്റെ ആവശ്യമുണ്ടോ എന്നുള്ള ഒരു പരിശോധനയും ഈ അവസരത്തിൽ സാധിക്കുന്നതാണു്. യുദ്ധം തുടങ്ങുക എന്നുള്ളതു് ഇററലി ഉറച്ച ഒരു കാര്യമാണു്. ബന്ധുഭാവം നടിക്കുന്ന മഹാശക്തികളുടെ തനിനിറം നമുക്കപ്പോൾ കാണാം.

## സുഖം

(വിദ്വാൻ എൻ. കെ. കൃഷ്ണൻനായർ.)

മനുഷ്യനെ മററുജീവികളിൽനിന്നും വേർതിരിക്കുന്നതു്, അഥവാ ഉൽകൃഷ്ടനാക്കുന്നതു് അവന്റെ വിശേഷബുദ്ധിയാണു്. മൃഗങ്ങളെപ്പോലെ ആഹാരാദി ചതുഷ്ടയംകൊണ്ടുമാത്രം തൃപ്തിപ്പെടാതെ അവൻ ഏതോ കാര്യലാഭത്തിനായി സദാ ആഗ്രഹിക്കുന്നു. ആലോചിക്കുന്നു, അന്വേഷിക്കുന്നു, ശ്രമിക്കുന്നു. ആ കാര്യം എന്തു്? അവന്റെ സുഖം. വിദ്യാഭ്യാസം, ഉദ്യോഗപ്രവേശനം, കൈത്തൊഴിൽ, വ്യവസായപ്രവത്തനം, ധനസമ്പാദനം, എന്നുവേണ്ട, അവൻ ലോകത്തിൽ ചെയ്യുന്ന സകല പ്രവൃത്തികളുടെ

യും ഉദ്ദേശം ആ സുഖലാഭം ഒന്നുമാത്രമാകുന്നു. പ്രവൃത്തികൾക്കു പ്രേരിപ്പിക്കുന്നതും, ജീവിതത്തിൽ ആശകൊടുക്കുന്നതും, ക്ലേശങ്ങൾ സഹിക്കുന്നതും എല്ലാം ആ സുഖപ്രാപ്തിക്കായിട്ടാണ്.

എന്നാൽ ഇത്ര കാമ്യവും അനർഘവുമായ സുഖം എന്താണ്? അതു് എവിടെ സ്ഥിതിചെയ്യുന്നു? എന്നു് അധികംപേരും ശരിയായി അറിയുന്നില്ല. സുഖത്തിന്റെ ഇരിപ്പിടം ബാഹ്യപദാർത്ഥങ്ങളിലാണെന്നു് ഒരു കൂട്ടർ ഭ്രമിക്കുന്നു. അതുശരിയോ? അല്ല; എന്തെന്നാൽ രമ്യഹർമ്മ്യങ്ങളിൽ നിവസിക്കുന്ന ധനവാന്മാരും രോഗംവരുമ്പോൾ ക്ലേശിക്കുന്നു. ബന്ധുനാശത്തിൽ സങ്കടപ്പെടുന്നു, ബാഹ്യവസ്തുക്കളിൽനിന്നുമുള്ള സുഖത്തിനു് യാതൊരു കുറവും ഇല്ലാതിരിക്കുന്ന അവസ്ഥയിലും അവർ ദുഃഖിതരായി കാണപ്പെടുന്നു, അതിനാൽ സുഖം ബാഹ്യപദാർത്ഥസ്ഥിതമല്ലെന്നു സ്പഷ്ടം.

യഥാർത്ഥമായ സുഖാനുഭവം മനസ്സിലാണ്. വേദാന്തം സുഖത്തെ രണ്ടായിതരംതിരിച്ചിരിക്കുന്നു. ബാഹ്യം (ശാരീരികം) ആന്തരം (ആദ്ധ്യാത്മികം) എന്നാണു ആ വിഭാഗങ്ങൾ. പഞ്ചേന്ദ്രിയങ്ങളുടെ വിഷയം ബാഹ്യവസ്തുക്കളിലെ തൃഷ്ണയാണ്. തൃഷ്ണ സാധിക്കുമ്പോൾ താൽക്കാലികമായ ഒരു സന്തോഷം മനസ്സിനുണ്ടാവും, അതാണു ബാഹ്യസുഖം. എന്നാൽ ഒന്നിനെത്തുടർന്നു വേറൊന്നു, വീണ്ടും മറ്റൊന്നു ഇപ്രകാരം തൃഷ്ണ ഒന്നിനൊന്നുതുടർന്നുവരുന്നതിനാൽ ഒരിക്കലും സ്ഥിരമായ സുഖം ലഭിക്കുകയൊ, സുഖാശ അവസാനിക്കയൊ ചെയ്യുന്നില്ല; മാത്രമല്ല, തന്മൂലം ദുഃഖം ജനിക്കയും ചെയ്യുന്നു. അതിനാലത്രെ "തൃഷ്ണാർത്തിപ്രഭവം ദുഃഖം" എന്നു ഭാരതത്തിൽ പറഞ്ഞിട്ടുള്ളതു്.

ബാഹ്യവസ്തുക്കളിലല്ല, നമ്മുടെ മനസ്സിലാണ് സുഖം സ്ഥിതിചെയ്യുന്നതു്. "സർവ്വംപരവശം ദുഃഖം സർവ്വാത്മവശം സുഖം" എന്നു് മനുസ്മൃതി ഘോഷിക്കുന്നു. അതുതന്നെയാണ് "സ്ഥിരമാത്മനിബന്ധനം സുഖം പരതന്ത്രം സുഖമൊക്കെ ദുഃഖമാം" എന്നു് മഹാകവി കുമാരനാശാൻ പറഞ്ഞിട്ടുള്ളതും. ദുഃഖകാരണങ്ങളായ തൃഷ്ണകളെ ത്യജിച്ചു് ധർമ്മാനുസാരം കർമ്മം ചെയ്താൽ ആദ്ധ്യാത്മികസുഖം ലഭിക്കും. 'സുഖമെന്നതു് മനുഷ്യനിലുള്ള പ്രയത്നശക്തിയുടെ ഫലമാണെ'ന്നു് അരിസ്റ്റോട്ടൽ പറയുന്നു. ആദ്ധ്യാത്മികസുഖോന്മുഖമായ പ്രയത്നമത്രെ യഥാർത്ഥകർമ്മം.

സുഖം ദുഃഖത്തിൽനിന്നും വേർപെട്ടതല്ല. അവ ഏകവസ്തുവിന്റെ രണ്ടുഭാഗങ്ങളാകുന്നു. 'ദുഃഖാർത്തിപ്രഭവം സുഖം' എന്നും, 'ദുഃഖസ്യാനന്തരം സുഖം' എന്നും, പണ്ഡിതമതം ഇതുതന്നെയാണ്. 'സുഖം സുഖേനാപിനജാതുലഭ്യം ദുഃഖേനസാധ്വീ!ലഭതേസുഖാനി' എന്നു പാഞ്ചാലി സത്യഭാമയോടു പറയുന്നതും ഈ തത്വത്തെ സ്ഥിരപ്പെടുത്തുന്നു. ദുഃഖാവസ്ഥയിൽ മനുഷ്യൻ മനസ്സമാധാനത്തിനായി ശ്രമിക്കുന്നു. ശരീരവ്യാധിക്കു് ഏറ്റവും പറ്റിയ ചികിത്സ മനസ്സമാധാനമാണ്. ഐഹികങ്ങളായ സകല ദുഃഖങ്ങൾക്കും കാരണം ദ്രവ്യവും സുഖവും ഒന്നാണെന്നുള്ള തെറ്റായ വിശ്വാസമാകുന്നു. ദ്രവ്യാഗ്രഹികൾക്കു ഒരിക്കലും മനസ്സമാധാനം (ശാന്തി) ഉണ്ടാകുകയില്ല. ശാന്തിയിൽകുറച്ചെങ്കിലും വിശ്വാസമുള്ളതു നി

ർശനന്മാരുടെ ഇടയിലാണ്. ഒരുവൻ മനസ്സമാധാനത്തിനായ് വിശ്രമം നേടേണ്ടതു അവൻെറ ആത്മാവിലാകുന്നു. അപ്പോൾ ഭൂതകാലകർമ്മങ്ങളെ അവൻ വിവേചിക്കുന്നു. സ്വാപരാധനകളേയും ധർമ്മവിലോപങ്ങളേയും അവൻ കണ്ടുപിടിക്കുന്നു. കർമ്മഫലത്തിലും ഈശ്വരമാഹാത്മ്യത്തിലും അവനു വിശ്വാസം ജനിക്കുന്നു; മാത്രമല്ല പ്രപഞ്ചം ഈശ്വരശക്തിയാകുന്ന ഏകനിൽ ലീനമാണെന്നും അവൻ ഗ്രഹിക്കുന്നു. തന്മൂലം മനസ്സമാധാനം ഉണ്ടാവുകയും, ദുഃഖം അവനിൽ സുഖമായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. ഇതുകൊണ്ടുതന്നെയായിരിക്കാം "ആഴമുള്ള ദുഃഖമാണു മഹാന്മാരുടെ വിദ്യാലയം' എന്നു നെപ്പോളിയൻ പറഞ്ഞിട്ടുള്ളതു ഒരുവനു ദോഷംചെയ്യുന്നതു അവൻതന്നെയാണ തൻെറ കുററംകൊണ്ടല്ലാതെ യാതൊരു ദുഃഖവും ഒരുവനു സംഭവിക്കുകയില്ല.

സുഖദുഃഖങ്ങൾ മാറിമാറി സംഭവിച്ചുകൊണ്ടിരിക്കും. "കസ്യൈകാന്തം സുഖമുപനതാം ദുഃഖമേകാന്തതോവാ നീചൈർഗ്ഗച്ഛത്യുപരിചദശാ ചക്രനേമിക്രമേണ' എന്നാണു കാളിദാസമഹാകവിയുടെ മതം. സംതൃപ്തിയും സന്തുഷ്ടിയുമാണു സുഖത്തിനു നിദാനങ്ങൾ. നിത്യതൃപ്തനാണു യഥാർത്ഥധനവാൻ. സന്തുഷ്ടചിത്തനാണു നിത്യസുഖി; അവനു ദുഃഖത്തിൽ താഴ്ചയൊ, സുഖത്തിൽ ഉയർച്ചയൊ തോന്നുകയില്ല. വെള്ളത്തിൽകിടന്നാലും കരിങ്കല്ലിനുള്ളിൽ വെള്ളം കയറാത്തതുപോലെ യാതൊരു ദുഃഖത്തിനും അവരുടെ മനസ്സു വിധേയമാകുകയില്ല. അവരാണു മനോരാജ്യത്തെ സ്വച്ഛാനുസരണം ഭരിക്കുന്ന മഹാന്മാർ.

മനുഷ്യരെല്ലാം സുഖത്തെ തേടി ദുഃഖത്തെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതായിട്ടാണു കാണുന്നതു്. കഴിഞ്ഞതിനെക്കുറിച്ചു ദുഃഖിക്കാതെയും വരാനിരിക്കുന്നതോർത്തു ഭയപ്പെടാതെയും ജീവിതം നയിക്കണമെന്നുള്ള സാരോപദേശം അവർ അനുസരിക്കുന്നില്ല. നാം ഭൂതകാലത്തിൽ അനുഭവിച്ച സുഖങ്ങളെ ഓർക്കുന്നു. അതൊക്കെവിട്ടു അതൊന്നുമില്ലാത്ത തല്ക്കാലാവസ്ഥയിലേയ്ക്കു പോന്നല്ലോ എന്നു കുണ്ഠിതപ്പെടുന്നു. മാത്രമല്ല, തല്ക്കാലാവസ്ഥയിൽ അനുഭവിക്കാൻ ആഗ്രഹിക്കുന്ന സുഖങ്ങൾ ലഭ്യമാകുന്നില്ലല്ലൊ എന്നുള്ള വിചാരം നമ്മുടെ മനസ്സിനെ സദാ പീഡിപ്പിക്കയും ചെയ്യുന്നു. ഈ വിഷമാവസ്ഥയിൽ ദുഃഖശാന്തിക്കായി നാം ഓരോ പ്രവൃത്തികളിൽ ഏർപ്പെടുന്നു. പക്ഷെ ദുഃഖത്തെ അമർത്തുന്നതിനു ഏററവും പററിയ മാർഗ്ഗം തത്വചിന്തയാണെന്നു അധികംപേരും അറിയുന്നില്ല. ചിന്ത സാരോപദേശം ചെയ്യുന്ന ഒരു ചെങ്ങാതിയാകുന്നു. സകല ഭൂതങ്ങളേയും സമമായി വിചാരിച്ചു, സകല പ്രതികളേയും അഭേദമായി സ്നേഹിച്ചു, തങ്ങളുടെ സ്നേഹത്തെ ലോകംമുഴുവൻ വ്യാപരിപ്പിച്ചു, സന്തുഷ്ടിയും സംതൃപ്തിയും സമ്പാദിക്കുകയത്രെ സുഖാനുഭവത്തിനുള്ള ഏകമാർഗ്ഗം.